2025 NOVEMBER 14

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122




# തിരിച്ചറിഞ്ഞു: അമേരിക്കയിൽ വിദഗ്ധ ജോലിക്കാർ ഇല്ല, വിദഗ്ധരെ കൊണ്ടു വരേണ്ടത് ആവശ്യമാണെന്നു ട്രംപ്



## അഭിമാനകരമായ നേട്ടങ്ങളുമായി ഫോമാ മുന്നോട്ട്: ബേബി മണക്കുന്നേൽ


SPECTRUM
AUTO
Exceeding Perfection
SPECTRUM AUTO INC
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS I-CAR
PLATINUM I-CAR
5.0 average rating
OEM CERTIFICATIONS
HONDA CERTIFIED
HYUNDAI
RAM
INFINITI
ACURA CERTIFIED
CHRYSLER
DODGE
Jeep
KIA
FIAT
NISSAN
GT-R CERTIFIED COLLISION REPAIR PROVIDER
gm COLLISION REPAIR NETWORK
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994



# തിരിച്ചറിഞ്ഞു: അമേരിക്കയിൽ വിദഗ്ധ ജോലിക്കാർ ഇല്ല,

## വിദഗ്ധരെ കൊണ്ടു വരേണ്ടത് ആവശ്യമാണെന്നു ട്രംപ്

emalayalee.com

യുഎസിൽ വേണ്ടത്ര വിദഗ്ധ ജോലിക്കാർ ഇല്ലെന്നും വിദേശിയരെ കൊണ്ടു വരേണ്ടത് ആവശ്യമാണെന്നും പ്രസിഡന്റ് ഡോണൾഡ് ട്രംപ്. വിദഗ്ധരെ കൊണ്ടുവരാനുള്ള എച്-1ബി വിസ പദ്ധതിക്കു തടയിട്ട് $100,000 ഫീ ചുമത്തിയ ട്രംപ് രണ്ടു മാസം കഴിയുമ്പോൾ ആ നിലപാട് തിരുത്തിയത് ഫോക്സ് ന്യൂസിൽ ലോറ ഇൻഗ്രഹാമുമായി സംസാരിക്കുമ്പോൾ ആയിരുന്നു.

നിർമാണത്തിലും പ്രതിരോധ ആവശ്യങ്ങൾക്കുമുള്ള സങ്കീർണ ജോലികൾക്കു തൊഴിലില്ലാത്ത അമേരിക്കക്കാരെ പരിശീലിപ്പിച്ചെടുക്കാൻ കഴിയില്ലെന്നു ട്രംപ് സമ്മതിച്ചു.

‘നമുക്ക് വേണ്ടത്ര മികവുള്ള ജോലിക്കാരുണ്ടല്ലോ‘ എന്ന് ഇൻഗ്രഹാം പറഞ്ഞപ്പോൾ ട്രംപ് പ്രതികരിച്ചു: ‘ഇല്ല. നമുക്ക് ചില വിദഗ്ധർ ഇല്ല. ആളുകൾ പഠിക്കേണ്ടതുണ്ട്. തൊഴിലില്ലാത്തവരുടെ നിരയിൽ നിന്നു ആളുകളെ വിളിച്ചു ’ഞാൻ നിങ്ങളെ ഫാക്ടറിയിലേക്കു അയക്കുന്നു, മിസൈൽ ഉണ്ടാക്കണം’ എന്നു പറഞ്ഞാൽ അത് നടക്കുന്ന കാര്യമല്ല.‘

ജോർജിയയിൽ വിദഗ്ധരായ വിദേശിയരെ നീക്കം ചെയ്തതു മൂലം സങ്കീർണമായ ഉത്പന്നങ്ങൾ ഉണ്ടാക്കാൻ ബുദ്ധിമുട്ടുണ്ടായെന്നു ട്രംപ് ചൂണ്ടിക്കാട്ടി. ‘ജീവിതകാലം മുഴുവൻ ബാറ്ററി ഉണ്ടാക്കിയിരുന്നവരെ സൗത്ത് കൊറിയയിൽ നിന്നു കൊണ്ടുവന്നിരുന്നു. വളരെ അപകടകരവും സങ്കീർണവുമായ ജോലിയാണത്. ആദ്യഘട്ടത്തിൽ 500-600 ആളുകൾ ബാറ്ററി ഉണ്ടാക്കാനും മറ്റുള്ളവരെ പഠിപ്പിക്കാനും എത്തിയിരുന്നു.‘

അനധികൃതരെ തേടി നടത്തിയ റെയ്‌ഡിൽ പിടികൂടി തടവിലിട്ട കൊറിയക്കാർ ഹ്യൂണ്ടായ്-എൽ ജി എനർജി സൊല്യൂഷനിൽ ജോലി ചെയ്തിരുന്നവരാണ്. ഐസിന്റെ അമിത ഉന്മേഷം മൂലം സൗത്ത് കൊറിയയോടു യുഎസിനു മാപ്പു ചോദിച്ചു പ്രശ്നം ഒതുക്കേണ്ടി വന്നു.




സൗത്ത് കൊറിയയുടെ വമ്പൻ നിക്ഷേപം മുടങ്ങും എന്ന വസ്തുത ട്രംപ് ഉൾക്കൊണ്ടു എന്നും കരുതണം.

അദ്ദേഹം പറഞ്ഞു: 'ഒരു രാജ്യം വന്നു $10 ബില്യൺ ഇറക്കി വ്യവസായം തുടങ്ങിയിട്ടു അഞ്ചു വർഷമായി തൊഴിലില്ലാത്ത അമേരിക്കക്കാരെ വിളിച്ചു മിസൈലുണ്ടാക്കാം എന്നു പറഞ്ഞാൽ നടക്കുന്ന കാര്യമല്ല.'

അമേരിക്കക്കാർക്കു വേതനം ഉയർത്തണമെന്നു ട്രംപ് പറഞ്ഞു. എന്നാൽ യുഎസിന്റെ വ്യവസായങ്ങൾക്കും സാങ്കേതിക രംഗത്തുമുള്ള മുൻതൂക്കം നിലനിർത്താൻ വിദേശ വിദഗ്ദ്ധരെ കൊണ്ടുവന്നേ തീരൂ.

എച്-1 ബി വിസയിൽ പരമാവധി എത്തുന്നത് ഇന്ത്യക്കാരാണ്. സെപ്റ്റംബറിൽ ട്രംപ് $100,000 ഫീ കൊണ്ടുവന്നതോടെ ഏറ്റവും ആശങ്ക ഉയർന്നത് ഇന്ത്യയിലാണ്

വിദേശ വിദ്യാർത്ഥികൾ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തെ സാമ്പത്തികമായി ശക്തമായി നിലനിർത്തുന്നുവെന്നാണ് ട്രംപിന്റെ പുതിയ പരാമർശം. ഫോക്സ് ന്യൂസിനോട് സംസാരിക്കവെയാണ് മാഗ (മേക്ക് അമേരിക്ക ഗ്രേറ്റ് എഗെയ്ൻ) എന്ന സ്വന്തം അജണ്ടയെ എതിർത്ത് ട്രംപ് എതിർത്ത് സംസാരിച്ചത്. അമേരിക്കൻ സർവകലാശാലകളിൽ പഠിക്കാൻ വിദേശ വിദ്യാർത്ഥികളെ അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ചൈനയിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെ എണ്ണം കുത്തനെ കുറയുന്നത് അമേരിക്കയിലെ പകുതിയോളം കോളജുകളെ അടച്ചുപൂട്ടലിലേക്ക് നയിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

'ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും നമ്മുടെ രാജ്യത്തേക്ക് വരുന്ന പകുതിയോളം ആളുകളെ, പകുതിയോളം വിദ്യാർത്ഥികളെ ഒഴിവാക്കി നമ്മുടെ മുഴുവൻ സർവ്വകലാശാല-കോളജ് സംവിധാനത്തെയും നശിപ്പിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ, ഇല്ലല്ലോ? എനിക്കും അത് ചെയ്യാൻ താൽപ്പര്യമില്ല.ലോകവുമായിഒത്തുപോകാൻ ഞാൻ ആഗ്രഹിക്കുന്നുവെന്നും ട്രംപ് ഫോക്സ് ന്യൂസ് അവതാരക ലോറ ഇൻഗ്രാമിനോട് പറഞ്ഞു.

എന്തുകൊണ്ടാണ് വിദേശ രാജ്യങ്ങളിൽ നിന്നും പ്രത്യേകിച്ച് ചൈനയിൽ നിന്നും വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കാത്തതെന്ന ചോദ്യത്തിന്, അങ്ങനെ ചെയ്യുന്നത് അമേരിക്കൻ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന് സാമ്പത്തിക നഷ്ടമുണ്ടാക്കുമെന്നും, ചരിത്രപരമായി കറുത്ത വർഗ്ഗക്കാർക്കായുള്ള സ്ഥാപനങ്ങൾ ഉൾപ്പെടെ ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിലേക്ക് നയിക്കുമെന്നും ട്രംപ് പറഞ്ഞു.

'വിദ്യാർത്ഥികളിൽ നിന്ന് കോടിക്കണക്കിന് ഡോളറാണ് നമുക്ക് ലഭിക്കുന്നത്. മിക്ക വിദേശ രാജ്യങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾ ഇരട്ടിയിലധികം പണം നൽകുന്നുണ്ട്. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം അഭിവൃദ്ധി പ്രാപിക്കണമെന്ന് ആഗ്രഹിക്കുന്നു. എനിക്കവരെ വേണം എന്നതുകൊണ്ടല്ല, മറിച്ച് ഞാനിതിനെ ഒരു ബിസിനസായാണ് കാണുന്നത്.' ട്രംപ് പറഞ്ഞു.


MALABAR
GOLD & DIAMONDS
Malabar
with you in all your
Celebrations
FREE
CASH
VOUCHERS
On Every Purchase of Diamond
& Precious Gem Jewellery*
*Offer valid until 20th October 2025
*Terms & Conditions apply.

# ബിഹാറിൽ എക്സിറ്റ് പോൾ പ്രവചനങ്ങളും കടന്ന് എൻഡിഎ മുന്നേറ്റം;

## സ്വപ്നങ്ങൾ തകർന്ന് മഹാസഖ്യം




പട്ന: ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ പ്രവചനങ്ങൾക്കപ്പുറത്ത് എൻഡിഎയുടെ കുതിപ്പ്. വോട്ടെണ്ണൽ ആരംഭിച്ച് മണിക്കൂറുകൾക്കുള്ളിൽ തന്നെ ബിജെപി നേതൃത്വം നൽകുന്ന എൻഡിഎ കേവല ഭൂരിപക്ഷം (122 സീറ്റ്) മറികടന്നു. തൊട്ടുപിന്നാലെ എക്സിറ്റ് പോൾ പ്രവചനങ്ങൾക്കും അപ്പുറത്തേക്ക് എൻഡിഎ മുന്നേറ്റം. വോട്ടെണ്ണൽ അവസാന ഘട്ടത്തിലേക്ക് അടുക്കവെ എൻഡിഎ 202 സീറ്റിലും ഇന്ത്യാ സഖ്യം 39 സീറ്റുകളിലും മുന്നിട്ടുനിൽക്കുകയാണ്. പ്രശാന്ത് കിഷോറിന്റെ ജൻ സുരാജ് പാർട്ടി 1, മറ്റുള്ളവർ 5 എന്നിങ്ങനെയാണ് ലീഡ് നില.

എക്സിറ്റ് പോളുകൾ പരമാവധി 167 സീറ്റുകളാണ് എൻഡിഎയ്ക്ക് പ്രവചിച്ചിരുന്നത്. ആർജെഡി നേതൃത്വം മഹാസഖ്യം കുറഞ്ഞത് 70 സീറ്റുകൾ പിടിക്കുമെന്നും എക്സിറ്റ് പോളുകൾ പ്രവചിച്ചിരുന്നു. എന്നാൽ ‘ എക്സാറ്റ് പോളിൽ‘ എൻഡിഎ പ്രവചനങ്ങൾക്ക് അപ്പുറത്തേക്ക് കുതിച്ചപ്പോൾ മഹാസഖ്യത്തിന് 50 സീറ്റുകൾക്ക് അപ്പുറത്തേക്ക് പോലും ലീഡ് ചെയ്യാനായിട്ടില്ല.

ബിജെപി തങ്ങളുടെ ബിഹാറിലെ തെരഞ്ഞെടുപ്പ് ചരിത്രത്തിലെ ഏറ്റവും വലിയ വിജയത്തിലേക്കാണ് അടുക്കുന്നത്.

സംസ്ഥാനത്തെ 46 കേന്ദ്രങ്ങളിലാണ് വോട്ടെണ്ണൽ. പ്രതിപക്ഷത്തായിരുന്നിട്ടും ‘ഏറ്റവും വലിയ ഒറ്റക്കക്ഷി‘ എന്ന് സ്വയം അഭിമാനിച്ചിരുന്ന ആർജെഡി, 140ലധികം സീറ്റുകളിൽ മത്സരി

ച്ചെങ്കിലും നാൽപ്പതിൽ താഴെ സീറ്റുകളിൽ മാത്രമാണ് മുന്നിട്ട് നിൽക്കുന്നത്. 61 സീറ്റുകളിൽ മത്സരിക്കുകയും പലയിടത്തും സഖ്യകക്ഷികളുമായി സൗഹൃദ മത്സരം നടത്തുകയും ചെയ്ത കോൺഗ്രസ് പത്തിൽ താഴെ സീറ്റുകളിലേക്ക് ഒതുങ്ങുന്ന ലക്ഷണമാണ് കാണിക്കുന്നത്. എട്ടിടത്ത് മാത്രമാണ് കോൺഗ്രസ് ലീഡ് ചെയ്യുന്നത്. 2020 ൽ നടന്ന നിയമസഭ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് 70 സീറ്റുകളിലാണ് മത്സരിച്ചിരുന്നത്. 19 സീറ്റുകളിൽ വിജയിച്ചു. അന്ന് കോൺഗ്രസിന് ആകെ ലഭിച്ച വോട്ടു വിഹിതം 9. 48 ശതമാനമായിരുന്നു. എന്നാൽ ഇത്തവണ രാഹുൽഗാന്ധിയുടെ റാലിയുടെയെല്ലാം മികവിൽ കൂടുതൽ സീറ്റുകൾ വിജയിക്കാനാകുമെന്നായിരുന്നു കോൺഗ്രസിന്റെ പ്രതീക്ഷ.ഇത്തവണ കോൺഗ്രസ് സംസ്ഥാനത്തെ പ്രമുഖരെയെല്ലാം സ്ഥാനാർത്ഥികളാക്കിയിരുന്നു.

നിലവിൽ ലീഡ് നിലയിൽ എൻഡിഎ കേവല ഭൂരിപക്ഷം പിന്നിട്ടിരിക്കുകയാണ്.

മഹുവ മണ്ഡലത്തിൽ ലാലു പ്രസാദ് യാദവിന്റെ മകൻ തേജ് പ്രതാപ് യാദവ് മുന്നിട്ടു നിൽക്കുന്നു.ഇന്ത്യ സഖ്യത്തിന്റെ ഉപമുഖ്യമന്ത്രി സ്ഥാനാർഥി മുകേഷ് സാഹ്നിക്കും പാർട്ടിക്കും തിരിച്ചടി നേരിടുകയാണ്. എൻഡിഎയുടെ ഭാഗമായ ചിരാഗ് പാസ്വാനും നേട്ടമുണ്ടാക്കാനായില്ല. അസദുദ്ദീൻ ഒവൈസിയുടെ ഓൾ ഇന്ത്യ മജ്‌ലിസ്-ഇ-ഇത്തിഹാദുൽ മുസ്ലിമീൻ (എഐഎംഐഎം) മൂന്ന് ഇടത്ത് ലീഡ് ചെയ്യുകയാണ്.

ഈ ട്രെൻഡുകൾ ഫലങ്ങളായി മാറുകയാണെങ്കിൽ, തുടർച്ചയായ രണ്ടാം തെരഞ്ഞെടുപ്പിലും ജെഡിയുവിനെ ബിജെപി മറികടക്കും. ഇത് ബിജെപി അണികൾക്കിടയിൽ ‘സ്വന്തമായി മുഖ്യമന്ത്രി‘ വേണമെന്ന ആവശ്യം ഉയർത്താൻ കാരണമായേക്കാം. പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ഇതുവരെ ഈ വിഷയത്തിൽ വ്യക്തമായ നിലപാട് എടുത്തിട്ടില്ല. രാജ്യഭയിൽ ഭൂരിപക്ഷമില്ലാത്ത ബിജെപിക്ക്, നിലനിൽപ്പിനായി ജെഡിയു, ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവിൻറെ ടിഡിപി തുടങ്ങിയ സഖ്യകക്ഷികളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യത്തിൽ, ‘ബിഹാറിൽ എൻഡിഎയെ നയിക്കുന്നത് നിതീഷ് കുമാറാണ്‘ എന്ന നിലപാടാണ് അവർ സ്വീകരിച്ചിരുന്നത്.





# ഡൽഹി സ്ഫോടനം: അൽ – ഫലാഹ് യൂണിവേഴ്സിറ്റി, 'വൈറ്റ് കോളർ' ഭീകരവാദ കേന്ദ്രം

**എ.എസ് ശ്രീകുമാർ**

ഇന്ത്യയെ നടുക്കിയ ഡൽഹി ചെങ്കോട്ട കാർബോംബ് സ്ഫോടനത്തിന്റെ ഗൂഢാലോചന നടന്നത് ഹരിയാനയിലെ അൽ-ഫലാഹ് യൂണിവേഴ്സിറ്റി കാമ്പസിലെ ഒരു സാധാരണ ഹോസ്റ്റൽ മുറിയിൽ. ആൺകുട്ടികളുടെ ഹോസ്റ്റലായ 17-ാം നമ്പർ കെട്ടിടത്തിലെ 13-ാം നമ്പർ മുറിയിൽ വച്ചാണ് ഡോക്ടർമാർ 'വൈറ്റ് കോളർ' ഭീകരാക്രമണത്തിന് പദ്ധതിയിട്ടത്. ഈ മുറി ഭീകര മൊഡ്യൂളിന്റെ രഹസ്യ മീറ്റിംഗ് പോയിന്റായി പ്രവർത്തിച്ചിരുന്നുവെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. മുറി കശ്മീരിലെ പുൽവാമ സ്വദേശിയായ ഡോ. മുസമിലിന്റേതായിരുന്നു. 13-ാം നമ്പർ മുറിയിലാണ് മറ്റ് തീവ്രവാദികളായ ഡോക്ടർമാരുമായി ഇയാൾ കൂടിക്കാഴ്ച നടത്തുകയും ഡൽഹിയിലും സമീപ സംസ്ഥാനങ്ങളിലും ഏകോപിപ്പിച്ച സ്ഫോടനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തതെന്നാണ് റിപ്പോർട്ട്.

ഡിസംബർ 6-ന് ബാബറി മസ്ജിദ് തകർത്തതിന്റെ വാർഷികത്തോടനുബന്ധിച്ചാണ് സ്ഫോടനങ്ങൾ ആസൂത്രണം ചെയ്തിരുന്നത്. 13-ാം നമ്പർ മുറിയിൽ നിന്ന് രാസവസ്തുക്കളുടെ അവശിഷ്ടങ്ങളും കണ്ടെത്തിയിരുന്നു. അമോണിയം നൈട്രേറ്റും ചെറിയ അളവിലുള്ള മെറ്റാലിക് ഓക്സൈഡുകളും കലർത്തിയാണ് സ്ഫോടക വസ്തുക്കൾ തയ്യാറാക്കിയതെന്ന് സംശയിക്കുന്നു. സർവകലാശാലയുടെ ലബോറട്ടറിയിൽ നിന്ന് ഹോസ്റ്റൽ മുറിയിലേക്ക് രഹസ്യമായി കെമിക്കലുകൾ എങ്ങനെ എത്തിക്കണം എന്നതിനെക്കുറിച്ചും സംഘം ചർച്ച ചെയ്തിരുന്നതായി അന്വേഷണ ഉദ്യോഗസ്ഥർ കരുതുന്നു. ഇലക്ട്രോണിക് ഉപകരണങ്ങളും, പെൻഡ്രൈവുകളും കണ്ടെടുത്ത ഈ മുറി പോലീസ് സീൽ ചെയ്തിട്ടുണ്ട്.

സ്ഫോടനം നടക്കുന്നതിന്റെ ഒരു ദിവസം മുൻപാണ്, അൽ-ഫലാഹ് സർവകലാശാലയിൽ തന്നെ ജോലി ചെയ്തിരുന്ന ഡോ. മുസമ്മിൽ ഷക്കീലിന്റെ വാടക വീട്ടിൽ നിന്ന് 2,900

കിലോഗ്രാംഐ.ഇ.ഡി(ഇമ്പ്രോവൈസ്ഡ് എക്സ്പ്ലോസീവ് ഡിവൈസ്) നിർമ്മാണ സാമഗ്രികൾ പിടിച്ചെടുത്തത്. ഡൽഹിയിലും ഉത്തർപ്രദേശിലും ഭീകരാക്രമണ പരമ്പരകൾ ആസൂത്രണം ചെയ്തിരുന്നത് ഈ മുറിയിലിരുന്നാണെന്നും അന്വേഷണ സംഘം പറയുന്നു. കഴിഞ്ഞ തിങ്കളാഴ്ചയാണ് ഡൽഹിയിലെ ചെങ്കോട്ടയ്ക്ക് സമീപം വെളുത്ത ഹ്യുണ്ടായ് ഐ-20 കാർ പൊട്ടിത്തെറിച്ച് 13 പേർ കൊല്ലപ്പെടുകയും 30 പേർക്ക് പരിക്കേൽക്കുകയും ചെയ്തത്. ചാവേറായ ഡോ. ഉമർ മുഹമ്മദ് കൊല്ലപ്പെട്ടതിന് പിന്നാലെയാണ് രഹസ്യങ്ങൾ പുറത്തുവന്നത്. അൽ-ഫലാഹ് യൂണിവേഴ്സിറ്റി ആൻഡ് ഹോസ്പിറ്റലിൽ ജോലി ചെയ്തിരുന്നയാളാണ് ഉമർ.

സ്ഫോടനത്തിന് പിന്നാലെ യൂണിവേഴ്സിറ്റിയിലുണ്ടായിരുന്ന മറ്റ് കൂട്ടാളികളും പിടിയിലായിട്ടുണ്ട്. എന്നാൽ സ്ഫോടനവുമായി ബന്ധമില്ലെന്നും അറസ്റ്റിലായവർ സർവകലാശാലയിൽ ജോലി ചെയ്യുന്നവർ മാത്രമാണെന്നും അൽ ഫലാഹ് സർവകലാശാല വ്യക്തമാക്കുന്നു. ആരോപണങ്ങളിൽ പറയുന്ന തരത്തിലുള്ള രാസവസ്തുക്കളോ മറ്റു സാമഗ്രികളോ സർവകലാശാലയിൽ ഉപയോഗിക്കുകയോ സൂക്ഷിക്കുകയോ ചെയ്യുന്നില്ലെന്നും വിദ്യാർത്ഥികളുടെ പരിശീലനത്തിന് മാത്രമാണ് സർവ്വകലാശാല ലാബുകൾ ഉപയോഗിക്കുന്നതെന്നും അധികൃതർ പറയുന്നു. അതേസമയം അന്വേഷണത്തോട് പൂർണ്ണമായും സഹകരിക്കുമെന്നും അൽ ഫലാഹ് സർവ്വകലാശാല അറിയിച്ചു. ഇവിടെ പൊലീസിന്റെ കർശന പരിശോധന തുടരുകയാണ്. യൂണിവേഴ്സിറ്റിയിലുള്ള 52 ഡോക്ടർമാരെ ഇതിനോടകം ചോദ്യം ചെയ്തു കഴിഞ്ഞു.

ഇതിനിടെ, സ്ഫോടനവുമായി ബന്ധമുള്ള നാലാമത്തെ കാറും അൽ-ഫലാഹ് സർവകലാശാലയിൽ നിന്ന് പോലീസ് കണ്ടെത്തി. സർവകലാശാലയുടെ കാമ്പസിൽ പാർക്ക് ചെയ്ത നിലയിലായിരുന്നു കാർ. ഒരേ സമയം നാല് നഗരങ്ങളിൽ സ്ഫോടനം നടത്തിയതിനു ശേഷം ഈ കാറിൽ രക്ഷപ്പെടാനായിരുന്നു ഭീകരരുടെ പദ്ധതി. അൽ ഫലാഹ് സർവകലാശാലയിൽനിന്ന് 15 കിലോമീറ്റർ അകലെയാണ് കാർ കണ്ടെത്തിയത്. ബോംബ് നിർമാണത്തിനുപയോഗിക്കുന്ന രാസവസ്തുവായ അമോണിയം നൈട്രേറ്റിന്റെ അംശം ഈ കാറിൽ കണ്ടെത്തിയതായി അധികൃതർ പറയുന്നു. ഇന്ന് രാവിലെ ഫരീദാബാദ് പോലീസ് ഇക്കോസ്പോർട്ട് പാർക്ക് ചെയ്ത ആളെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

അതേസമയം, പാക് ഭീകര സംഘടനയുമായി ബന്ധമുണ്ടെന്ന് സംശയിക്കപ്പെടുന്ന ഡോ. മുസമ്മിൽ ഗനായി, ഡോക്ടർ ഷഹീൻ സായീദ് എന്നിവർ അൽ ഫലാഹ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്. ഹരിയാന-ഡൽഹി അതിർത്തിയിൽ നിന്ന് ഏകദേശം 27 കിലോമീറ്റർ അകലെ ഫരീദാബാദിലാണ് അൽ ഫലാഹ് എന്ന സ്വകാര്യ സർവകലാശാല. 2014-ൽ സ്ഥാപിതമായ കോളേജും മറ്റും 70 ഏക്കറിലേറെ വിസ്തൃതിയിലാണ് സ്ഥിതിചെയ്യുന്നത്. 1995-ൽ രൂപീകരിച്ച അൽ ഫലാഹ് ചാരിറ്റബിൾ ട്രസ്റ്റിന് കീഴിലാണ് സർവകലാശാല സ്ഥാപിച്ചത്.





ആദ്യം എൻജിനീയറിങ് കോളജായി ആരംഭിച്ച സ്ഥാപനം പിന്നീടാണ് മെഡിക്കൽ വിദ്യാഭ്യാസത്തിലേക്കും ഹ്യൂമാനിറ്റീസ്, കമ്പ്യൂട്ടർ സയൻസ് പോലുള്ള വിഷയങ്ങളിലേക്കും കടക്കുന്നത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്ന നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ എ ഗ്രേഡ് അംഗീകാരവും യൂണിവേഴ്സിറ്റിക്ക് ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ നിന്നും ലക്ഷങ്ങൾ ഫീസ് വാങ്ങിയാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. അൽ ഫലാഹ് സ്കൂൾ ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്ററിൽ 2019 മുതൽ എം.ബി.ബി.എസ് കോഴ്സുണ്ട്.

എം.ബി.ബി.എസ് കോഴ്സിന് ആദ്യത്തെ നാലു വർഷങ്ങളിൽ 16.37 ലക്ഷം രൂപ വീതവും അവസാന വർഷം ഒൻപതു ലക്ഷം രൂപയുമാണ് ഈടാക്കുന്നത്. രണ്ട് കിടക്കകളുള്ള ഹോസ്റ്റൽ മുറിക്ക് ഒരു വിദ്യാർത്ഥിയിൽ നിന്ന് പ്രതിവർഷം ഈടാക്കുന്നത് മൂന്നു ലക്ഷത്തിലേറെ രൂപയും. ആകെ 74 ലക്ഷത്തോളം രൂപയാണ് സർവകലാശാല എം.ബി.ബി.എസ് കോഴ്സിനായി ഈടാക്കുന്നത്. ഓരോ അക്കാദമിക് വർഷവും 200 വിദ്യാർത്ഥികളെയാണ് എം.ബി.ബി.എസ് കോഴ്സിന് ചേർക്കുന്നത്. എം.ഡി കോഴ്സിന് 50 വിദ്യാർഥികളെ പ്രവേശിപ്പിക്കും. അതേസമയം എൻജിനീയറിങ് കോഴ്സുകൾക്ക് 888 സീറ്റുകൾ ഉണ്ട്. മെഡിക്കൽ കോളജിനോട് ചേർന്ന് 650 കിടക്കകളുള്ള ഒരു ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. സൗജന്യ ചികിത്സ ഉൾപ്പെടെ നൽകുന്ന ഇവിടെ എം.ആർ.ഐ, സി.ടി സ്കാനുകൾ തുടങ്ങിയ ആധുനിക സൗകര്യങ്ങളുമുണ്ട്.

ഉന്നത വിദ്യാഭ്യാസം ഉള്ളവർ വരെ 'വൈറ്റ് കോളർ' തീവ്രവാദ ആശയങ്ങളിൽ ആകൃഷ്ടരാകുന്നതിന്റെ ഞെട്ടിക്കുന്ന വിവരങ്ങളാണ് ചെങ്കോട്ട സ്ഫോടനത്തോടെ പുറത്തുവരുന്നത്. ഉയർന്ന സാമൂഹിക നിലയിലുള്ളവരാണ് 'വൈറ്റ് കോളർ ഭീകരർ'. ഡോക്ടർമാർ, എഞ്ചിനീയർമാർ, ബിസിനസുകാർ തുടങ്ങി സമൂഹത്തിൽ മാന്യമായ ജോലികളും പദവിയുമുള്ള പ്രൊഫഷണലുകളാണ് ഈ ഗ്യാങ്ങിൽ ഉൾപ്പെടുന്നത്. നേരിട്ടുള്ള അക്രമങ്ങളേക്കാൾ, തങ്ങളുടെ അറിവും സാങ്കേതിക വിദ്യാ പ്രാവീണ്യവും, അതായത് സൈബർ മാർഗ്ഗങ്ങൾ, എൻക്രിപ്റ്റഡ് കമ്മ്യൂണിക്കേഷൻ ആപ്പുകൾ ഉപയോഗിച്ച് ഇവർ ഭീകരപ്രവർത്തനങ്ങളെ സഹായിക്കുകയോ ഫണ്ട് ചെയ്യുകയോ പുതിയ അംഗങ്ങളെ റിക്രൂട്ട് ചെയ്യുകയോ ചെയ്യുന്നു. സാമ്പത്തിക നേട്ടത്തിനായി ചെയ്യുന്ന പരമ്പരാഗത 'വൈറ്റ് കോളർ കുറ്റകൃത്യങ്ങളിൽ' നിന്ന് വ്യത്യസ്തമായി ഇവരുടെ ലക്ഷ്യം പലപ്പോഴും രാഷ്ട്രീയമോ പ്രത്യയശാസ്ത്രപരമോ ആയ ഭീകരവാദ അജണ്ടകൾ നടപ്പിലാക്കുക എന്നതാണ്.

പുറമെ മാന്യമായ ഒരു ജീവിതം നയിക്കുന്നതിനാൽ ഇവരെ സംശയിക്കാൻ പ്രയാസമാണ്. ഈ 'മാസ്ക്' ഉപയോഗിച്ച് ഇവർക്ക് എളുപ്പത്തിൽ ഭീകരപ്രവർത്തനങ്ങൾക്കുള്ള സാഹചര്യം ഒരുക്കാൻ സാധിക്കുന്നു. അതായത്, സമൂഹത്തിൽ മാന്യന്മാരായി ജീവിച്ചുകൊണ്ട്, തങ്ങളുടെ പ്രൊഫഷണൽ-അക്കാദമിക് നെറ്റ്വർക്കുകളും അറിവും ഭീകരവാദത്തിനായി ഉപയോഗിക്കുന്ന രീതിയാണ് വൈറ്റ് കോളർ തീവ്രവാദം. ഷാജി കൈലാസ് സംവിധാനം ചെയ്ത് മോഹൻലാൽ നായകനായി അഭിനയിച്ച 'ബാബ കല്യാണി' (2006) എന്ന സിനിമയുടെ പ്രമേയം വൈറ്റ് കോളർ തീവ്രവാദമാണ്. ഇതിൽ ഇന്ദ്രജിത്ത് അവതരിപ്പിക്കുന്ന കോളേജ് പ്രൊഫസർ ഒരു വൈറ്റ് കോളർ ടെററിസ്റ്റാണ്.




# ശബരിമല സ്വർണക്കൊള്ള: അന്വേഷണം നിർണായക ഘട്ടത്തിലേക്ക്; എ പത്മകുമാറും ഉടൻ കുടുങ്ങും

എ.എസ് ശ്രീകുമാർ

കോളിളക്കം സൃഷ്ടിച്ച ശബരിമല സ്വർണക്കൊള്ളക്കേസിൽ സി.പി.എമ്മിന് ഏറെ പ്രിയപ്പെട്ട നേതാവായ എൻ വാസുവിനെയും എസ്.ഐ.ടി അറസ്റ്റ് ചെയ്തതിന് പിന്നാലെ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റും പാർട്ടി നോമിനിയുമായിരുന്ന എ പത്മകുമാറിലേയ്ക്ക് അന്വേഷണം കേന്ദ്രീകരിക്കുകയാണ്. അടുത്തത് പത്മകുമാറിന്റെ അറസ്റ്റാണ്. എൻ വാസു റിമാൻഡിലായതോടെ അറസ്റ്റിലായവരുടെ എണ്ണം അഞ്ചായി. മുൻ തിരുവാഭരണം കമ്മീഷണർ കെ.എസ് ബൈജുവാണ് വാസുവിന് മുമ്പ് അറസ്റ്റിലായത്. ഇവർക്ക് പുറമെ ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റി, സസ്പെൻഷനിലായ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും രണ്ടാം പ്രതിയുമായ മുരാരി ബാബു, മുൻ എക്സിക്യൂട്ടീവ് ഓഫീസർ ഡി സുധീഷ് കുമാർ എന്നിവരാണ് ഇപ്പോൾ എസി.ഐ.ടിയുടെ ക



**ദേവസ്വം കമ്മീഷണർ ആയിരിക്കെ, 2019 ഫെബ്രുവരി 26–ന് വാസു നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് മാർച്ച് 19 ലെ ബോർഡ് യോഗം ഉണ്ണികൃഷ്ണൻ പോറ്റിയുടെ കൈയിൽ ദ്വാരപാലക ശിൽപ പാളികൾ കൊടുത്തുവിടാൻ തീരുമാനിക്കുന്നത്. മാർച്ച് 31 –ന് വാസു വിരമിച്ചു. പിന്നീട് ദേവസ്വം ബോർഡ് പ്രസിഡന്റായി വന്ന എ പത്മകുമാർ വിരമിക്കുമ്പോൾ വാസുവിനെ ആ സ്ഥാനത്തേക്ക് സി.പി.എം പ്രതിഷ്ഠിക്കുകയായിരുന്നു.**



സ്റ്റഡിയിലുള്ളത്.

ദേവസ്വം കമ്മീഷണർ ആയിരിക്കെ, 2019 ഫെബ്രുവരി 26-ന് വാസു നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് മാർച്ച് 19 ലെ ബോർഡ് യോഗം ഉണ്ണികൃഷ്ണൻ പോറ്റിയുടെ കൈയിൽ ദ്വാരപാലക ശിൽപ പാളികൾ കൊടുത്തുവിടാൻ തീരുമാനിക്കുന്നത്. മാർച്ച് 31 -ന് വാസു വിരമിച്ചു. പിന്നീട് ദേവസ്വം ബോർഡ് പ്രസിഡന്റായി വന്ന എ പത്മകുമാർ വിരമിക്കുമ്പോൾ വാസുവിനെ ആ സ്ഥാനത്തേക്ക് സി.പി.എം പ്രതിഷ്ഠിക്കുകയായിരുന്നു. ദേവസ്വം കമ്മിഷണറായിരുന്ന ഒരാൾ ദേവസ്വം പ്രസിഡന്റ് സ്ഥാനത്തേക്കെത്തുന്നത് തന്നെ ആദ്യമായിട്ടാണ്. അപ്പോഴാണ് ഉണ്ണികൃഷ്ണൻ പോറ്റി സ്വർണം പൊതിഞ്ഞതിന്റെ ബാക്കി സ്വർണം കയ്യിലുണ്ടെന്ന് ഇമെയിൽ അയക്കുന്നത്. ഇക്കാര്യത്തിൽ വാസു ഒരു നടപടിക്കും മുതിർന്നില്ലെന്നതാണ് എടുത്ത് പറയേണ്ടത്.

ശബരിമലയിൽ നടന്ന കൊള്ളയിലെല്ലാം പങ്കുണ്ടെന്ന് വ്യക്തമായതോടെയാണ് വാസുവിനെ പലവട്ടം ചോദ്യം ചെയ്തതും മൂന്നാം പ്രതിയാക്കി അറസ്റ്റിലേക്ക് കാര്യങ്ങൾ എത്തിച്ചതും. വാസുവിനെ കുടുക്കിയത് ഉണ്ണികൃഷ്ണൻ പോറ്റി അയച്ച ആ ഇ മെയിൽ തന്നെയാണ്. പാളികൾ അഴിച്ചു കൊണ്ടുപോകുമ്പോൾ താൻ കമീഷണറോ പ്രസിഡന്റോ ആയിരുന്നില്ലെന്നും ഇതിലൊന്നും ഒരുപങ്കുമില്ലെന്നായിരുന്നു വാസു ആണയിട്ട് പറഞ്ഞു കൊണ്ടിരുന്നത്. എന്നാൽ സ്വർണക്കൊള്ള സംബന്ധിച്ച ഗൂഢാലോചനയിൽ വാസുവിന്റെ പങ്ക് നിർണായകമായിരുന്നു. 2010-ലും 2018-ലുമായി ഇടതു സർക്കാരിന്റെ കാലത്ത് വാസു രണ്ടു തവണ ദേവസ്വം കമ്മീഷണറും സ്വർണക്കൊള്ള നടന്ന് മാസങ്ങൾക്കു ശേഷം ദേവസ്വം ബോർഡ് പ്രസിഡന്റുമായിരുന്നല്ലോ. സ്വർണപ്പാളി ചെമ്പാണെന്ന് രേഖപ്പെടുത്തിയത് വാസുവാണ്. വാസുവിന് പദവികൾ പലകാലങ്ങളിൽ സി.പി.എം നൽകിയിട്ടുണ്ട്.

നിലവിൽ തിരുവനന്തപുരം വഞ്ചിയൂർ കോടതിയിൽ അഭിഭാഷകനായ വാസു വിജിലൻസ് ട്രൈബ്യൂണൽ അംഗമായി ജുഡീഷ്യറി പദവിയിലേക്ക് എത്തുന്നതും വി.എസ് അച്യുതാനന്ദൻ സർക്കാരിന്റെ കാലത്ത് മന്ത്രി പി.കെ ഗുരുദാസന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയാവുന്നതും. അതിന് പിന്നാലെയാണ് ദേവസ്വം ബോർഡിലേക്കുള്ള വരവ്. അത് സ്വർണക്കൊള്ള ഗൂഢാലോചനയിലൂടെ വാസു ആഘോഷമാക്കി. ശബരിമലയിലെ സ്ത്രീപ്രവേശന വിഷയമുണ്ടായപ്പോൾ ദേവസ്വം കമ്മീഷണർ സ്ഥാനത്തായിരുന്നു വാസു. ശബരിമലയിൽ സ്ത്രീ പ്രവേശനം ആകാമെന്ന് സുപ്രീം കോടതിയിൽ പിണറായി സർക്കാരെടുത്ത നിലപാടിനോട് അനുകൂല സമീപനമായിരുന്നു വാസുവിന്റേത്.

അന്ന് പ്രസിഡന്റിന്മേലും വാസുവിന് നിയന്ത്രണമുണ്ടായിരുന്നു. കാരണം പാർട്ടിക്ക് അത്രയും വേണ്ടപ്പെട്ടവനായിരുന്നു വാസു. ആ വ്യക്തി ഇപ്പോൾ അകത്തായ സ്ഥിതിക്ക് അന്വേഷണത്തിന്റെ കുന്തമുന എ പത്മകുമാറിലേയ്ക്കെത്തി നിൽക്കുകയാണ്. എസ്.ഐ.ടിയുടെ അന്വേഷണം നിർണായക ഘട്ടത്തിലേക്ക് കടക്കുന്നു എന്നതിന്റെ സൂചനയാണ് വാസുവിന്റെ അറസ്റ്റ്. കട്ടിളപ്പടിയിൽനിന്നു സ്വർണം കവർന്ന കേസിൽ പത്മകുമാർ പ്രസിഡന്റായ ദേവസ്വം ഭരണസമിതിയെ ക്രൈംബ്രാഞ്ച് പ്രതി ചേർത്തിരുന്നു. പത്മകുമാറിനെ ചോദ്യം ചെയ്യാൻ എസ്.ഐ.ടി നേരത്തെ നോട്ടീസ് നൽകിയിരുന്നു. അടുത്ത ബന്ധുവിന്റെ മരണാനന്തര ചടങ്ങുകൾ നടക്കുന്നതിനാൽ അസൗകര്യമുണ്ടെന്നാണ് പത്മകുമാർ അറിയിച്ചിരുന്നത്.

എന്നാൽ ഇനി ഹാജരായില്ലെങ്കിൽ പത്മകുമാറിനെ കസ്റ്റഡിയിലെടുക്കാനാണ് എസ്.ഐ.ടിയുടെ തീരുമാനം. കേസിൽ സമ്പൂർണ റിപ്പോർട്ട് സമർപ്പിക്കാൻ രണ്ടാഴ്ച മാത്രം ബാക്കിനിൽക്കെയാണ് ഈ നിർണായക നീക്കം. സ്വർണക്കൊള്ള ഉദ്യോഗസ്ഥ തലത്തിൽ നടന്ന ഗൂഢാലോചനയാണെന്നും തങ്ങൾക്ക് അറിവില്ലെന്നുമായിരുന്നു പത്മകുമാറിന്റെ മൊഴി. ഇത് പൂർണമായും തള്ളുന്നതാണ് എൻ വാസുവിനെതിരായി പുറത്തു വന്നിട്ടുള്ള റിമാൻഡ് റിപ്പോർട്ട്. ദേവസ്വം ബോർഡിന്റെ അറിവോടെ ആയിരുന്നു തട്ടിപ്പ് എന്നാണ് വാസുവിന്റെ റിമാൻഡ് റിപ്പോർട്ടിൽ എസ്.ഐ.ടി വ്യക്തമാക്കിയിരിക്കുന്നത്. ഇതോടെ പത്മകുമാറും അന്നത്തെ ദേവസ്വം ബോർഡ് അംഗങ്ങളായിരുന്ന കെ.ടി ശങ്കർദാസും പാലവിള എൻ വിജയകുമാറും അന്വേഷണപരിധിയിലേക്ക് എത്തിയിരിക്കുകയാണ്.

ഇതിനിടെ, ശബരിമല സ്വർണക്കവർച്ച 'രാജ്യാന്തര വിഗ്രഹക്കടത്തോ' എന്ന ഗുരുതര സംശയം ഹൈക്കോടതി ഉന്നയിച്ചിരുന്നു. അറസ്റ്റിലായ ഉണ്ണികൃഷ്ണൻ പോറ്റിയുടെ ഓപ്പറേഷൻ രാജ്യാന്തര വിഗ്രഹക്കടത്തുകാരനായ സുഭാഷ് കപൂറിന്റെ ഓപ്പറേഷനുകൾക്ക് സമാനമാണെന്നും ഹൈക്കോടതി നിരീക്ഷിച്ചു. ശബരിമലയിലെ അമൂല്യ വസ്തുക്കളുടെ പകർപ്പുണ്ടാക്കി അന്താരാഷ്ട്ര മാർക്കറ്റിൽ വിറ്റ് പണം തട്ടാൻ ശ്രമിച്ചതായി സംശയം പ്രകടിപ്പിച്ച കോടതി, ഇതിൽ വിശദമായ അന്വേഷണം വേണമെന്നും നിർദേശിച്ചു.





കൂടാതെ, ദേവസ്വം ഉദ്യോഗസ്ഥർ ഉണ്ണികൃഷ്ണൻ പോറ്റിക്ക് സന്നിധാനത്ത് നൽകിയത് അനിയന്ത്രിതമായ സ്വാതന്ത്ര്യം ആയിരുന്നു എന്നും ജസ്റ്റിസുമാരായ രാജാ വിജയരാഘവൻ, കെ.വി ജയകുമാർ എന്നിവരടങ്ങിയ ഹൈക്കോടതി ദേവസ്വം ബെഞ്ച് നിരീക്ഷിച്ചു.

**അറസ്റ്റിലായ ഉണ്ണികൃഷ്ണൻ പോറ്റിയുടെ ഓപ്പറേഷൻ രാജ്യാന്തര വിഗ്രഹക്കടത്തുകാരനായ സുഭാഷ് കപൂറിന്റെ ഓപ്പറേഷനുകൾക്ക് സമാനമാണെന്നും ഹൈക്കോടതി നിരീക്ഷിച്ചു. ശബരിമലയിലെ അമൂല്യ വസ്തുക്കളുടെ പകർപ്പുണ്ടാക്കി അന്താരാഷ്ട്ര മാർക്കറ്റിൽ വിറ്റ് പണം തട്ടാൻ ശ്രമിച്ചതായി സംശയം പ്രകടിപ്പിച്ച കോടതി, ഇതിൽ വിശദമായ അന്വേഷണം വേണമെന്നും നിർദേശിച്ചു.**

# ജെ മാത്യുസിന്റെ 'മുൻപേ നടക്കുന്നവർ'ക്ക് അനിലാൽ ശ്രീനിവാസൻ എഴുതിയ അവതാരിക



ആദ്യമായി ഒരു അവതാരിക എഴുതുക, അത് അദ്ധ്യാപകന്, വാഗ്മി, സംഘാടകന്, നടൻ, എഴുത്തുകാരന്, എഡിറ്റർ എന്നീ നിലകളിൽ അമേരിക്കൻ മലയാളി സമൂഹത്തിന്റെ സ്നേഹാദരങ്ങൾ ധാരാളമായി അനുഭവിക്കുന്ന അനന്യ വ്യക്തിത്വമായ ജെ. മാത്യൂസ് സാർ, അമേരിക്കയിലെ പ്രശസ്തരായ എഴുത്തുകാരുടെ സൃഷ്ടികൾക്കു വേണ്ടി എഴുതിയ അവതാരികകൾക്ക് ഒരു അവതാരിക എഴുതിക്കൊണ്ടാവുക എന്നത് ഇരട്ടിമധുരം നുണയലാണ്.

മറ്റാർക്കുമെന്നപോലെ അദ്ദേഹത്തിന്റെ പേര് സുപരിചിതമായിരുന്നെങ്കിലും ലാന (ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക)യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള ഇടപെടലുകളിലാണ് കൂടുതൽ അടുത്തറിയാൻ കഴിഞ്ഞിട്ടുള്ളത്. സംഘടനയുടെ രക്ഷാധികാരിയെന്നനിലയിലും വ്യക്തിപരമായ വിഷയങ്ങളിലും ഹൃദയശുദ്ധിയോടെ ചിന്തിക്കുകയും സ്നേഹത്തിന്റെ ഭാഷയിൽ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുള്ളത് ഈ അവസരത്തിൽ ഓർക്കുന്നു.

1957 മുതലുള്ള വിവിധ വിഷയങ്ങള് സ്പര്ശിച്ച ലേഖനങ്ങളുടെ സമാഹാരം 'ദര്പ്പണം' എന്നപേരില് 2015-ല് പ്രസിദ്ധീകരിച്ചപ്പോൾ പ്രശസ്ത പ്രാസംഗികനും ഭിഷഗ്വരനുമായ ഡോ. എം.വി. പിള്ളയാണ് അവതാരിക എഴുതിയത്. എഴുതുക മാത്രമല്ല എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നത് എഴുത്തിനോട് ഒരു അക്ഷരസ്നേഹിക്കുള്ള കടപ്പാട് ആണെന്നാണ് ജെ. മാത്യൂസ് സാറിന്റെ അഭിപ്രായം. ഈ അവതാരികകൾ പ്രസിദ്ധപ്പെടുത്താനുള്ള തീരുമാനം പോലും അവ ഏതു പുസ്തകങ്ങൾക്കു വേണ്ടി എഴുതിയോ ആ പുസ്തകങ്ങളുടെ പ്രചാരണത്തിനു വേണ്ടിയും അവയുടെ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയുമാണ് എന്നു കരുതാനേ തരമുള്ളൂ.

സരോജാ വർഗീസിന്റെ കഥാസമാഹാരം പൊലിയാത്ത പൊൻവിളക്ക് (മൾബറി ബുക്സ്), മാർഗരറ്റ് ജോസഫിന്റെ എൺപത്തഞ്ചു കവിതകളുടെ സമാഹാരം 'സാമഗീതം' (ജനനി പബ്ലിക്കേഷൻസ്), അനുഗ്രഹീത കവിയായ ജോസ് ചെരിപുറത്തിന്റെ പതിനഞ്ച് നർമ്മഭാവനകൾ കോർത്തിണക്കിയ 'അളിയന്റെ പടവലങ്ങ' (സൺറൈസ് പബ്ലിക്കേഷൻസ്), സമകാല അമേരിക്കൻ മലയാള സാഹിത്യത്തിൻറെ പരിച്ഛേദമെന്ന കാഴ്ചപ്പാടോടെ സമകാല അമേരിക്കൻ കവിതകളും കഥകളും ലേഖനങ്ങളും സമാഹരിച്ച് താൻ മുഖ്യ പത്രാധിപരായി 2023 ൽ ലാന പ്രസിദ്ധീകരിച്ച 'നടപ്പാത' (നിധി ബുക്ക്സ്, കണ്ണൂർ), കേരള ലിറ്റററി

സൊസൈറ്റി (KLS) 2022 ൽ പുറത്തിറക്കിയ ' ഇതളുകൾ' എന്ന സമാഹാരം, ഷാജു ജോണിന്റെ ' മോറിസ് മൈനർ' എന്ന സമാഹാരം (ഗ്രീൻ ബുക്സ്) എന്നീ പുസ്തകങ്ങൾക്കായി എഴുതിയ അവതരികകളാണ് ഈ പുസ്തകത്തിൽ മുഖ്യമായി ചേർത്തിട്ടുള്ളത്.

അമേരിക്കയിലെത്തിയ നാള് മുതല് പ്രാദേശിക മലയാളി സംഘടനകളുടെ സജീവ പ്രവര്ത്തകനായ ജെ. മാത്യൂസ് 1986-ല് മലയാളി സംഘടനകളുടെ കേന്ദ്ര സംഘടനയായ ഫൊക്കാനയിൽ പ്രവർത്തനമാരംഭിക്കുകയും 1996-1998 കാലയളവിൽ സംഘടനയുടെ പ്രസിഡന്റ് ആയി സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. റോച്ചസ്റ്ററില് നടന്ന ഫൊക്കാന ഇന്റർനാഷണല് കണ്വന്ഷന് (തുഞ്ചന് പറമ്പ്) ഏറെ വ്യത്യസ്തത നിറഞ്ഞതായിരുന്നു. 8000 ഡെലിഗേറ്റുകള് രജിസ്റ്റർ ചെയ്ത കണ്വന്ഷന്റെ പങ്കാളിത്തം പതിനായിരം കടന്നിരുന്നു. ജാതി മത സമവാക്യങ്ങള് ഇല്ലാതെ മലയാളി എന്ന ഒറ്റവികാരത്തോടെയുള്ള പ്രവര്ത്തനമായിരുന്നു വിജയകാരണം.

എങ്കിലും 2007 - 2008 കാലയളവില് ദീർഘകാലത്തെ അദ്ധ്യാപക ജോലിയില്നിന്ന് വിരമിച്ചശേഷം കൂടുതലും ഭാഷാ-സാഹിത്യ പ്രവർത്തനങ്ങളിൽ വ്യാപൃതനാവുകയായിരുന്നു.

ലാന സെക്രട്ടറിയായിരുന്ന ജെ. മാത്യൂസ് 2017-ല് ന്യൂയോര്ക്കില് നടന്ന കണ്വന്ഷനില് പ്രസിഡന്റ് സ്ഥമേറ്റെടുക്കാതെ മാറിനിന്നു. ഒരു പദവിയുമി

ല്ലാതെ ലാനയുടെ പ്രവർത്തശരാശരി 80 മുതല് 100 വരെ
നങ്ങളെ നോക്കികാണുകയുംകുട്ടികള് ഓരോ വര്ഷവും പ
വേണ്ടപ്പോൾ പക്വമായ മാർഗ്ഗറിക്കുന്നുണ്ട്. ഇപ്പോള് മുപ്പത്തി
നിർദേശങ്ങൾ മുന്നോട്ടുവയ്രണ്ടാം വര്ഷമാണ്. അയ്യായി
ക്കുകയും ചെയ്തു. നാഷിരത്തിലധികം മലയാളം പു
ലില് നടന്ന ലാന 2023-ലെസ്തകങ്ങള് അതിവിശാലമായ
സമ്മേളനത്തില് ജെ. മാത്യൂസ്ഗുരുകുലം ലൈബ്രറിക്കുണ്ട്.
സാറിനെ ലാന ആദരിക്കുവാൻ ''ഏതെങ്കിലും ദേശത്തിന്റെ
അന്നത്തെ എക്സിക്യൂട്ടീവ്യോ കാലത്തിന്റെയോ അതിർ
കമ്മിറ്റി ഏകകണ്ഠമായി തീരുത്തികൾക്കുള്ളിൽ ഒതുങ്ങി നി
മാനമെടുത്തത് അത്തരം റോൾൽക്കുന്ന ഒന്നല്ല സാഹിത്യം.
മോഡൽ പ്രവർത്തനങ്ങളുടെഅതു കൊണ്ടുതന്നെയാണ്
അംഗീകാരമായിരുന്നു. കേരളത്തിനു വെളിയിൽ മറ്റു
അമേരിക്കന് മലയാളികള്ക്ക്പലയിടങ്ങളിലുമെന്നപോലെ
സാഹിത്യ അഭിരുചിയുടെ വാവടക്കേഅമേരിക്കയിലുംമലയാ
തായനങ്ങള് തുറന്നിട്ട ജനനിള സാഹിത്യം സജീവമാകുന്ന
മാസികയുടെ പ്രസിദ്ധീകരണത്. കേരളം വിട്ടുപോരുമ്പോഴും
ത്തിലും ജെ. മാത്യൂസ് സാറിവിട്ടുപിരിയാതെ മനസ്സിൽ തുടി
നു പങ്കുണ്ടായിരുന്നു. പ്രൊഫ.ച്ചുനിൽക്കുന്നത് മലയാളമാണ്.
എം.എന്. കാരശ്ശേരി മാആദ്യകാല കുടിയേറ്റക്കാരിൽ
ഷ്, ഡോ. എം.എം. ബഷീർ,ഭാഷാസ്നേഹികളായ ചില
കെ.എം. റോയ് എന്നിവര് അരുടെ സർഗ്ഗശേഷിയിൽ രൂപം
മേരിക്കയില് നിന്നും ഒരു സാകൊണ്ട് സാഹിത്യസൃഷ്ടികൾ
ഹിത്യ മാസിക എന്ന ആശയംപറന്നുയർന്നത് ഗൃഹാതുരത്വ
മുന്നോട്ടുവെച്ചു. സുഹൃത്തുക്കത്തിന്റെ ചിറകുകളിലാണ്. മറ്റെ
ളായ ഡോ. സാറാ ഈശോ,ല്ലാ മേഖലകളിലുമെന്നപോലെ
സണ്ണി പൗലോസ് എന്നിവരോസാഹിത്യശാഖകളിലും അനു
ടൊപ്പം ചേര്ന്ന് ജനനി സാഹിദിനം വന്നുകൊണ്ടിരിക്കുന്ന
ത്യ മാസികയ്ക്ക് തുടക്കമിട്ടു. വീക്ഷണവ്യതിയാനങ്ങൾ അ
അമേരിക്കയിലെ പുതുതലമേരിക്കയിലെ മലയാളി എഴു
മുറയ്ക്ക് മലയാളം പഠിക്കുന്നത്തുകാരെയുംസ്വാധീനിച്ചിട്ടുണ്ട്.
തിനായി ഗുരുകുലം മലയാഗൃഹാതുരത്വത്തിന്റെ പുറ
ളം സ്കൂള് 1993 ഫെബ്രുവരിത്തോടു പൊട്ടിച്ച് വിശാലമായ
മുതല് പ്രവര്ത്തനം ആരംഭിലോക വീക്ഷണം ഉൾക്കൊ
ച്ചു. ഗുരുകുലം സ്കൂളിന്റെ മുണ്ടുകൊണ്ട് അമേരിക്കയിലെ മ
ഖ്യ സംഘാടകരില് ഒരാളാണ്ലയാളി എഴുത്തുകാർ വളർന്നു
ജെ. മാത്യൂസ് സാര്. ഇപ്പോള്കഴിഞ്ഞു.'' - 'നടപ്പാത' യുടെ
പ്രിന്സിപ്പല് ആയി സേവനംഅവതാരികയിൽ എഴുതിയത്
അനുഷ്ഠിക്കുന്നു. വെള്ളിയാഴ്അമേരിക്കൻ മലയാളസാഹി
ചകളില് വൈകിട്ട് 7 മുതല് 9ത്യത്തോടുള്ള മാത്യു സാറി
വരെയാണ് പഠനസമയം. കേന്റെ ശുഭാപ്തി വിശ്വാസമാണ്.
രളത്തിലും അമേരിക്കയിലുംഏറെ അഭിമാനത്തോടെ ഈ
അദ്ധ്യാപന പരിശീലനം നേടിപുസ്തകം വായനക്കാർക്കായി
യിട്ടുള്ളവര് ക്ലാസ്സെടുക്കുന്നു.സമർപ്പിക്കുന്നു.

എസ്. അനിലാൽ.

# ഫോമാ എമ്പയർ റീജിയൻ കൺവൻഷൻ ഹൃദ്യമായി



സ്പ്രിങ് വലി, ന്യു യോർക്ക്: 'ഒരുമയുടെ ഓളം; മലയാളിത്തത്തിന്റെ മേളം' ഫോമാ എമ്പയർ റീജിയൻ കൺവൻഷനെ ഒറ്റവാക്യത്തിൽ ഇങ്ങനെ വിശേഷിപ്പിക്കാം. കുടുംബ സംഗമത്തിന്റെയും കൺവൻഷൻ കിക്ക് ഓഫ് പരിപാടിയുടെയും കേരളപിറവി ആഘോഷത്തിന്റെയും ഉത്സവനാദം പാസ്കാക്ക് കമ്മ്യൂണിറ്റി സെന്ററിൽ നടന്നത് ഫോമായുടെ മറ്റൊരു നാഴികക്കല്ലായി. ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഇൻ അമേരിക്കാസ് (ഫോമാ) നവംബർ 9-ന് സംഘടിപ്പിച്ച ഈ വിപുലമായ പരിപാടിക്ക് നേതൃത്വം നൽകിയത് എമ്പയർ റീജിയൻ വൈസ് പ്രസിഡന്റായ പി.ടി. തോമസായിരുന്നു. ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ ഫോമയുടെ വളർച്ചയെയും പ്രവാസി മലയാളികളുടെ കൂട്ടായ്മയെയും കുറിച്ച് ആഴത്തിൽ സംസാരിച്ചു.

വൈകുന്നേരം 5 മണി മുതൽ ആരംഭിച്ച പാട്ടും നൃത്തവും കവിതയും കലാപരിപാടികളും ചേർന്ന ഉത്സവസന്ധ്യ ഏവർക്കും അവിസ്മരണീയ അനുഭൂതിയായി.

പ്രാർത്ഥനയോടെയാണ് പരിപാടികൾക്ക് തുടക്കമായത്. അതിന് പിന്നാലെ അമേരിക്കൻ ദേശീയഗാനവും ഇന്ത്യൻ ദേശീയഗാനവും ആലപിക്കപ്പെട്ടു. രിതു ശർമ്മയുടെ ശബ്ദമാധുര്യം ദേശീയഗാന നിമിഷങ്ങളെ അഭിമാനനിമിഷങ്ങളാക്കി മാറ്റി. ഭദ്രദീപം തെളിച്ചുകൊണ്ട് സമ്മേളനത്തിന് ഔപചാരികമായി തുടക്കമിട്ടശേഷം എമ്പയർ റീജിയൻ സെക്രട്ടറി മോൻസി വർഗീസ് ഹൃദയസ്പർശിയായ സ്വാഗതപ്രസംഗം നടത്തി. റീജിയൻ വൈസ് പ്രസിഡന്റ് പി.ടി. തോമസിന്റെ പ്രസംഗം ഏവരെയും പ്രചോദിപ്പിച്ചു.

തുടർന്ന് ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ ഫോമയുടെ വളർച്ചയെയും പ്രവാസികളുടെ ഐക്യത്തിന്റെയും പ്രാധാന്യത്തെയും കുറിച്ച് ആഴത്തി



ലുള്ള പ്രസംഗം നടത്തി.വിവിധ വ്യക്തികളുടെ സംഭാവനകളെ ആദരിച്ച ചടങ്ങിന് ശേഷം, സാംസ്കാരിക പരിപാടികൾക്ക് തുടക്കമായി. നാട്യമുദ്ര സ്കൂൾ ഓഫ് ഡാൻസ് അവതരിപ്പിച്ച നൃത്താവിഷ്കാരം പ്രശംസ പിടിച്ചുപറ്റി.

തുടർന്ന്കനകചിലങ്കസ്കൂൾ ഓഫ് ഡാൻസ് അവതരിപ്പിച്ച നൃത്തങ്ങൾ കലാരൂപങ്ങളുടെ വൈവിധ്യവും പക്വതയും പ്രകടിപ്പിച്ചു. വിപിൻ കുമാർ ആൻഡ് ടീം അവതരിപ്പിച്ച കേരളപ്പിറവി ഗാനങ്ങൾ മലയാളിത്തത്തിന്റെ മാധുര്യം നിറഞ്ഞ നിമിഷങ്ങളായിരുന്നു. നാട്യമുദ്ര സ്കൂൾ ഓഫ് ഡാൻസ് വീണ്ടും വേദി കീഴടക്കി. ബ്രയൻ ജേക്കബ് അവതരിപ്പിച്ച നൃത്തം ആവേശവും ചൈതന്യവും നിറഞ്ഞതായിരുന്നു. സണ്ണി കല്ലൂപ്പാറ അവതരിപ്പിച്ച കവിതയിൽ ദേശസ്നേഹത്തിന്റെ ആവേശവും പ്രവാസി മലയാളിയുടെ അഭിമാനവും ഒട്ടും കുറയാതെ മുഴങ്ങി. രിതു ശർമ്മയും അമിത് ശർമ്മയും ചേർന്ന് ആലപിച്ച ഗാനങ്ങൾ സംഗീതസന്ധ്യയെ മധുരഭരിതമാക്കി. വിപിൻ കുമാർ ആൻഡ് ടീം അവതരിപ്പിച്ച മിമിക്രിയും ഗാനങ്ങളും പ്രേക്ഷകരെ ചിരിയുടെ ലോകത്തേക്ക് നയിച്ചു. കുര്യൻ വർഗീസ് അവതരിപ്പിച്ച ഗാനവും ശ്രദ്ധപിടിച്ചുപറ്റി.

ചടങ്ങിന്റെ സമാപനഘട്ടത്തിൽ എമ്പയർ റീജിയൻ ട്രഷറർ എബ്രഹാം കെ. എബ്രഹാം നടത്തിയ നന്ദിപ്രസംഗത്തിൽ പരിപാടിയുടെ വിജയത്തിനായി അർപ്പണബോധത്തോടെ പ്രവർത്തിക്കുകയും വേദിയായി കമ്മ്യൂണിറ്റി സെന്റർ ഒരുക്കുകയും ചെയ്ത റോയി ചെങ്ങന്നൂറിനും മറ്റ് കമ്മിറ്റി അംഗങ്ങൾക്കുമുള്ള നന്ദി രേഖപ്പെടുത്തി. വിപിൻ കുമാർ ആൻഡ് ടീം അവതരിപ്പിച്ച നാട്ടൻ പാട്ടുകളുടെ അകമ്പടിയോടെയാണ് ഒത്തൊരുമയുടെയും സൗഹൃദത്തിന്റെയും ഉത്സവമായ മനോഹര സന്ധ്യ സമാപിപ്പിച്ചത്. വിഭവസമൃദ്ധമായ സദ്യയും ഒരുക്കിയിരുന്നു. ഫോമയുടെ ചരിത്രത്തിൽ ഒത്തൊരുമയുടെയും മലയാളിത്തത്തിന്റെയും ഉത്സവമായി ഈ ദിനം മറ്റൊരു നാഴികക്കല്ല് രേഖപ്പെടുത്തിയതായി ഏവരും അഭിപ്രായപ്പെട്ടു.



**ജെ. മാത്യു**

സുവനീർ കമ്മിറ്റി ചെയർ ജെ. മാത്യു ഫോമയുടെ വളർച്ചയുടെ ചരിത്രം സൂക്ഷ്മമായി





രേഖപ്പെടുത്തുന്ന സുവനീർ പ്രസിദ്ധീകരിക്കുമെന്ന് ഉറപ്പുനൽകി. 'മലയാളികൾ മാറിനിന്ന് ഉണ്ടാക്കിയ സംഘടനയാണ് ഫോമ. ഒട്ടേറെ അസോസിയേഷനുകൾ പങ്കുചേർന്ന് ഫോമ ഇന്ന് അമേരിക്കയിലെ ഏറ്റവും അംഗത്വമുള്ള ജനപിന്തുണയുള്ള മലയാളി സംഘടനയായി വളർന്നിട്ടുണ്ട്. അതിന് അഭിമാനമുണ്ട്. ആദ്യകാലത്ത് ഇതിന് ജന്മം നൽകുന്നതിൽ പങ്കെടുത്തത് ജോൺസി വർഗീസ്. സണ്ണി പൗലോസ്, ജോർജ് കോശി ഞാനും കൂട്ടത്തിലുണ്ട്. ഒട്ടേറെ പണം ചെലവായി. ഒട്ടേറെ രാത്രികളിൽ ചർച്ചകൾ ഉണ്ടായിരുന്നു. ഈ വളർച്ചയിൽ തികഞ്ഞ അഭിമാനമുണ്ട്.

സുവനീറിന്റെ ചുമതല എനിക്കാണ്. പി.ടി. തോമസ് പ്രത്യേകം പറഞ്ഞു ആരംഭം മുതൽ ഇതിൽ പ്രവർത്തിച്ച മുഴുവൻ പേരുടെയും പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്നഒന്നായിരിക്കണം സുവനീർ എന്ന്. അത് ഒരു ചരിത്രരേഖയായിരിക്കണം. ഒരു തിരുത്തൽ മാത്രമേ ഞാൻ അവതരിപ്പിച്ചുള്ളൂ. സാധാരണ സോവനീറിൽ കാണുന്നതുപോലെ കുറെ ഫോട്ടോയും ഒന്നു രണ്ട് അച്ചൻമാരുടെ സന്ദേശങ്ങളും മാത്രം പോരാ. നമ്മുടെ ചെറുപ്പക്കാരായ കുട്ടികളുടെ ലേഖനങ്ങളും രചനകളും അവരുടെ വരകളും കൂടി ഉൾപ്പെടുത്തണം.

നിങ്ങളുടെ മക്കളോട് കൊച്ചുകുട്ടികളോട് ഈ സോവനീറിലേക്ക് രചനകൾ തരാൻ പറയണം. അവർക്ക് അറിയില്ല എന്ന് പറഞ്ഞേക്കാം. അവർക്ക് അറിയാവുന്നത് മതി അത് ഞങ്ങൾ ഭംഗിയാക്കി ഈ സോവനീറിൽ ഉൾകൊള്ളിക്കും. ഈ റീജിയണന്റെ പ്രവർത്തന സമാപനത്തോടനുബന്ധിച്ചായിരിക്കും ആ സോവനീർ പ്രസിദ്ധീകരിക്കുക. അതിലേക്ക് പരസ്യങ്ങൾ വേണം. അത് ബിജി തോമസ് വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നുണ്ട്. നിങ്ങളുടെ സംഭാവനകൾ വേണം. കുടുംബചിത്രങ്ങൾ വേണം. അതുപോലെ നിങ്ങളുടെ കുട്ടികളുടെ അനുജൻമാരുടെ അനുജത്തിമാരുടെ എന്തെങ്കിലും രചനകൾ- കഥയാവട്ടെ കവിതയാകട്ടെ ഒരു വരയാകട്ടെ





അത് നിർബന്ധമാണ്. ഇത് അങ്കിളിന്റെയാണെന്ന് പറഞ്ഞ് കുട്ടികൾ മാറ്റിവയ്ക്കാത്ത ഒര വസ്ഥയുണ്ടാകണം.'അദ്ദേഹം കൂട്ടിച്ചേർത്തു.

ഫോമാ ജോയിൻറ് സെക്രട്ടറി പോൾ ജോസ് ആശംസകൾ അർപ്പിച്ചു.

**ബേബി മണക്കുന്നേൽ**

'ഫോമയ്ക്ക് നേതൃത്വം കൊടുത്തവർ ഫോമയുടെ വളർച്ചയ്ക്കു വേണ്ടി എന്തൊക്കെ ചെയ്തിട്ടുണ്ടോ അത് മുമ്പോട്ടു പോകുന്നുവെന്ന് ബേബി മണക്കുന്നേൽ പറഞ്ഞു. ഫോമയുടെ വളർച്ച മനസ്സിലാക്കി കൊണ്ടു പലരും നേതൃ സ്ഥാനങ്ങളിലേക്ക് മുമ്പോട്ടു വന്നിരിക്കുന്നു. നമ്മുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിലൂടെ ഫോമയെ യാതൊരു വിധ കോട്ടവും സംഭവിക്കാതെ മുന്നോട്ടു കൊണ്ടുപോകും.

എന്തെങ്കിലും ഒരു പാളിച്ച വന്നുകഴിഞ്ഞാൽ ഞങ്ങൾക്കല്ല ഫോമയ്ക്കാണ് അതിന്റെ ദോഷങ്ങൾ സംഭവിക്കുന്നത്. അതുണ്ടാകാതെയിരിക്കാൻ ഇന്നു വരെ ഞങ്ങൾ ശ്രമിച്ചു. അങ്ങനെ വേണം മുമ്പോട്ടു വരുന്ന ഓരോ കമ്മിറ്റിയും. 69-ാമത് കേരളപിറവി ആഘോഷിച്ചപ്പോൾ കേരളം എന്ന സംസ്ഥാനം അതിദാരിദ്ര്യമുക്തമായ സംസ്ഥാനമായി ഇന്ത്യയിൽ ആദ്യമായി പ്രഖ്യാപിച്ചു. തൊഴിലില്ലായ്മയിലായാലും വിദ്യാഭ്യാസത്തിലായും പാർപ്പിടത്തിലായാലും മുന്നേറാൻ നമുക്ക് സാധിച്ചിട്ടുണ്ട്. നിങ്ങൾക്കെല്ലാവർക്കും കേരളപിറവിയുടെ എല്ലാവിധത്തിലുള്ള ആശംസകൾ അറിയിക്കുകയാണ്. ലോകരാഷ്ട്ര ങ്ങളിൽ അതിദാരിദ്ര്യവിമുക്ത കൈവരിക്കുന്ന രണ്ടാമത് നാടാണ് കേരളം.









അങ്ങനെ എല്ലാംകൊണ്ടും നമ്മുക്ക് അഭിമാനിക്കാവുന്ന രീതിയിൽ കേരളം വളർന്നുകൊണ്ടിരിക്കുന്നു. ആ വളർച്ചയിൽ പ്രവാസികളായ നമ്മുക്കും









പങ്കുചേരണം. നമ്മൾ പ്രവാസികൾ നമ്മുടേതായ പ്രവർത്തനങ്ങൾ കേരളത്തിൽ കാഴ്ച വയ്ക്കണം. അതിനു വേണ്ടി നമ്മൾ ജനുവരി മാസം 9, 10, 11 തീയ്യതികളിൽ ഫോമയുടെ കേരള കൺവൻഷൻ കോട്ടയം, കുമരകം, എറണാകുളം എന്നിവിടങ്ങളിലായി നടത്തുന്നു. കേരളത്തോടുള്ള ഐക്യം അറിയിക്കുന്നതിനാണ് ഈ കേരള കൺവൻഷൻ നടത്തുന്നത്. പലരും ഇതിനുവേണ്ടി മുമ്പോട്ടു വന്ന് രജിസ്ട്രർ ചെയ്തിട്ടുണ്ട്. ഈ കൺവൻഷനിൽ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്യും, കാൻസർ ചികിത്സയ്ക്കു വേണ്ടി മരുന്നുകൾ വാങ്ങുന്നതിന് സഹായങ്ങൾ ചെയ്യും .

പിറവത്ത് 750 ഓളം അമ്മമാർക്ക് പുതുവസ്ത്രം, കൈനീട്ടം ഒക്കെ കൊടുക്കാൻ സാധിച്ചു. അതിനുശേഷം രണ്ടു തവണ മെഡിക്കൽ ക്യാമ്പ് നടത്തി. 1200 ഓളം രോഗികൾക്ക് ആവശ്യമായ ട്രീറ്റുമെന്റുകളും മെഡിക്കൽ കിറ്റു കൊടുക്കുവാൻ സാധിച്ചു. ഒക്ടോബർ 10ാം തീയ്യതി 600 ഓളം ക്യാൻസർ രോഗികൾക്ക് വേണ്ട കാര്യങ്ങൾ നൽകാൻ സാധിച്ചു. ആ പ്രോഗ്രാമിൽ വിമൺസ് ഫോറത്തിന്റെ മുൻ ചെയർമാൻ ലാലി കളപുരയ്ക്കൽ പങ്കെടുത്തു.

ഒമ്പതാമത്തെ കൺവൻഷനാണ് ഹൂസ്റ്റണിൽ നടക്കുന്നത്. ആ കൺവൻഷൻ വിജയിപ്പിക്കേണ്ടത് നമ്മൾ ഓരോരുത്തരുടേയും കടമയാണ്. ഫോമയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ഇതിലേക്ക് ആളുകൾ കടന്നു വരുന്നത്. അതിന്റെ രജിസ്ട്രേഷൻ നടന്നു കൊണ്ടിരിക്കുന്നു. നമ്മുക്കെല്ലാവർക്കും അഫോർഡ് ചെയ്യാവുന്ന ഒരു തുകയാണ് കൊടുത്തിരിക്കുന്നത്. ഫോമയുടെ സൽപേര് ലോകത്തെവിടെയുമുള്ള മലയാളികൾക്കിടയിൽ എത്തിക്കാൻ വേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.' ബേബി മണക്കുന്നേൽ പറഞ്ഞു.

**ബൈജു വർഗീസ്**

ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ് ഫോമാ നാഷണൽ എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഞങ്ങളെ ഏൽപിച്ചിട്ടുള്ള



ദൗത്യം വളരെ വിജയകരമായി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഫോമാ നാഷ്ണൽ എക്സിക്യൂട്ടീവിന് കീഴിൽ 12 റീജിയനാണുള്ളത്. അതിൽ ഏററവും ശക്തമായിട്ടുള്ള റീജിയനാണ് എമ്പയർ റീജയൺ. ഫോമയുടെ വളർച്ചയ്ക്ക് ഏറ്റവും കൂടുതൽ സംഭാവനകൾ നൽകിയിട്ടുള്ള നേതാക്കളും പ്രവർത്തകരും അസോസിയേഷനുകളും ഉള്ള റീജിയണനാണ് ഇത്. ഫോമാ നാഷണൽ എക്സിക്യൂട്ടീവ് ചുമതല ഏറ്റെടുത്തതിന് ശേഷം പല ചാരിറ്റി പ്രവർത്തനങ്ങളും ഹൗസിംഗ് പ്രോജക്റ്റുകളും, പ്രവാസി മലയാളികളുടെ ചരിത്രത്തിലാദ്യമായി വളരെ വിപുലമായ വിമൻസ് സമ്മിറ്റ് പെൻസിൽ വാനിയയിൽ വച്ച് നടത്തി. അതിൽ ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുത്ത റീജിയനാണ് ഫോമ എമ്പയർ റീജിയൺ.



വളരെ വിജയകരമായി യൂത്ത് സമ്മിറ്റ് വൈസ് പ്രസിഡന്റ് ഷാലു പുന്നൂസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ തന്നെ 14-15 പുതിയ അസോസിയേഷനുകൾ ഫോമാ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കീഴിൽ വന്നു. മൊത്തം അസോസിയേഷനുകളുടെ എണ്ണം 98ലേക്ക് വന്നിരിക്കുന്നു. 2026 ജനുവരി മാസത്തിനു മുമ്പ് അത് 100 ന് മുകളിൽ വരുമെന്നുള്ള ഉറപ്പ് .

2026 ജൂലൈ 29 30,31, 1 ഹൂസ്റ്റണിൽ വച്ച് വളരെ ഗംഭീരമായ നാഷണൽ കൺവൻഷൻ അരങ്ങേറുകയാണ്. അതിന്റെ അണിയറ പ്രവർത്തനങ്ങൾ ഒത്തൊരുമിച്ച് മുമ്പോട്ടു കൊണ്ടുപോകുന്നു. ഫോമാ എമ്പയർ റീജിയണിലെ എല്ലാ കുടുംബങ്ങളെയും ഫോമാ നാഷണൽ കൺവൻഷനിലേക്ക് സ്വാഗതം ചെയ്യുന്നു.'അദ്ദേഹം പറഞ്ഞു.

### ഷാലു പുന്നൂസ്

വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ് യുവജന-വനിതാ സമ്മേളനങ്ങളുടെ വിജയത്തെ ചൂണ്ടിക്കാണിക്കുകയും റീജിയൻ പ്രവർത്തനങ്ങളെ പ്രശംസിക്കുകയും ചെയ്തു .'ഫോമയിലെ ഏറ്റവും ശക്തമായ റീജിയനാണ് ഈ എമ്പയർ റീജിയൺ. പിറ്റി തോമസിനെ കുറിച്ച് പറയുകയാണെങ്കിൽ തന്നെ ഏൽപിച്ച കർത്തവ്യം ഭംഗിയായി നിർവഹിച്ച് ജനങ്ങളുടെ ഇടയിൽ ഫോമയ്ക്ക് അംഗീകാരം നേടുന്ന നേതാവാണ്. ബേബി മണക്കുന്നിലിന്റെ തണലിൽ ഈ വർഷം ഞങ്ങൾ നിരവധി പ്രവർത്തനങ്ങളാണ് കാഴ്ച വച്ചത്. വുമൺസ് സമ്മിറ്റ്, യൂത്ത് സമ്മിറ്റ്, എന്നിവക്ക് പിന്നാലെ കേരള കൺവൻഷൻ ജനുവരി 9, 10, 11 തീയ്യതികളിൽ നടക്കുന്നു. അതിനുശേഷം ഫോമാ കൺവൻഷൻ. ഇതിനെല്ലാം നിങ്ങളുടെ സഹകരണം ഉണ്ടാകണം. നമുക്ക് ഫോമയെ കൈപിടിച്ച് മുന്നോട്ട നയിക്കാം. ഒരുമിച്ച് മുന്നോട്ട് നീങ്ങാം.' ഷാലു പുന്നൂസ് അഭിപ്രായപ്പെട്ടു.





S
Spice Village
TODDY SHOP
കള്ള് ഷാപ്പ്
ഷാപ്പിലെ കറികളും
നല്ല നാടൻ കള്ളും
Kallummakkaya (കല്ലുമ്മക്കായ)
Duck Mappas (താറാവ് മപ്പാസ്)
Meen Curry (മീൻകറി)
Mathi Varuthathu (മത്തി വറുത്തത്)
Beef Coconut Fry (പോത്ത് ഉലർത്ത്)
Crab Roast (ഞണ്ട് റോസ്റ്റ്)
Kappa (കപ്പ)
Idiyappam/Paratha (ഇടിയപ്പം പറോട്ട)
വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 5–10 PM
8 Columbus Avenue, Tuckahoe, NY.
+1 (914) 779-5400 spicevillageny@gmail.com
www.spicevillageny.com

# സീറോ മലബാർ കൺവൻഷൻ ഒരുക്കങ്ങൾ മുന്നേറുന്നു

## ഫിലഡൽഫിയയിൽ തിളക്കമാർന്ന രജിസ്ട്രേഷൻ കിക്കോഫ്



ഫിലഡൽഫിയ: ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതയുടെ രജതജൂബിലി കൺവൻഷൻ വിശ്വാസി സമൂഹം ഏറ്റെടുത്തതായി അടിക്കടിയായി നടക്കുന്ന കൺവൻഷൻ കിക്കോഫുകൾ സൂചിപ്പിക്കുന്നു. നവംബർ ഒൻപതിന് ഫിലഡൽഫിയ സെന്റ് തോമസ് സീറോ മലബാർ ഫൊറാന പള്ളിയിൽ നടന്ന കൺവൻഷൻ കിക്കോഫ് വിജയം ഈ യാഥാർഥ്യത്തിനു അടിവരയിടുന്നു. 28 പേരാണ് അന്നേദിവസം രജിസ്ട്രേഷൻ ഫോമുകൾ കൈമാറിയത്.



രൂപതാ വികാരി ജനറാൾ ഫാ. ജോൺ മേലേപ്പുറത്തിൻറെ നേതൃത്വത്തിലായിരുന്നു കിക്കോഫ്. കൺവൻഷൻ ചെയർമാൻ ബിജി സി മാണി, ഫിനാൻസ് ചെയർമാൻ ആൻഡ്രൂസ് തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

വികാരി ഫാ. ജോർജ് ദാനവേലിലിന്റെ മേൽനോട്ടത്തിൽ ട്രസ്റ്റിമാരായ ജോസ് തോമസ്, പോളച്ചൻ വറീത്, സജി സെബാസ്റ്റ്യൻ, ജോസഫ് ചെറുവേലിൽ, എന്നിവർ കിക്കോഫിന് നേതൃത്വം നൽകി.

അടുത്തവർഷം ജൂലൈ 9 മുതൽ 12 വരെ ചിക്കാഗോയിലെ ചരിത്രപ്രസി ദ്ധമായ മക്കോർമിക് പ്ലേസിലാണ് രൂപതയുടെ രജത ജൂബിലി കൺവൻഷൻ നടക്കുക. അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളെ ഒരു കുടക്കീഴിൽ സമന്വയിപ്പിക്കുന്ന ഈ മഹാസമ്മേളനം കടലുൾക്കിപ്പുറവും വിശ്വാസവും സംസ്കാരവും ഹൃദയത്തിൽ ചാലിച്ച ഏവർക്കും ഒന്നുചേരുവാനും സ്നേഹം പങ്കിടുവാനും വിശ്വാസപ്രഘോഷണം ഏറ്റുചൊല്ലുവാനുമുള്ള അവസരമായിക്കും.

നാലു ദിവസങ്ങളിലായി









നടക്കുന്ന കൺവൻഷനിൽ ദിവസവും വിശുദ്ധ കുർബാന, ആരാധന എന്നിവക്കൊപ്പം വിദഗ്ധർ നയിക്കുന്ന ക്ലാസുകളും, ബിസിനസ് മീറ്റിംഗുകളും ഉണ്ടായിരിക്കും. നാളിതുവരെ രൂപതയെ നയിച്ചവർക്കുള്ള ആദരവും, വിവിധങ്ങളായ കലാപരിപാടികളും, യുവ ജനങ്ങൾക്കുള്ള പ്രത്യേക പരിപാടികളും കൺവൻഷന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് എല്ലാ വിശ്വാസികളെയും കൺവൻഷനിലേക്ക് ക്ഷണിക്കുന്നു.











TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# കെ.എച്ച്.എൻ.എ 'ശബരീ യാത്ര' – മണ്ഡല വ്രതത്തിന്റെ പുണ്യയാത്രക്ക് അമേരിക്കൻ മലയാളി ഹിന്ദുക്കളുടെ സമർപ്പണം!




അനഘ വാരിയർ
കെ.എച്ച്.എൻ.എ ന്യൂസ് ഡെസ്ക്

ഫ്ലോറിഡ കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (കെ.എച്ച്.എൻ.എ) മണ്ഡല കാലത്ത് കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള ഭക്തർക്കായി സൗജന്യ ബസ് സർവീസ് ഒരുക്കുന്നു. അമേരിക്കൻ മലയാളി ഹിന്ദുക്കളുടെ വിശ്വാസവും ഐക്യവും പ്രതിഫലിപ്പിക്കുന്ന ഈ ''ശബരീ യാത്ര'', ഭക്തിയുടെയും സമർപ്പണത്തിന്റെയും പ്രതീകമായി മാറുകയാണ്.

ഉദാരമനസ്കരായ സ്പോൺസർമാരുടെ പിന്തുണയോടെ








നടപ്പിലാക്കുന്ന 'ശബരീ യാത്ര' നവംബർ 17 മുതൽ ജനുവരി 13 വരെയുള്ള കാലയളവിൽ ലഭ്യമാകും. ഈ പദ്ധതിയുടെ സൗജന്യ സേവനം കെ.എച്ച്.എൻ.എ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും, അറുപതു വയസ്സിനു മുകളിലുള്ള മുതിർന്ന പൗരന്മാർക്കും, സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന ഭക്തർക്കും വേണ്ടിയാണു ഒരുക്കിയിട്ടുള്ളത്. ബസ്സുകൾ പുറപ്പെടുന്ന സ്ഥലങ്ങളും സമയക്രമവും ഷെഡ്യൂൾ ചെയ്യുന്ന മുറയ്ക്ക് പ്രസിദ്ധീകരിക്കും.കെ.എച്ച്.എൻ.എ ട്രഷറർ അശോക് മേനോൻ സ്പോൺസർ ചെയ്യുന്ന ബസ്, നവംബർ 20-ന് രാവിലെ 8 മണിക്ക് ചോറ്റാനിക്കര ക്ഷേത്രപരിസരത്തു നിന്ന് പുറപ്പെടും.

ഇരുമുടി കെട്ടു നിറച്ചു, ശബരിമലയുടെ. എല്ലാ ആചാരക്രമങ്ങളും പാലിച്ചു മാത്രമാകും ഈ പദ്ധതിയുടെ ഭാഗമാകാൻ ഭക്തർക്ക് സാധ്യമാകുക എന്ന് സംഘാടകർ അറിയിച്ചിട്ടുണ്ട്.

ശബരീ യാത്ര കെ.എച്ച്.എൻ.എയുടെ ആത്മീയ മൂല്യങ്ങൾക്ക് ആക്കം കൂടുന്നൊരു പദ്ധതിയാണെന്നും, ഇത് വഴി കൂടുതൽ ആളുകളിലേക്ക് ഈ സംഘടനയുടെ സാമൂഹിക പ്രതിബദ്ധതയും, മൂല്യവും എത്തിക്കാൻ സാധിക്കുമെന്നുമാണ് കരുതുന്നതെന്നും കെ.എച്ച്.എൻ.എ പ്രസിഡന്റ് ഠ ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെട്ടു. ഇത്തരത്തിലുള്ള സേവന പ്രവർത്തനങ്ങളിൽ കൂടുതൽ ഭക്തർ പങ്കാളികൾ ആവണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

ബസ് സ്പോൺസർ ചെയ്തു കൊണ്ട് നിങ്ങൾക്കും ഈ പുണ്യയാത്രയുടെ ഭാഗമാവാം. കൂടുതൽ വിവരങ്ങൾക്ക് അശോക് മേനോൻ (407 446 6408 ), മധു ചെറിയേടത് ( 848 202 0101 ), പ്രദീപ് നായർ ( 203 260 1356 ) എന്നിവരുമായി ബന്ധപെടുക.

ഭക്തനും ദൈവവും ഒന്നാവുന്ന, സമഭാവനയുടെ പുണ്യമാണ് ശബരിമല. അവിടെ എത്തിച്ചേരാൻ ആഗ്രഹിക്കുന്ന മനസ്സുകൾക്ക്, ഒരു കൈത്താങ്ങാവുകയാണ് എന്നും ഹൈന്ദവ വിശ്വാസങ്ങളും മൂല്യങ്ങളും സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരായ, കെ.എച്ച്.എൻ.എ എന്ന അമേരിക്കൻ ഹിന്ദു മലയാളികളുടെ കൂട്ടായ്മ.





# പുൽവാമയ്ക്കും പഹൽഗാമിനും ശേഷം രാജ്യത്തെ ഞെട്ടിച്ച ഡൽഹി ഭീകരാക്രമണം




എ.എസ് ശ്രീകുമാർ

ഇന്ത്യയെ ഞെട്ടിച്ച ഡൽഹി, ചെങ്കോട്ട സ്ഫോടനത്തിന്റെ അന്വേഷണം എൻ.ഐ.എക്ക് (ദേശീയ അന്വേഷണ ഏജൻസി) ആഭ്യന്തര മന്ത്രാലയം കൈമാറിയിരിക്കുകയാണ്. 13 പേർ കൊല്ലപ്പെടുകയും 30-ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്ത സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. പ്രധാന സർക്കാർ കെട്ടിടങ്ങൾ, ഗതാഗത കേന്ദ്രങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക വിന്യാസം ഏർപ്പെടുത്തി. മുൻകരുതൽ നടപടിയുടെ ഭാഗമായി അധിക ബാരിക്കേഡുകളും വാഹന പരിശോധനകളും സ്ഥാപിച്ചിട്ടുണ്ട്. എങ്ങും കനത്ത ജാഗ്രത.

സ്ഫോടനത്തിൽ പൊട്ടിത്തെറിച്ച കാർ ഓടിച്ചത് ഫരീദാബാദ് ഭീകരസംഘത്തിൽ ഉൾപ്പെട്ട ഡോ. ഉമർ മുഹമ്മദ് ആണെന്ന് ഡൽഹി പൊലീസ് വൃത്തങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഫരീദാബാദ് ഭീകര സംഘം പിടിയിലായതോടെ അവരുടെ കൂട്ടാളിയായ ഡോ. ഉമർ മുഹമ്മദ് ആസൂത്രണം ചെയ്തതാണ് സ്ഫോടനം എന്നാണ് ഇതുവരെയുള്ള നിഗമനം. ഇയാളുടെ കശ്മീരിലെ വീട്ടിൽ എത്തിയ പൊലീസ് അമ്മയെയും സഹോദരനെയും കസ്റ്റഡിയിലെടുത്തു. ഉമറിന് ഏതെങ്കിലും ഭീകര സംഘങ്ങളുമായി ബന്ധമുള്ളതായി അറിയില്ലെന്നും വീട്ടിൽ ശാന്ത സ്വാഭാവി ആയിരുന്നു എന്നും സഹോദരന്റെ ഭാര്യ പറയുന്നു.

ഉമർ ആണ് ചാവേറായതെന്നാണ് അന്വേഷണ ഏജൻസികൾ സംശയിക്കുന്നത്. അമോണിയം നൈട്രേറ്റ്, ഇന്ധന എണ്ണ, ഡിറ്റണേറ്ററുകൾ എന്നിവയാണ് സ്ഫോടനം നടത്താൻ ഉപയോഗിച്ചതെന്നാണ് പൊലീസിന്റെ പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായിരിക്കുന്നത്. സംഭവ സ്ഥലത്ത് നിന്ന് കണ്ടെത്തിയ ശരീര ഭാഗങ്ങളുടെ ഡി.എൻ.എ ഉമറിന്റെ അമ്മയുടേതുമായി സാമ്യമുള്ളതാണ്. കാറോടിച്ചിരുന്നത് ഉമർ തന്നെയാണോ എന്നാണ് ഇനി അന്വേഷണ സംഘം ഉറപ്പിക്കേണ്ടത്.

ഹരിയാനയിലെ ഫരീദാബാദിൽ നിന്ന് വൻതോതിൽ ഐ.ഇ.ഡി (ഇമ്പ്രൊവൈസ്ഡ് എക്സ്പ്ലോസീവ് ഡിവൈസ്) നിർമ്മാണ സാമഗ്രികൾ കണ്ടെത്തിയതിന് പിന്നാലെയാണ് ഡൽഹിയിലെ ചാവേർ ആക്രമണമെന്നതും ശ്രദ്ധേയമാണ്. ഐ.ഇ.ഡിക്ക് റോഡ് സൈഡ് ബോംബ് എന്നും പേരുണ്ട്. പരമ്പരാഗതമായ യുദ്ധ ഉപകരണങ്ങളിൽ നിന്ന് വ്യത്യസ്തമാണ് ഇതിന്റെ ഉപയോഗം. ഐ.ഇ.ഡികൾ കൂടുതലും തീവ്രവാദികളാണ് ഉപയോഗിച്ച് വരുന്നത്. ഒളിപ്പോരിലും കമാൻഡോ ഓപ്പറേഷനുകളിലും ഐ.ഇ.ഡി ഉപയോഗിക്കാറുണ്ട്. തമിഴ് പുലികൾ ശ്രീലങ്കൻ സൈന്യത്തിന് നേരെ വ്യാപകമായി ഐ.ഇ.ഡികൾ ഉപയോഗിച്ചിരുന്നു

അതേസമയം, ഈ സംഭവവുമായി ബന്ധപ്പെട്ട് ഡോ. മുസമ്മിൽ ഷക്കീൽ ഗനായി അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്തിരുന്നു. രണ്ട് ഡോക്ടർമാരും അയൽക്കാരാണ്. അത് കൊണ്ട് തന്നെ ഇരുവരെയും തമ്മിൽ ബന്ധിപ്പിക്കാനുള്ള എന്തെങ്കിലും ഉണ്ടോയെന്ന് കണ്ടെത്താനുള്ള ശ്രമത്തിലാണ് അന്വേഷണ സംഘം. കൊയ്ലിയിലുള്ള ഉമറിന്റെ രണ്ട് നില വീട്ടിൽ താമസിക്കുന്ന കുടുംബം സംഭവമറിഞ്ഞ് ആകെ ഞെട്ടിയിരിക്കുകയാണ്. ജമ്മു കശ്മീരിലെ അനന്ത്നാഗ് ജില്ലയിലെ പഹൽഗാമിനടുത്തുള്ള ബൈസരൻ താഴ്വരയിൽ 2025 ഏപ്രിൽ 22-ന് നടന്ന തീവ്രവാദി ആക്രമണത്തിന് ശേഷം മറ്റൊരു ഭീകരാക്രമണത്തിന്റെ വേദനയിലാണ് ഇന്ത്യ.



**ഭീകരവാദം ഏറ്റവും കൂടുതൽ ബാധിച്ച രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ആഭ്യന്തര മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് ഇന്ത്യയിലെ ജനങ്ങൾക്ക് കാര്യമായ ഭീഷണിയാണ് ഇന്ത്യയിലെ തീവ്രവാദം. മറ്റ് രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യ നിരവധി തീവ്രവാദ ഗ്രൂപ്പുകളെ അഭിമുഖീകരിക്കുന്നു.**

ഈ ആക്രമണത്തിൽ ഒരു തദ്ദേശവാസി ഉൾപ്പെടെ 26 വിനോദസഞ്ചാരികൾ കൊല്ലപ്പെടുകയും 20-ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. 2008-ലെ മുംബൈ ഭീകരാക്രമണത്തിനു ശേഷം ഇന്ത്യയിൽ നടന്ന ഏറ്റവും വലിയ ആക്രമണമായ ഇത്, പ്രത്യേകിച്ച് പുരുഷ ഹിന്ദു വിനോദസഞ്ചാരികളെ ലക്ഷ്യം വച്ചുള്ളതും കശ്മീർ താഴ്വരയിലെ ജനസംഖ്യാപരമായ മാറ്റങ്ങളെ ചെറുക്കുക എന്ന ഉദ്ദേശത്തോടെയുമായിരുന്നു. പാകിസ്താൻ ആസ്ഥാനമായുള്ളതും ഐക്യരാഷ്ട്ര സഭ ഭീകര സംഘടനയായി പ്രഖ്യാപിച്ചതുമായ ലഷ്കർ ഇ തോയ്ബ ആക്രമണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിരുന്നു.

ഭീകരവാദം ഏറ്റവും കൂടുതൽ ബാധിച്ച രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ആഭ്യന്തര

**ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനവും, ഏറ്റവും വലിയ നഗരവും ആയ മുംബൈയിൽ 2008 നവംബർ 26-ന് ആസൂത്രിതമായ 10 ഭീകരാക്രമണങ്ങൾ നടന്നു. 2008 നവംബർ 26-ന് തുടങ്ങിയ ഈ ആക്രമണം ഏതാണ്ട് 60 മണിക്കൂറുകളോളം പിന്നിട്ട് 2008 നവംബർ 29-ന് ഇന്ത്യൻ ആർമി അക്രമിക്കപ്പെട്ട സ്ഥലങ്ങൾ തിരിച്ചു പിടിക്കുന്നതു വരെ നീണ്ടു നിന്നു.**

മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് ഇന്ത്യയിലെ ജനങ്ങൾക്ക് കാര്യമായ ഭീഷണിയാണ് ഇന്ത്യയിലെ തീവ്രവാദം. മറ്റ് രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യ നിരവധി തീവ്രവാദ ഗ്രൂപ്പുകളെ അഭിമുഖീകരിക്കുന്നു. ഇന്ത്യയിൽ കണ്ടെത്തിയ തീവ്രവാദത്തിൽ ഇസ്ലാമിക ഭീകരത, വിഘടനവാദ തീവ്രവാദം, ഇടതുപക്ഷ ഭീകരത, കാവി ഭീകരത എന്നിവ ഉൾപ്പെടുന്നു. കാശ്മീരിലെ ഇസ്ലാമിക് ഗ്രൂപ്പുകൾ, പഞ്ചാബിലെ സിഖ് വിഘടനവാദികൾ, അസമിലെ വിഘടനവാദ ഗ്രൂപ്പുകൾ എന്നിവയിൽ നിന്ന് ഇന്ത്യ സ്ഥിരമായി നിരവധി ഭീകരാക്രമണങ്ങളെ നേരിടുന്നു.

ജമ്മു-കശ്മീർ, കിഴക്കൻ-മധ്യ, തെക്ക്-മധ്യ ഇന്ത്യ, വടക്കുകിഴക്കൻ ഇന്ത്യ എന്നിവയാണ് ദീർഘകാല തീവ്രവാദ പ്രവർത്തനങ്ങളുള്ള പ്രദേശങ്ങൾ. 800 ഓളം തീവ്രവാദ സെല്ലുകൾ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ടെന്നാണ് 2008 ഓഗസ്റ്റിൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് എം.കെ നാരായണൻ അഭിപ്രായപ്പെട്ടത്. രാജ്യത്തെ 608 ജില്ലകളിൽ 205 എണ്ണം തീവ്രവാദ പ്രവർത്തനങ്ങളാൽ ബാധിക്കപ്പെട്ടുവെന്ന് 2013-ലെ കണക്കുകൾ വ്യക്തമാക്കുന്നു. 2012-ൽ ലോകത്താകമാനം 11,098 പേർ ഭീകരാക്രമണങ്ങളാൽ മരണമടഞ്ഞതിൽ ഇന്ത്യയിൽ 231 പേർ കൊല്ലപ്പെട്ടുവെന്ന് ഡിപ്പാർട്ട്മെന്റ് ഓഫ് യുണൈറ്റഡ് സ്റ്റേറ്റ് പറയുന്നു. ഇത് ആഗോളമായി നടന്ന ഭീകരാക്രമണ മരണത്തിന്റെ 2 ശതമാനം ആണെന്നു കണക്കാക്കുന്നു. ഇന്ത്യയിലെ ഭീകരതയെ പാകിസ്ഥാൻ പണം മുടക്കി നടത്തുന്നതാണെന്നതിൽ സംശയമില്ല.

ജമ്മു കാശ്മീരിലെ പുൽവാമ ജില്ലയിലെ അവാന്തിപുരക്കടുത്ത് സുരക്ഷാ ഉദ്യോഗസ്ഥരുമായി സഞ്ചരിച്ചിരുന്ന വാഹനങ്ങൾക്കു നേരെ 2019 ഫെബ്രുവരി പതിനാലാം തീയതി, തീവ്രവാദികൾ മനുഷ്യബോംബ് ആക്രമണം നടത്തുകയുണ്ടായി. 40 സി.ആർ.പി.എഫ് ജവാന്മാരുടെ മരണത്തിനിടയാക്കിയ ഈ ആക്രമണത്തിന്റെ ഉത്തരവാദിത്തം പാകിസ്താനിലെ തീവ്രവാദ സംഘടനയായ ജെയ്ഷ് ഇ മുഹമ്മദ് ഏറ്റെടുത്തിരുന്നു.

ലഷ്കർ ഇ തോയ്ബ, ജെയ്ഷ്-ഇ-മുഹമ്മദ് എന്നീ ഭീകരതീവ്രവാദ സംഘടനകൾ സംയുക്തമായി ഇന്ത്യൻ പാർലമെന്റ് മന്ദിരത്തിനു നേരെ നടത്തിയ ആക്രമണമാണ് 2001 ഇന്ത്യൻ പാർലമെന്റ് ആക്രമണം. അഞ്ച് തീവ്രവാദികൾ, ആറ് ഡൽഹി പോലീസ് സേനാംഗങ്ങൾ, രണ്ട് പാർലമെന്റ് സർവീസ് ഉദ്യോഗസ്ഥർ ഒരു ഗാർഡനർ അടക്കം ആകെ 14 പേരുടെ മരണത്തിനു കാരണമായ ഈ ആക്രമണം ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്നറിയപ്പെടുന്ന ഇന്ത്യൻ പാർലമെന്റിന്റെ ചരിത്രത്തിൽ ഒരു തീരാക്കളങ്കമായി. ഇന്ത്യയും പാകിസ്താനും തമ്മിലുള്ള ബന്ധത്തിൽ ഈ ആക്രമണം സാരമായ വിള്ളൽ വീഴ്ത്തി. ഇന്ത്യാ-പാക് യുദ്ധം വരെയുണ്ടാകാനുള്ള സാധ്യതയ്ക്ക് ഈ ആക്രമണം വഴിവെച്ചു.

ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനവും, ഏറ്റവും വലിയ നഗരവും ആയ മുംബൈയിൽ 2008 നവംബർ 26-ന് ആസൂത്രിതമായ 10 ഭീകരാക്രമണങ്ങൾ നടന്നു. 2008 നവംബർ 26-ന് തുടങ്ങിയ ഈ ആക്രമണം ഏതാണ്ട് 60 മണിക്കൂറുകളോളം പിന്നിട്ട് 2008 നവംബർ 29-ന് ഇന്ത്യൻ ആർമി അക്രമിക്കപ്പെട്ട സ്ഥലങ്ങൾ തിരിച്ചു പിടിക്കുന്നതു വരെ നീണ്ടു നിന്നു. 22 വിദേശികളടക്കം ഏതാണ്ട് 195 പേരെങ്കിലും ഈ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടു. 327 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ദക്ഷിണ മുംബൈയിലാണ് ഈ ആക്രമണങ്ങളിൽ കൂടുതലും നടന്നത്. 50-നും 60-നും ഇടയിൽ ലഷ്കർ ഇ തോയ്ബ തീവ്രവാദികൾ ഈ ആക്രമണങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചതായി കരുതുന്നു.



Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company
State Farm Indemnity Company,
State Farm Fire and Casualty Company
State Farm General Insurance Company
1601489
Bloomington, IL

# മാധ്യമ പ്രവർത്തകർ നീതിയുടെ കാവൽക്കാരാകണം





**മൊയ്തീൻ പുത്തൻചിറ**

ഇന്ത്യയും അമേരിക്കയും ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യങ്ങളാണ്. ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശക്തിയാകട്ടേ അവിടത്തെ ജനങ്ങളും. ഏകാധിപത്യത്തിന്റെ പല പടവുകളും പിന്നിട്ടാണ് മിക്ക രാജ്യങ്ങളും ഇന്നത്തെ ജനാധിപത്യ വ്യവസ്ഥയിലേക്ക് എത്തിച്ചേർന്നത്. എന്തെല്ലാം കുറ്റങ്ങളും കുറവുകളും ഉണ്ടെങ്കിലും ജനാധിപത്യം തന്നെയാണ് ഇന്ന് മനുഷ്യ സമൂഹത്തിനു ലഭിച്ചിട്ടുള്ള ഏറ്റവും മികച്ച ഭരണ മാതൃക. ജനങ്ങൾക്ക് വേണ്ടി, ജനങ്ങൾ തെരഞ്ഞെടുക്കുന്ന, ജനങ്ങളുടെ ഭരണസമ്പ്രദായമാണ് ജനാധിപത്യമെന്ന് എബ്രഹാം ലിങ്കൺ നൽകിയ നിർവ്വചനം ജനാധിപത്യത്തിൽ ജനങ്ങൾക്കുള്ള പരമാധികാരത്തെയാണ് സൂചിപ്പിക്കുന്നത്. ജനാധിപത്യത്തിൽ ജനങ്ങളുടെ ശബ്ദമാകാനുള്ള ഉത്തരവാദിത്തം മാധ്യമ പ്രവർത്തകർക്കാണ്.

ജനശക്തി ഏറ്റവും സജീവമാകുന്ന സമയമാണ് തിരഞ്ഞെടുപ്പുകൾ. പൊതുജനങ്ങൾ വോട്ടുകളിലൂടെ അവരുടെ ഭാവി എങ്ങനെയായിരിക്കണം എന്ന് നിർണ്ണയിക്കുന്ന സമയമാണത്. അത്തരം നിർണായക സമയങ്ങളിൽ, മാധ്യമങ്ങളുടെ പങ്ക് വിവരങ്ങൾ നൽകുന്നതിൽ മാത്രം ഒതുങ്ങുന്നില്ല, മറിച്ച് ഒരു കാവൽക്കാരന്റെ പങ്കും വഹിക്കുന്നു.

നിർഭാഗ്യവശാൽ, ഇന്നത്തെ സാഹചര്യത്തിൽ, ഈ കാവൽക്കാർ പലപ്പോഴും പൊതുതാൽപ്പര്യ സംരക്ഷകരായി മാറുന്നതിനു പകരം ഭരണകക്ഷിയുടെയോ ഒരു പാർട്ടിയുടെയോ പ്രചാരകരായി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. സമൂഹ മാധ്യമങ്ങളിലായാലും പത്ര മാധ്യങ്ങളിലായാലും ചാനലുകളിലായാലും ഈ പ്രവണത അതിരു വിടുന്നുമുണ്ട്. പത്രപ്രവർത്തകർ പി ആർ പ്രൊഫഷണലുകളായി മാറുന്ന കാഴ്ചയും നിത്യ സംഭവമായിരിക്കുന്നു.

പത്രപ്രവർത്തനത്തിന്റെ അടിസ്ഥാന ലക്ഷ്യം എപ്പോഴും സത്യാന്വേഷണമായിരിക്കണം. പത്രപ്രവർത്തകർ ഒരു നേതാവിന്റെയും പിന്തുണക്കാരോ എതിരാളികളോ ആകരുത്. അവർ പൊതുജനങ്ങളുടെ പ്രതിനിധികളായിരിക്കണം. മാധ്യമങ്ങളുടെ ധർമ്മം സർക്കാരിന്റെ തെറ്റുകൾ പൊതുജനങ്ങളെ അറിയിക്കുക എന്നതാണ്. അല്ലാതെ, സർക്കാരിന്റെ വക്താവായി പ്രവർത്തിക്കുകയല്ല വേണ്ടത് എന്ന് മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്. തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ, ആ ധർമ്മം കൂടുതൽ സെൻസിറ്റീവ് ആയിത്തീരുന്നു. കാരണം, പൊതുജനങ്ങൾക്ക് ഉചിതമായ തീരുമാനങ്ങൾ എടുക്കാൻ പക്ഷപാതമില്ലാത്ത വിവരങ്ങൾ

ആവശ്യമാണ്. ഈ സമയത്ത് മാധ്യമങ്ങൾ ആശയക്കുഴപ്പം പരത്തുകയോ ഏതെങ്കിലും പാർട്ടിയുടെ പ്രചാരണത്തിനുള്ള മാധ്യമമായി മാറുകയോ ചെയ്താൽ, ജനാധിപത്യത്തിന്റെ ആത്മാവിന് മുറിവേൽക്കും.

പത്രപ്രവർത്തനം ഒരു പൊതുസേവനമാണ്. അതേസമയം, പിആർ ഒരു സ്വകാര്യ താൽപ്പര്യ ബിസിനസ്സാണ്. രണ്ടും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസമുണ്ട്. പത്രപ്രവർത്തനം സത്യവും സുതാര്യതയും ലക്ഷ്യമിടുന്നുണ്ടെങ്കിലും, പിആർ പ്രതിച്ഛായ കെട്ടിപ്പടുക്കാൻ ലക്ഷ്യമിടുന്നു, അതും ഒരു വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ സംഘടനയുടെയോ താൽപ്പര്യങ്ങൾക്കായി. അവർക്കുവേണ്ടി തെറ്റിദ്ധാരണാജനകമായ വാർത്തകൾ സൃഷ്ടിച്ച് പ്രചരിപ്പിക്കുന്നത് പൊതുജനങ്ങളോട് കാണിക്കുന്ന അനീതിയാണ്. ഒരു പത്രപ്രവർത്തകനോ അവതാരകനോ ഒരു നേതാവിന്റെ പ്രതിച്ഛായ വർദ്ധിപ്പിക്കുന്നതിനോ എതിരാളിയെ അപകീർത്തിപ്പെടുത്തുന്നതിനോ അവരുടെ പ്ലാറ്റ്ഫോം ഉപയോഗിക്കുമ്പോൾ, അവർ ഒരു പത്രപ്രവർത്തകനാകുന്നില്ല. മറിച്ച് ഒരു പിആർ ഏജന്റായി മാറുന്നു. ഈ സാഹചര്യം അവരുടെ പ്രൊഫഷണൽ പെരുമാറ്റച്ചട്ടം ലംഘിക്കുക മാത്രമല്ല, പൊതുജനങ്ങളോടുള്ള വഞ്ചന കൂടിയാണ്.

ടിആർപികൾക്കായുള്ള മത്സരത്തിൽ തിരഞ്ഞെടുപ്പ് കവറേജ് പലപ്പോഴും സെൻസേഷണലൈസ് ചെയ്യപ്പെടുന്നു. എന്നാൽ, യഥാർത്ഥ പത്രപ്രവർത്തനത്തിന്റെ പരീക്ഷണം സമ്മർദ്ദം നിറഞ്ഞതാകുമ്പോൾ ഒരു പത്രപ്രവർത്തകന് നിഷ്പക്ഷമായി നിൽക്കാൻ കഴിയും എന്നതാണ് വാസ്തവം. മാധ്യമപ്രവർത്തകർ തിരഞ്ഞെടുപ്പ് റിപ്പോർട്ടുകളിലെ വസ്തുതകൾ പരിശോധിക്കണം, സ്ഥാനാർത്ഥികളുടെ വാഗ്ദാനങ്ങൾ പരിശോധിക്കണം, പൊതു വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം, റാലികളിലെ ജനക്കൂട്ടമോ വിവാദങ്ങളുടെ ആരവമോ അല്ല വിലയിരുത്തേണ്ടത്.

സംവാദങ്ങളിൽ അവതാരകർ സ്വയം സംയമനം പാലിക്കണം. ഇരുവിഭാഗത്തിനും വേദിയിൽ തുല്യ അവസരം നൽകുക, വാദപ്രതിവാദങ്ങൾക്ക് യുക്തിസഹമായി പ്രതികരിക്കുക, ക്കെയാണ് വെറും വാഗ്ദാന അലങ്കാരങ്ങൾ, കൂടാതെ, തിരഞ്ഞെടുപ്പ് പ്രക്രിയ സുതാര്യമാണോ എന്നും മാധ്യമങ്ങൾ നിരീക്ഷിക്കണം. ഭരണകൂടവും തിരഞ്ഞെടുപ്പ് കമ്മീഷനും നിഷ്പക്ഷമാണോ? വോട്ടർമാർക്ക് സ്വതന്ത്രമായി വോട്ട് ചെയ്യാൻ അവസരമുണ്ടോ? ഇത് നിരീക്ഷിക്കുന്നതിൽ മാധ്യമ പ്രവർത്തകർ പരാജയപ്പെട്ടാൽ, പൊതുജനാ



തിരഞ്ഞെടുപ്പ് ചർച്ചകളെ ശബ്ദകോലാഹലങ്ങളാക്കി മാറ്റാതിരിക്കുക എന്നിവ അവരുടെ ലക്ഷ്യമായിരിക്കണം. മാധ്യമ പ്രവർത്തകരുടെയും അവതാരകരുടെയും ലക്ഷ്യം കാഴ്ചക്കാരെ ഏതെങ്കിലും കക്ഷിയിലേക്ക് മാനസികമായി സ്വാധീനിക്കുക എന്നതല്ല, മറിച്ച് അവരെ ചിന്തിക്കാൻ പ്രേരിപ്പിക്കുക എന്നതായിരിക്കണം.

ഒരു ജനാധിപത്യത്തിൽ, അധികാര സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ട്, അധികാരത്തിന്റെ നാലാമത്തെ സ്തംഭത്തെ പ്രതിനിധീകരിക്കുന്നവരാണ് മാധ്യമ പ്രവർത്തകർ. തിരഞ്ഞെടുപ്പ് കാലത്ത്, രാഷ്ട്രീയ പാർട്ടികൾ വാഗ്ദാനങ്ങളുടെ പെരുമഴ പെയ്യിക്കുമ്പോൾ, ആ വാഗ്ദാനങ്ങൾ സൂക്ഷ്മമായി പരിശോധിക്കേണ്ട ഉത്തരവാദിത്തം മാധ്യമങ്ങൾക്കുണ്ട്. ഏതൊക്കെ വാഗ്ദാനങ്ങളാണ് പ്രായോഗികം, ഏതൊ

ഭിപ്രായം തെറ്റിദ്ധരിപ്പിക്കാൻ അധികാരവും പണവും ഉപയോഗിക്കാനുള്ള സാധ്യത വർദ്ധിക്കുന്നു.

അത്തരമൊരു സാഹചര്യത്തിൽ, ജനാധിപത്യത്തെ ''പരസ്യ ജനാധിപത്യം'' ആയി മാറുന്നതിൽ നിന്ന് സംരക്ഷിക്കാൻ കഴിയുന്ന ഒരു കോട്ടയാണ് മാധ്യമ പ്രവർത്തകർ. ഒരു യഥാർത്ഥ പത്രപ്രവർത്തകൻ അവരുടെ അഭിപ്രായം പ്രകടിപ്പിച്ചേക്കാം, പക്ഷേ വസ്തുതകളുടെ സത്യസന്ധതയിൽ അവർ ഒരിക്കലും വിട്ടുവീഴ്ച ചെയ്യരുത്. ഓരോ റിപ്പോർട്ടിന്റെയും ഉറവിടം വ്യക്തമാക്കുകയും, ഓരോ അവകാശവാദവും പരിശോധിക്കുകയും, ഏതെങ്കിലും രാഷ്ട്രീയ സന്ദേശം പ്രചരിപ്പിക്കുന്നതിന് മുമ്പ് അതിന്റെ വിശ്വാസ്യത ഉറപ്പാക്കുകയും വേണം. പത്രപ്രവർത്തനത്തിലെ ''നിഷ്പക്ഷത'' എന്നാൽ എല്ലാവരുടെയും വീക്ഷണങ്ങളെ



**മാധ്യമ പ്രവർത്തകർ അവരുടെ തൊഴിലിന്റെ ആത്മാവിനെ സജീവമായി നിലനിർത്തുമ്പോൾ മാത്രമേ ജനാധിപത്യം സുരക്ഷിതമാകൂ. അവർ സർക്കാരിനെയല്ല, ജനങ്ങളെയാണ് ഭയപ്പെടേണ്ടത്. ഒരു 'കാവൽക്കാരൻ' ആകുക എന്നതിനർത്ഥം അധികാരികളുടെ മേൽ കണ്ണുവയ്ക്കുക, അനീതി ചോദ്യം ചെയ്യുക, ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നതാണ്**

തുല്യമായി പരിഗണിക്കുക എന്നല്ല, മറിച്ച് സത്യത്തോടുള്ള വിശ്വസ്തത നിലനിർത്തുക എന്നതാണ്, അത് ഭരണകക്ഷിക്കോ പ്രതിപക്ഷത്തിനോ എതിരായാലും.

തങ്ങളുടെ പ്ലാറ്റ്ഫോമും ചാനലും വിശ്വാസത്തിന്റെ പ്രതീകമാണെന്ന് അവതാരകർ മനസ്സിലാക്കേണ്ടതുണ്ട്. ആ പ്ലാറ്റ്ഫോമിൽ നിന്ന് ഒരു പ്രത്യേക പാർട്ടിയുടെ വക്താക്കളാകുകയാണെങ്കിൽ, ആ വിശ്വാസം തകരും. ട്രോളുകളുടെ സ്വാധീനം, കോർപ്പറേറ്റ് സമ്മർദ്ദം, രാഷ്ട്രീയ സമവാക്യങ്ങൾ എന്നിവയ്ക്കിടയിൽ ഒരു സന്തുലിതാവസ്ഥ നിലനിർത്തുന്നത് തീർച്ചയായും ബുദ്ധിമുട്ടാണ്, പക്ഷേ ഈ ബുദ്ധിമുട്ട് തന്നെയാണ് പത്രപ്രവർത്തനത്തിന് ബഹുമാനം നൽകുന്നത്.

ഇന്നത്തെ കാലത്ത്, സോഷ്യൽ മീഡിയ വിവരങ്ങളെ ജനാധിപത്യവൽക്കരിച്ചിട്ടുണ്ട്. എന്നാൽ, അത് കിംവദന്തികളും അർദ്ധസത്യങ്ങളും പ്രചരിപ്പിക്കാനുള്ള സാധ്യതയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പരിതസ്ഥിതിയിൽ, ടിവി, പ്രിന്റ് ജേണലിസ്റ്റുകളുടെ ഉത്തരവാദിത്തം കൂടുതൽ വർദ്ധിക്കുന്നു. അവർ തൽക്ഷണ തലക്കെട്ടുകൾക്കപ്പുറം പോകണം, അന്വേഷിക്കണം, ഡാറ്റയുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ തയ്യാറാക്കണം, യഥാർത്ഥ വാർത്തകൾ എങ്ങനെ തിരിച്ചറിയാമെന്ന് പൊതുജനങ്ങളെ പഠിപ്പിക്കണം. മാധ്യമ പ്രവർത്തകർ ട്രെൻഡുകളോ വൈറൽ വീഡിയോകളോ പിന്തുടരുകയാണെങ്കിൽ, അവർ സമൂഹത്തെ ബോധവൽക്കരിക്കുന്നതിനുപകരം ആശയക്കുഴപ്പത്തിലാക്കുകയാണ് ചെയ്യുന്നത്.

തിരഞ്ഞെടുപ്പ് കാലത്ത് മാധ്യമ പ്രവർത്തകർ ആത്മപരിശോധന നടത്തേണ്ടതുണ്ട്. അവർ തങ്ങളുടെ റിപ്പോർട്ടിംഗിലൂടെ പൊതുജനങ്ങളെ ശാക്തീകരിക്കുകയാണോ അതോ ഒരു രാഷ്ട്രീയ പാർട്ടിയുടെയോ കോർപ്പറേറ്റ് സ്ഥാപനത്തിന്റെയോ അജണ്ട ശക്തിപ്പെടുത്തുകയാണോ? അവരുടെ ചോദ്യങ്ങൾ ജനങ്ങളുടെ ആശങ്കകളാണോ അതോ ടിആർപികൾക്കായി രൂപകൽപ്പന ചെയ്ത വെറും നാടകമാണോ?

മാധ്യമ പ്രവർത്തകർ അവരുടെ തൊഴിലിന്റെ ആത്മാവിനെ സജീവമായി നിലനിർത്തുമ്പോൾ മാത്രമേ ജനാധിപത്യം സുരക്ഷിതമാകൂ. അവർ സർക്കാരിനെയല്ല, ജനങ്ങളെയാണ് ഭയപ്പെടേണ്ടത്. ഒരു 'കാവൽക്കാരൻ' ആകുക എന്നതിനർത്ഥം അധികാരികളുടെ മേൽ കണ്ണുവയ്ക്കുക, അനീതി ചോദ്യം ചെയ്യുക, ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നതാണ്. അത് ഒരു പൊതുതിരഞ്ഞെടുപ്പായാലും, മുനിസിപ്പൽ തിരഞ്ഞെടുപ്പായാലും, മാധ്യമങ്ങളുടെ കടമ ഒന്നുതന്നെയാണ്: സത്യം പൂർണ്ണ സത്യസന്ധതയോടെ റിപ്പോർട്ട് ചെയ്യുക, അത് മറ്റുള്ളവരെ അസൗകര്യത്തിലാക്കിയാലും.

ജനാധിപത്യത്തിന്റെ നട്ടെല്ലാണ് മാധ്യമ പ്രവർത്തനം. എന്താണ് സംഭവിക്കുന്നതെന്ന് തുറന്നുകാട്ടുകയും കേൾക്കാത്ത ശബ്ദങ്ങൾ കേൾക്കുകയും ചെയ്യുന്ന സമൂഹത്തിന്റെ കണ്ണും കാതുമാണ് അത്. വിവരങ്ങൾ ആക്സസ് ചെയ്യാനുള്ള അവകാശത്തിന്റെ ഉറപ്പാണ് ഈ പവിത്രമായ തൊഴിൽ, സമൂഹത്തെ പ്രബുദ്ധമാക്കുന്നതിലും നയിക്കുന്നതിലും മാധ്യമ പ്രവർത്തകർ നിർണായക പങ്ക് വഹിക്കുന്നു.

മാധ്യമ പ്രവർത്തകർ ഗവേഷകരെപ്പോലെയാണ്. അവർ ഒരു പേന പിടിക്കുമ്പോൾ, ഒരു സംഭവത്തിന്റെ ഉപരിതലം മാത്രമല്ല, അതിന്റെ ആഴങ്ങളും കാണാൻ അവർ ശ്രമിക്കുന്നു. സത്യം കണ്ടെത്താനും യാഥാർത്ഥ്യങ്ങൾ കണ്ടെത്താനും അവർ കഠിനമായി പരിശ്രമിക്കുന്നു. അവരുടെ വസ്തുനിഷ്ഠതയോടെ, അവർ നിഷ്പക്ഷതയുടെ വേദന സഹിക്കുകയും വാർത്തകളുടെ സത്തയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. എന്നാൽ, മാധ്യമ പ്രവർത്തനം ഒരു കലയാണെന്നും ആ കലയുടെ ആചാര്യന്മാർ സമൂഹത്തിന്റെ മനസ്സാക്ഷിയാണെന്നതും മറക്കരുത്.

പത്രപ്രവർത്തനം വെറുമൊരു തൊഴിൽ മേഖലയല്ല, മറിച്ച് പൊതുജനസേവനത്തിനുള്ള ഒരു മാർഗമാണ്. പത്രപ്രവർത്തകരും അവതാരകരും ഈ സത്ത തിരിച്ചറിയുകയും തിരഞ്ഞെടുപ്പ് കാലത്ത് പിആറിന്റെ സ്വാധീനത്തിൽ നിന്നും മുകളിലേക്ക് ഉയർന്നുവന്ന് നിഷ്പക്ഷ കാവൽക്കാരായി മാറുകയും ചെയ്താൽ, ജനാധിപത്യത്തിന്റെ അടിത്തറ ശക്തിപ്പെടും. പൊതുജനാഭിപ്രായം ഉണർത്തപ്പെടും, അധികാരം ഉത്തരവാദിത്തമുള്ളതായി മാറും, ജനാധിപത്യ പാരമ്പര്യം യഥാർത്ഥത്തിൽ ശക്തിപ്പെടും.



Joywali Diwali
FREE
24K LAKSHMI IDOL OR GOLD BAR
500 MG 24K GOLD BAR
SPEND USD 1,250 ON DIAMOND & PRECIOUS STONE JEWELLERY
1 GM 24K LAKSHMI IDOL OR GOLD BAR
SPEND USD 2,200 ON DIAMOND & PRECIOUS STONE JEWELLERY OR SPEND USD 8,200 ON GOLD JEWELLERY
10 GM 24K GOLD BAR
SPEND USD 16,400 ON DIAMOND & PRECIOUS STONE JEWELLERY
SPEND USD 800 ON DIAMOND & PRECIOUS STONE JEWELLERY & GET A
FREE USD 25 CASH VOUCHER
Cash VOUCHER
NO MAKING CHARGES ON 8GM GOLD COINS
0% DEDUCTION ON OLD GOLD EXCHANGE
OFFER VALID FROM 3RD TO 20TH OCT. 2025
SCAN TO EXPLORE NEW JEWELLERY COLLECTIONS
Images are for illustrative purposes only
*Conditions apply / Not applicable for Gold Bars, Gold coins & 24kt Jewellery
Offers Cannot be Combined together.
joyalukkas.com
Joyalukkas
World's favourite jeweller
USA • UK • SINGAPORE • MALAYSIA • AUSTRALIA • UAE • OMAN • QATAR • BAHRAIN • KUWAIT • KSA • INDIA

# ഡോക്ടർ ജേക്കബ് തോമസ് ന്യൂയോർക്ക് ബോട്ട് ക്ലബ് പ്രസിഡന്റ്; ജെയിംസ് എബ്രഹാം സെക്രട്ടറി




ന്യൂയോർക്ക്: കഴിഞ്ഞ 15 വർഷമായി പ്രവർത്തിച്ചുവരുന്ന ന്യൂയോർക്ക് ബോട്ട് ക്ലബിന്റെ പ്രസിഡന്റായി ഡോക്ടർ ജേക്കബ് തോമസിനേയും സെക്രട്ടറിയായി ജെയിംസ് എബ്രഹാമിനെയും തെരെഞ്ഞെടുത്തു.

മറ്റു ഭാരവാഹകൾ: ഷാജി ആലപ്പാട്ട് (വൈസ് പ്രസിഡന്റ്), ജോബി ജോർജ് (ജോയിന്റ് സെക്രട്ടറി), സജി മാത്യു (ട്രഷറർ), ബേബി കുട്ടി തോമസ് (ജോയിന്റ് ട്രഷറർ), കുഞ്ഞ് മാലിയിൽ (എക്സ് ഒഫീഷിയോ), സാം സാമുവൽ (ടീം മാനേജർ), രാജു എബ്രഹാം (ടീം കോർഡിനേറ്റർ), സജി ജേക്കബ് (ടീം ക്യാപ്റ്റൻ), പോൾ കുര്യൻ (വൈസ് ക്യാപ്റ്റൻ)

ഫിലിപ്പ്മഠത്തിൽ, സാബു മാത്യു, അലക്സ് പനക്കാമുറ്റം, രാജു കുര്യാക്കോസ്, ജിബിൻ അലക്സ്, സന്തോഷ് അബി, സാബു മാത്യു, സക്കറിയ കരുവേലിൽ, സോണി വടക്കേൽ,വർഗീസ് ലൂക്കോസ്, ഡിൻസിൽ ജോർജ് (കമ്മറ്റി അംഗങ്ങൾ)

സോമൻ കോശി,തോമസ് ഫിലിപ്പ് എന്നിവരെ ഓഡിറ്റർമാരായും തെരെഞ്ഞെടുത്തു .

ജനറൽ ബോഡി യോഗത്തിൽ വച്ച് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ ചുമതലയേറ്റു.

ദേശീയ- അന്തർദേശീയ മത്സരങ്ങളിൽമികവ് തെളിയിച്ച് മുന്നേറുന്ന ന്യൂയോർക്ക് ബോട്ട് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിയോടെ മുന്നോട്ടു കൊണ്ടുപോകുമെന്നു പ്രസിഡൻറ് സ്ഥാനം ഏറ്റെടുത്തുകൊണ്ട് ഡോക്ടർ ജേക്കബ് തോമസ് പറഞ്ഞു. ദേശീയ -അന്തർദേശീയമത്സരങ്ങൾ സംഘടിപ്പിക്കാനും, പങ്കാളിത്തം വഹിക്കാനും ക്ലബ്ബിന് എല്ലാ വള്ളംകളി പ്രേമികളുടെയും സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.



മുൻകാല രേഖകളും കത്തുകളും കൈമാറുന്ന നടപടിക്രമം പൂർത്തീകരിച്ചതായും അദ്ദേഹം അറിയിച്ചു.

പുതിയ ഭാരവാഹികളെ പൊതുയോഗത്തിന് പരിചയപ്പെടുത്തിക്കൊണ്ട് മുൻ പ്രസിഡണ്ട് കുഞ്ഞു മാലിയിൽ (തോമസ് സാമുവൽ) സംസാരിച്ചു.

# 'ടീം വോയിസ് ഓഫ് ഫോമാ' സംഘടിപ്പിച്ച മീറ്റ് ആൻഡ് ഗ്രീറ്റ് വൻവിജയം



ന്യു യോർക്ക്: ഫോമായുടെ അടുത്ത ഭരണസമിതിയുടെ സാരഥ്യമേൽക്കാൻ മത്സരരംഗത്തുള്ള 'ടീം വോയിസ് ഓഫ് ഫോമാ' വെസ്റ്റ്ചെസ്റ്ററിൽ ഇന്ത്യ കഫെയിൽ മീറ്റ് ആൻഡ് ഗ്രീറ്റ് നടത്തി. ഫോമാ എമ്പയർ റീജിയനിൽ നിന്നും സമീപ സ്ഥലങ്ങളിൽ നിന്നുമുള്ള ഒട്ടേറെ സുഹൃത്തുക്കൾ പങ്കെടുക്കുകയും ടീമിന് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു.

എമ്പയർ റീജിയൻ ആർവി, പി പി.ടി തോമസ് ആമുഖ പ്രസംഗം നടത്തുകയും സ്ഥാനാർത്ഥികളെ പരിചയപ്പെടുത്തുകയും അവരുടെ സേവനങ്ങൾ എടുത്തുകാട്ടുകയും ചെയ്തു.

പാനലിലെ പ്രസിഡൻഷ്യൽ സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ തന്റെ പാനലിലെ അംഗങ്ങളെ ഔദ്യോഗികമായി പരിചയപ്പെടുത്തി. സംഘടനയിൽ സ്തുത്യർഹമായ പ്രവർത്തിച്ച പരിചയവുമായാണ് തങ്ങൾ ഇവിടെ നിൽക്കുന്നത്. എക്സ്പീരിയൻസ് ഒരു അയോഗ്യതയായി കാണരുതെന്നാണ് തങ്ങളുടെ അഭ്യർത്ഥന.

ഫോമാ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കാൻ കഴിഞ്ഞ വർഷവും ഒരുപാടുപേർ നിർബന്ധിച്ചെങ്കിലും ട്രഷറർ എന്ന നിലയിലുള്ള ഉത്തരവാദിത്വത്തിന്റെ ഭാരം കാരണമാണ് അത് വേണ്ടെന്ന് വച്ചതെന്ന് തോണിക്കടവിൽ പറഞ്ഞു. ഡോ.ജേക്കബ് തോമസ് പ്രസിഡന്റായിരുന്ന കമ്മിറ്റിയിൽ രണ്ടു തവണയായി കേരള കൺവൻഷൻ നടത്തിയതും സൗജന്യ ക്യാൻസർ പരിശോധന നടത്തിയതും കുട്ടികൾക്കുവേണ്ടി 'സമ്മർ ടു കേരള' പരിപാടി സംഘടിപ്പിച്ചതുമുൾപ്പെടെയുള്ള നേട്ടങ്ങൾ അദ്ദേഹം ചൂണ്ടിക്കാട്ടി.

ഫോമാ അംഗങ്ങളുടെ സഹകരണവും സംഭാവനയും കൊണ്ടാണ് പുന്റ കാന കൺവൻഷൻ ഗംഭീരമാക്കിത്തീർക്കാനും മിച്ചം പിടിച്ച 88,000 ഡോളർ പുതിയ കമ്മിറ്റിയെ ഏൽപ്പിക്കാൻ സാധിച്ചതും- അദ്ദേഹം ആത്മാഭിമാനത്തോടെ എടുത്തുപറഞ്ഞു.

ഫോമാ പോലുള്ള സംഘടനയിൽ ഏറ്റവും കൂടുതൽ ജോലി ചെയ്യാനുള്ളത് ട്രഷററിനാണെന്ന് വിശ്വസിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. നാട്ടിലൊരു തൊഴിലാളി നേതാവായിരുന്നതുകൊണ്ട് വലിപ്പച്ചെറുപ്പമില്ലാതെ ഏവരുമായി ചേർന്ന് പ്രവർത്തിക്കാൻ തനിക്ക് കഴിയുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കി.

ഇപ്പോഴത്തെ കമ്മിറ്റിയിൽ

ഇരുന്നുകൊണ്ട് കാലില്ലാത്തവർക്ക് കൃത്യമ കാൽ വിതരണം ചെയ്യുന്നതിന് ചുക്കാൻ പിടിക്കുന്ന പോൾ ജോസാണ് തന്റെ പാനലിലെ ജനറൽ സെക്രട്ടറി സ്ഥാനാർഥി. ന്യൂയോർക്ക് കേരളസമാജം അമ്പതാം വാർഷികം ആഘോഷിച്ചപ്പോൾ പ്രസിഡന്റ് ആയി അതിനു ചുക്കാൻ പിടിച്ചത് ഉൾപ്പടെ ഏറെ അനുഭവസമ്പത്ത് അദ്ദേഹത്തിനുണ്ടെന്നും ബിജു തോണിക്കടവിൽ ചൂണ്ടിക്കാട്ടി.

വൈസ് പ്രസിഡന്റായി തനിക്കൊപ്പം മുൻപ് പ്രവർത്തിച്ചിട്ടുള്ള പ്രദീപ് നായരാണ് പാനലിലെ ട്രഷറർ സ്ഥാനാർഥി. സംഘടനയെ ഏറെ സ്നേഹിക്കുന്ന അഹങ്കാരമില്ലാത്ത വ്യക്തിത്വത്തിനുടമയാണ് പ്രദീപെന്നും തോണിക്കടവിൽ അഭിപ്രായപ്പെട്ടു. ഗ്ലോബൽ കോ-ഓർഡിനേറ്റർ എന്ന നിലയിൽ അദ്ദേഹത്തിന്റെ സ്തുത്യർഹമായ പരിശ്രമം കൊണ്ടാണ് കോവിഡായിട്ടും കഴിഞ്ഞ കൺവൻഷനിൽ എല്ലാ അതിഥികൾക്കും എത്തിച്ചേരാൻ സാധിച്ചതെന്നും ചൂണ്ടിക്കാട്ടി.

നാട്ടിൽ രാഷ്ട്രീയ രംഗത്തു തിളങ്ങിയ സാമ്മ്യുചാൽ മത്തായിയാണ് വൈസ് പ്രസിഡന്റ് സ്ഥാനാർഥി. ഇവിടെ ബിസിനസ് രംഗത്തും സംഘടനാ രംഗത്തും വേറിട്ട നേട്ടങ്ങൾക്ക് ഉടമയാണ് ആദ്ദേഹം.

കോവിഡ് സമയത്തെ പ്രവർത്തനങ്ങൾക്ക് അരിസോണയിൽ ബെസ്റ്റ് കമ്മ്യൂണിറ്റി ഡോക്ടറായി തിരഞ്ഞെടുക്കപ്പെട്ട ഡോ.മഞ്ജു പിള്ളയാണ് ജോയിന്റ് സെക്രട്ടറിയായി പാനലിലുള്ളത്. നിലവിൽ ഫോമാ വിമൻസ് ഫോറത്തിന്റെ ജോയിന്റ് ട്രഷററാണ്.

ചിക്കാഗോ മലയാളി അസോസിയേഷന്റെ മുൻ പ്രസിഡന്റ് ജോൺസൺ കണ്ണൂക്കാടനാണ് പാനലിലെ ജോയിന്റ് ട്രഷറർ സ്ഥാനാർത്ഥി.





ഫോമയുടെ ഹൃദയമിടിപ്പുകൾ അറിഞ്ഞ ശേഷമാണ് തങ്ങൾ ഇവിടെ നിന്നുകൊണ്ട് വോട്ട് അഭ്യർത്ഥിക്കുന്നതെന്ന് പോൾ ജോസ് വ്യക്തമാക്കി. ഇതൊരു നിലനില്പിന്റെ പ്രശ്നമാണെന്നും നമ്മൾ കെട്ടിപ്പടുത്ത സംഘടനയെ തകർക്കാതിരിക്കാൻ തങ്ങളെ വിജയിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ത്യാഗോജ്ജ്വലമായ തീക്ഷ്ണമായ പ്രയത്നംകൊണ്ട് ഫോമായെ മുൾമെത്തയിൽ നിന്ന് പട്ടുമെത്തയിലേക്ക് ഇറക്കിയെടുത്ത ഈ പ്രസ്ഥാനത്തിന്റെ നെടുംതൂണായ മുൻ തലമുറയിൽ പ്പെട്ടവരോട് ആലോചിക്കാതെ തീരുമാനങ്ങൾ എടുക്കില്ലെന്ന് സ്ഥാനാർഥികൾ ഉറപ്പു നൽകി. ലോകത്തിലെ ഏറ്റവും വലിയ മലയാളി സംഘടനയായി ഫോമയെ മുന്നോട്ടുകൊണ്ടുപോകുന്ന ഇപ്പോഴത്തെ കമ്മിറ്റി, സാങ്കേതിക പിന്തുണ നൽകുന്ന പുതുതലമുറ, സ്ത്രീകൾ എന്നിങ്ങനെ ഏവരുടെയും അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ട് മുന്നോട്ടുപോകുമെന്നും കൂട്ടിച്ചേർത്തു. വാഗ്ദാന പാലനമാണ് തങ്ങളുടെ ശീലമെന്നും വാഗ്ദാനലംഘനമല്ലെന്നും പോൾ ജോസ് വ്യക്തമാക്കി.

വിജയിച്ചാൽ ചെയ്യാൻ പോകുന്ന കാര്യങ്ങളുടെ ഒരു രൂപരേഖയും അവർ അവതരിപ്പിച്ചു. ബൈലോ പറയുന്നത് അനുസരിച്ചു മാത്രമേ പ്രവർത്തിക്കൂ എന്ന് ഉറപ്പും നൽകി.

വെസ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ പ്രസിഡന്റ് തോമസ് കോശി, ഷിനു ജോസഫ്, സണ്ണി കല്ലൂപ്പാറ, സുരേഷ് നായർ, സോണി വടക്കേൽ, എ.വി. വർഗീസ്, ഗോപിനാഥ കുറുപ്പ്, കുര്യാക്കോസ് വർഗീസ്, മോൻസി വർഗീസ്, മോളമ്മ വർഗീസ്, ഷോബി ഐസക് തുടങ്ങിയവർ പങ്കെടുത്തവരിൽ പെടുന്നു.



Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# കെഎച്ച്എൻഎയുടെ 'മൈഥിലി മാ 2025 -2027' പദ്ധതിക്ക് ഔദ്യോഗിക തുടക്കം

**മധു നമ്പ്യാർ**
കെഎച്ച്എൻഎ മീഡിയ ടീം

ഫ്ലോറിഡ: നവംബർ7, വെള്ളിയാഴ്ച കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്കയുടെ (KHNA)യുടെ വനിതാ സംരംഭമായ മൈഥിലി മാ 2025-2027യുടെ ഔദ്യോഗിക ഉദ്ഘാടനം സൂം മീറ്റിംഗിലൂടെ നടന്നു. വൈകുന്നേരം 7:00 PM EST-ന് ആരംഭിച്ച പരിപാടിയിൽ അമേരിക്കയിലെയും ഇന്ത്യയിലെയും അംഗങ്ങൾ പങ്കുചേർന്നു, മാതൃത്വം, ആത്മീയത, സാംസ്കാരിക ഐക്യം എന്നിവയെ ആധാരമാക്കി.

ദുർഗാ ലക്ഷ്മിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച പരിപാടിയിൽ കെഎച്ച്എൻഎ ജനറൽ സെക്രട്ടറി സിനു നായർ സ്വാഗതം ആശംസിച്ചു. കെഎച്ച്എൻഎ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ അധ്യക്ഷ പ്രസംഗം നടത്തി. കഴിഞ്ഞ നാലു വർഷമായി വിജയകരമായി നടന്നുവരുന്ന മൈഥിലി മാ ലളിതാ സഹസ്രനാമം പരിപാടിക്ക് പിന്തുണ നൽകിയ അമ്മമാരോട് അദ്ദേഹം പ്രത്യേകം നന്ദി അറിയിച്ചു. വരുന്ന മണ്ഡലകാലത്തെ ശബരിമല സൗജന്യ ബസ് സർവീസ്, മാർച്ചിലെ ആറ്റുകാൽ പൊങ്കാല തുടങ്ങിയ KHNAയുടെ പദ്ധതികളെക്കുറിച്ച് വിശദീകരിക്കുകയും, സംഘടനയുടെ ദീർഘകാല ലക്ഷ്യങ്ങൾക്കായി സമൂഹത്തിന്റെ അനുഗ്രഹവും പിന്തുണയും അഭ്യർത്ഥിക്കുകയും ചെയ്തു.



തൃപ്പൂണിത്തുറ ഗവ. സംസ്കൃത കോളേജിലെ സംസ്കൃത പ്രൊഫസറും പ്രമുഖ പണ്ഡിതയുമായ ഡോ. സരിത മഹേശ്വരൻ ആയിരുന്നു മുഖ്യാതിഥി. ശാന്താ പിള്ളൈ മുഖ്യാതിഥി




യെ സദസ്സിന് പരിചയപ്പെടുത്തി. സ്ത്രീകളുടെ ആത്മീയ ഊർജ്ജം, പ്രാർത്ഥനയുടെ പ്രാധാന്യം, കുടുംബത്തിൽ ഐക്യം നിലനിർത്തുന്നതിലുള്ള അവരുടെ പങ്ക് എന്നിവയെക്കുറിച്ച് ഡോ. സരിത മഹേശ്വരൻ സംസാരിച്ചു. മൈഥിലി മാ പോലുള്ള കൂട്ടായ്മകൾ ഹിന്ദു ഐക്യത്തിനും യുവതലമുറയിലേക്ക് ആത്മീയ പാരമ്പര്യം കൈമാറ്റം ചെയ്യുന്നതിനും നിർണായകമാണെന്നും അവർ ചൂണ്ടിക്കാട്ടി.

യോഗക്ഷേമ സഭയുടെ സംസ്ഥാന വനിതാ വിഭാഗം പ്രസിഡന്റായ മല്ലിക നമ്പൂതിരി പ്രത്യേക അതിഥിയായി പങ്കെടുത്തു. KHNAയുടെ ചാരിറ്റി പ്രവർത്തനങ്ങളെയും ലളിതാ സഹസ്രനാമം പാരായണത്തെയും അവർ പ്രശംസിച്ചു. തുടർന്ന് യോഗക്ഷേമ സഭാ സംസ്ഥാന സെക്രട്ടറി വത്സലാ പണിക്കത്ത് ലളിതാ സഹസ്രനാമം പാരായണത്തിന് നേതൃത്വം നൽകുകയും, നിരവധി വനിതകൾ പ്രാർത്ഥനയിൽ പങ്കുചേരുകയും ചെയ്തു.

ശാന്താ പിള്ളൈ, രാധാമണി നായർ, ഗീതാ ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട് എന്നിവരാണ് മൈഥിലി മായുടെ 2025–2027 കാലയളവിലെ നേതൃത്വം വഹിക്കുന്നത്. രാധാമണി നായർ, മൈഥിലി മാ പരിപാടിയുടെ പുരോഗതിയും ലളിതാ സഹസ്രനാമം കുടുംബ സമാധാനത്തിനും ഐശ്വര്യത്തിനും എങ്ങനെ സഹായകമാകുമെന്നും വിശദീകരിച്ചു. ആഴ്ചതോറും ലളിതാ സഹസ്രനാമം ചൊല്ലുന്നതിന്റെ പ്രാധാന്യം ഗീതാ ഉണ്ണികൃഷ്ണൻ ഓർമ്മിപ്പിച്ചു.

റിച്ച്മണ്ടിൽ നിന്നുള്ള സരിക നായർ പരിപാടിയുടെ എം.സി. ആയി പ്രവർത്തിച്ചു. കെഎച്ച്എൻഎയുടെ ട്രസ്റ്റി ബോർഡ് മെമ്പർ ഡോ. തങ്കം അരവിന്ദ് നന്ദി പ്രസംഗം നടത്തി.

മാതൃത്വത്തെ ആദരിക്കുകയും ആത്മീയതയും സാംസ്കാരിക ഐക്യവും വളർത്തുകയും ചെയ്യുന്ന മൈഥിലി മാ 2025–2027, KHNAയുടെ പ്രവർത്തന ചരിത്രത്തിലെ ഒരു പുതിയ അധ്യായമാണ്. എല്ലാ വെള്ളിയാഴ്ചയും ഈസ്റ്റേൺ ടൈം വൈകുന്നേരം 7 മണിക്ക് സൂമിലാണ് മൈഥിലി മാ പരിപാടി നടക്കുക. സൂം ഐഡി 88275224714.

കെ എ ച്ച് എൻ എ യു ടെ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് സഞ്ജീവ് കുമാർ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ബോർഡ് ഓഫ് ഡയറക്ടേഴ്സ്, ട്രസ്റ്റീ ബോർഡ് എന്നിവർ സംയുക്തമായി എല്ലാ അമ്മമാരെയും പരിപാടികളിൽ പങ്കെടുക്കാൻ അഭ്യർത്ഥിച്ചു.


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# കാലം മാറി; വനിതാ ക്രിക്കറ്റ് ആവേശമായി




**സനിൽ പി.തോമസ്**

വനിതകളുടെ ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ അരങ്ങേറിയ വർഷം.1978. നായികയായി നിശ്ചയിച്ചത് മലയാളിയെയാണ്. വിമാനം വൈകിയതിനാൽ മത്സരം തുടങ്ങുംമുമ്പ് എത്താനായില്ല. മറ്റൊരാൾ നായികയാവുകയും ചെയ്തു. സൂസൻ ഇട്ടിച്ചെറിയയ്ക്കാണ് 1978ൽ നായിക സ്ഥാനം നഷ്ടമായത്.

വനിതാ ലോക കപ്പ് ക്രിക്കറ്റ് തുടങ്ങിയ 1973 ൽ ഇന്ത്യ മത്സരിച്ചില്ല. ഇംഗ്ലണ്ടിലാണ് മത്സരങ്ങൾ നടന്നത്. രണ്ടാം ലോക കപ്പ് 1978ൽ ഇന്ത്യയിൽ നടന്നപ്പോൾ ആതിഥേയരും പങ്കെടുത്തു.

1978 ജനുവരി ഒന്നിന് കൊൽക്കത്ത ഈഡൻ ഗാർഡൻസിലായിരുന്നു ഇന്ത്യയുടെ ആദ്യ മത്സരം. ഇംഗ്ലണ്ട് ആയിരുന്നു എതിരാളികൾ. മത്സരത്തലേന്നാണ് ക്യാപ്റ്റനെ നിശ്ചയിച്ചത്. തമിഴ്നാടിന്റെ മലയാളി താരം സൂസൻ ഇട്ടിച്ചെറിയയെ നായികയായി തിരഞ്ഞെടുത്തു. തിരുവല്ലയ്ക്കടുത്ത് നിരണം സ്വദേശിനിയാണ് സൂസൻ. പുനെയിൽ ഓസ്ട്രേ്രേലിയക്കെതിരെ നടന്ന സന്നാഹ ഏക ദിന മത്സരത്തിൽ പ്രസിഡൻറ്സ് ഇലവന്റെ നായികയായിരുന്ന സൂസൻ മത്സരം കഴിഞ്ഞ് മുംബൈയിൽ എത്തിയപ്പോഴാണ് തന്നെ ഇന്ത്യൻ നായികയാക്കിയെന്ന സന്തോഷ വാർത്ത അറിഞ്ഞത്. ജനുവരി ഒന്നിനു പുലർച്ചെ കൊൽക്കത്തയിൽ



എത്താനായിരുന്നു നിർദേശം. മറ്റു മൂന്നു താരങ്ങളും സൂസന് ഒപ്പമുണ്ടായിരുന്നു. ഇവരുടെ വിമാനം നാഗ്പൂരിൽ എത്തിയപ്പോൾ കനത്ത മൂടൽ മഞ്ഞ്. വിമാനം ലാൻഡ് ചെയ്യാൻ വൈകി. ഒടുവിൽ കൊൽക്കത്തയിൽ എത്തിയപ്പോൾ കളി ഏതാണ്ട് തുടങ്ങി. സൂസനു പകരം ഡയാനാ എഡുൾജി ഇന്ത്യൻ നായികയായി. ടീമിൽ എന്തായാലും സൂസനു സ്ഥാനം കിട്ടി. അതിനു മുമ്പേ വനിതകളുടെ ടെസ്റ്റ് ക്രിക്കറ്റിൽ സൂസൻ അരങ്ങേറിയിരുന്നു.

രാജ്യാന്തര വനിതാ ക്രിക്കറ്റ് കൗൺസിലിന്റെ കീഴിൽ ഇന്ത്യൻ വനിതാ ക്രിക്കറ്റ് അസോസിയേഷൻ ഇന്ത്യയിലെ വനിതാ ക്രിക്കറ്റ് നിയന്ത്രിച്ചിരുന്ന കാലമായിരുന്നത്. വനിതാ ക്രിക്കറ്റിന് രഞ്ജി ട്രോഫിയുടെ പരിഗണനപോലും കിട്ടാതിരുന്ന കാലം.

അന്ന് ഇന്ത്യയുടെ ലോക കപ്പ് ക്രിക്കറ്റ് ടീമിൽ കേരളത്തിൽ ജനിച്ച മറ്റൊരു കളിക്കാരി കൂടിയുണ്ടായിരുന്നു. തമിഴ്നാടിന്റെ സുധാ ഷാ. സുധ ജനിച്ചത് കണ്ണൂരിൽ ആണ്. സുധയുടെ പിതാവ് പക്ഷേ, തമിഴ്നാട്ടുകാരനാണ്. മാതാവ് മലയാളിയും. സുധയും ഒരിക്കൽ മാത്രമാണ് ലോക കപ്പിൽ കളിച്ചത്. അവർ പിന്നീട് ഇന്ത്യൻ നായികയും ഇന്ത്യൻ ടീമിന്റെ പരിശീലകയുമായി. 2005 ൽ ഇന്ത്യ ഫൈനലിൽ എത്തിയ ലോക കപ്പിൽ സുധയായിരുന്നു പരിശീലക. 2000, 2009 ലോക കപ്പുകളിലും സുധാ ഷാ പരിശീലകയായുണ്ടായിരുന്നു.

2005 ൽ ദക്ഷിണാഫ്രിക്കയിൽ മിതാലിയായിരുന്നു ഇന്ത്യൻ നായിക. ഫൈനലിൽ ഓസ്ട്രേലിയയോട് പരാജയപ്പെട്ട ഇന്ത്യൻ വനിതാ ടീമിനെ ആരും ശ്രദ്ധിച്ചില്ല. ഏതാനും ദിവസം കഴിഞ്ഞപ്പോൾ സ്പോൺസർമാരായ സഹാറ കളിക്കാർക്ക് സമ്മാനിച്ചത് 9000 രൂപയുടെ വീതം ചെക്ക്. അതിന് രണ്ടു വർഷം മുമ്പ് പുരുഷ ടീം റണ്ണേഴ്സ് അപ്പ് ആയപ്പോൾ പുനെയിൽ സഹാറയുടെ ആംബി വാലായിൽ ആഡംബര അപ്പാർട്മെന്റുകൾ സമ്മാനിച്ചു. വിവിധ സ്ഥാപനങ്ങൾ നൽകിയ ചെക്കുകൾ വേറെ.

2017ൽ ഇംഗ്ലണ്ടിൽ ഇന്ത്യ വീണ്ടും ഫൈനലിൽ തോറ്റു. മിതാലി തന്നെയായിരുന്നു നായിക. 2017ൽ വനിതാ ലോക കപ്പിലെ എല്ലാ മത്സരങ്ങളും തൽസമയം സംപ്രേഷണം ചെയ്തു. ഐ.സി.സിയുടെ സാമൂഹിക മാധ്യമ പ്ളാറ്റ്ഫോമുകളിൽ എത്തിയത് 10 കോടി പേർ. ഇംഗ്ലണ്ടിൽ നിന്നു മിതാലിയുടെ ടീം മടങ്ങി വന്നപ്പോൾ വൻ സ്വീകരണമാണു ലഭിച്ചത്.

വനിതാ ക്രിക്കറ്റ് ബി.സി.സി.ഐയുടെ കീഴിൽ വരും മുമ്പ് ക്രിക്കറ്റിൽ സജീവമായവരാണ് മിതാലിയും ജൂലനും.

കാലം മാറി. ഇക്കുറി വനിതാ ടീമിന്റെ വിജയം ആഘോഷിക്കുവാൻ രാജ്യം ഉണർന്നിരുന്നു. ഇന്ത്യൻ ടീമിന് ബി.സി.സി.ഐ. സമ്മാനമായി നൽകിയത് 51 കോടി രൂപ.

# ഫൊക്കാനയെ പുതിയ തലത്തിലേക്ക് ഉയർത്തുക ലക്ഷ്യമിട്ട് ഫിലിപ്പോസ് ഫിലിപ്പും ടീം ഇന്റഗ്രിറ്റിയും




ന്യൂയോർക്ക്: ഫൊക്കാനയുടെ മുന്നോട്ടുള്ള കുതിപ്പിനു കരുത്തുപകരുകയും പുതിയ പദ്ധതികളും കൂടുതൽ ജനപങ്കാളിത്തവുമായി സംഘടനയെ പുതിയ തലത്തിൽ എത്തിക്കുമെന്നും ഉറപ്പുനൽകി ഫിലിപ്പോസ് ഫിലിപ്പ് നേതൃത്വം നൽകുന്ന 'ടീം ഇന്റഗ്രിറ്റി.' സമൂഹത്തിലും സംഘടനയിലും മികച്ച പ്രവർത്തനങ്ങൾ നടത്തി ശ്രദ്ധേയരായ സന്തോഷ് നായർ (ജനറൽ സെക്രട്ടറി-ചിക്കാഗോ), ലിൻഡോ ജോളി (എക്സിക്യൂറ്റിവ് വൈസ് പ്രസിഡന്റ്-ഫ്ലോറിഡ), ആന്റോ വർക്കി (ട്രഷറർ-ന്യൂയോർക്ക്), ഷൈനി രാജു (വിമൻസ് ഫോറം ചെയർ-ന്യൂജേഴ്സി) എന്നിവരാണ് ഫിലിപ്പോസ് ഫിലിപ്പിനൊപ്പം പുതിയ കർമ്മ പദ്ധതികളുമായി രംഗത്തു വന്നത്.

മൂന്നു പതിറ്റാണ്ടിലേറെ പ്രതിസന്ധികളിൽ സംഘടനയോടൊപ്പം നിന്ന് സംഘടനയുടെ ഉയർച്ചയിൽ ഭാഗഭാക്കായ ചരിത്രമാണ് ഫിലിപ്പോസിന്റേത്. കേസുകൾ കൊടുത്ത് സംഘടനയുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കാൻ ചിലർ ശ്രമിച്ചപ്പോൾ അവയെ കോടതിയിൽ പരാജയപ്പെടുത്തി ഫൊക്കാനയുടെ കെട്ടുറപ്പ് സംരക്ഷിച്ച നേതാവാണ് ഫിലിപ്പോസ് ഫിലിപ്പ്. സംഘടനയുടെ എമ്ബ്ലവും പേരും വരെ കോടതി കയറിയപ്പോൾ ശക്തമായ ചെറുത് നില്പ് നടത്തിയതുകൊണ്ടാണ് സംഘടനാ പലതാകാതെ പോയത്. ഫൊക്കാന ലീഗൽ കോർഡിനേറ്റർ എന്ന നിലയിൽ 2018 മുതലുള്ള 7 വ്യവഹാരങ്ങളിലും ഫൊക്കാനയെ പ്രതിരോധിക്കുകയും എതിർ കക്ഷികൾ സമർപ്പിച്ച ഹർജികൾക്കെതിരെ വിജയം നേടുകയും ചെയ്തു.

വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ കേരളത്തിൽ രാഷ്ട്രീയ പ്രവർത്തനം നടത്തി സംഘടന ശേഷി തെളിയിച്ച സന്തോഷ് നായർ ഇപ്പോൾ ഫൊക്കാന ആർവിപി ആണ്. ഫൊക്കാനയുടെ നേതൃത്വത്തിൽ ഈ മാസം അവസാനം വോളി ബോൾ ടൂർണമെന്റും സംഘടിപ്പിക്കുന്നു.

ആദ്യമായി ഫൊക്കാന സ്റ്റാർ സിംഗർ പ്രോഗ്രാമും സ്പെല്ലിംഗ് ബിയും സംഘടിപ്പിച്ചു. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരള ചാപ്റ്റർ ജനറൽ സെക്രട്ടറിയും ചിക്കാഗോ ചാപ്റ്റർ പ്രസിഡന്റും ആയിരുന്നു. ഇപ്പോൾ ഐഒസി യുഎസ്എ കോർ കമ്മിറ്റി അംഗവും ചിക്കാഗോ ബ്രദേഴ്‌സ് ക്ലബ് പ്രസിഡന്റുമാണ്.

ഫൊക്കാനയുടെ ഫ്ളോറിഡ ആർ വി പി ആയ ലിൻഡോ ജോളി സംഘടനാ രംഗത്തും വ്യക്തിപരമായും മികച്ച പ്രവർത്തനങ്ങൾക്കും വലിയ നേട്ടങ്ങൾക്കും ഉടമയാണ്. ചെറുപ്പം മുതൽ പൈലറ്റാകുക എന്ന ആഗ്രഹത്തിൽ അമേരിക്കൻ നിലവാരത്തിലുള്ള പ്രൊഫഷണൽ പരിശീലന സ്കൂൾ ആരംഭിക്കുകയും നിരവധി ചെറുപ്പക്കാരെ വൈമാനികരാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. നിരവധി ബിസിനസ് സംരംഭങ്ങളും ഇതൊടൊപ്പം ലിൻഡോ ജോളി നടത്തുന്നു. ഹൈ എൻഡ് ബിസിനസുകാരനായ ഇദ്ദേഹത്തിന് നിരവധി ഗ്യാസ് സ്റ്റേഷനുകളുമുണ്ട്. ഇത്തരം സംരംഭങ്ങളിലൂടെ നിരവധി മലയാളികൾക്ക് തൊഴിൽ നൽകുന്നു.

സാംസ്കാരികവും കായികവുമായ ഇവന്റുകൾ സംഘടിപ്പിക്കുകയും സ്പോൺസർ ചെയ്യുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൽ എന്നും മുമ്പിലാണ് ലിന്റോ. ചാരിറ്റി രംഗത്തും മുന്നിലാണ്.

എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് എന്ന നിലയിൽ ഫൊക്കനയ്ക്ക് ലിൻഡോ ജോളി വലിയ മുതൽക്കൂട്ടായിരിക്കും എന്നതിൽ സംശയമില്ല.

ഫൊക്കാന ന്യൂ യോർക്ക് റീജനൽ വൈസ് പ്രസിഡന്റ് കൂടിയായ ആന്റോ വർക്കി വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ മുൻ പ്രസിഡന്റും ഇപ്പോഴത്തെ കോഓർഡിനേറ്ററും ആണ്.

വൈസ്മെൻസ് ക്ലബ്ബിന്റെ കമ്മിറ്റി മെംബർ കൂടിയാണ്. അമേരിക്കയിലും കേരളത്തിലും നിരവധി സംഘടനകളിൽ നിർണായക സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള ഈ യുവനേതാവ് 2023 മുതൽ സിറോ മലബാർ കാത്തലിക് കോൺഗ്രസിന്റെ ബ്രോങ്ക്സ് ചാപ്റ്റർ പ്രസിഡന്റ് ആയും പ്രവർത്തിക്കുന്നു.

ഇന്ത്യൻ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്കയുടെ പ്രസിഡന്റ് ആയും പ്രവർത്തിച്ചിട്ടുള്ള ആന്റോ ഇപ്പോഴത്തെ ട്രസ്റ്റീ ബോർഡ് മെംബർ കൂടിയാണ്.

ന്യൂ ജേഴ്സിയിലെ പ്രമുഖ മലയാളീ സംഘടനയായ മലയാളീ അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ (മഞ്ച്) മുൻ പ്രസിഡന്റ് ഡോ. ഷൈനി രാജു വിമെൻസ് ഫോറം എക്യൂട്ടിവ് കമ്മിറ്റി മെംബർ, റീജണൽ വിമെൻസ് ഫോറം കോർഡിനേറ്റർ, നാഷണൽ കമ്മിറ്റി മെംബർ തുടങ്ങി നിരവധി സ്ഥാനങ്ങൾ ഫൊക്കാനയിൽ വഹിച്ചിട്ടുണ്ട്.

അവതാരക, സംഘടനാ പ്രവർത്തക, മത-സാംസ്കാരിക പ്രവർത്തക, ചാരിറ്റി പ്രവർത്തക, അദ്ധ്യാപിക, ഹെൽത്ത് കെയർ പ്രോഫഷണൽ തുടങ്ങി നിരവധി മേഖലകളിൽ തനതായ വ്യക്തി മുദ്ര പതിപ്പിച്ച ബഹുമുഖപ്രതിഭയാണ് ന്യൂജേഴ്സിക്കാരുടെ അഭിമാനമായ ഡോ. ഷൈനി രാജു.

ഡോ. ഷൈനിയുടെ നേതൃത്വത്തിൽ മഞ്ച് നിരവധി ചാരിറ്റി പ്രവത്തനങ്ങൾ നടത്തുകയും സംഘടയുടെ പ്രവർത്തനം വിപുലീകരിക്കുകയും ചെയ്തു.

ന്യൂ ജേഴ്സിയിലെ എസക്സ് കൗണ്ടി കോളേജ്, കേൾഡ് വെൽ യൂണിവേഴ്സിറ്റി എന്നിവടങ്ങളിൽ മാത്തമാറ്റിസ് അദ്ധ്യാപികയായി സേവനം ചെയ്യുന്ന ഡോ. ഷൈനി ഹെൽത്ത് കെയർ പ്രൊഫഷണൽ കുടിയാണ്. എസക്സ് കൗണ്ടി കോളേജിൽ റേഡിയോളജി വിഭാഗത്തിൽ ക്ലിനിക്കൽ കോർഡിനേറ്റർ കൂടിയാണ് അവർ.

കേരളത്തിൽ നിന്നും മത്തമാറ്റിസിൽ മാസ്റ്റേഴ്സ് കഴിഞ്ഞ ഡോ.ഷൈനി ന്യൂ ജേഴ്സി സ്റ്റേറ്റ് കോളേജിൽ നിന്നും എം എസും, അതിന് ശേഷം PHD യും കാരസ്ഥമാക്കിയിട്ടുണ്ട്. മത്തമാറ്റിസിൽ പി എച് ഡി യുള്ള ചുരുക്കം ചില ആളുകളിൽ ഒരാളാണ് ഷൈനി .

# മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ചിൻറെ സുവർണ്ണ ജൂബിലി



ജോൺ വേറ്റം

സ്റ്റാറ്റൻ ഐലൻഡിൽ സ്ഥാപിച്ച മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് സിറിയൻ ചർച്ചിൻറെ സുവർണ്ണ ജൂബിലി രണ്ട് ദിവസം നീണ്ടുനിന്ന ആഘോഷങ്ങളോടെ നടന്നു. ഈ ദൈവാലയത്തിൻറെ മഹത്തായ സേവനങ്ങളെയും സംഭാവനകളെയും അനുസ്മരിപ്പിച്ച അതിമനോഹരമായ ആഘോഷം ഒക്ടോബർ മുപ്പത്തിഒന്ന്, നവംബർ ഒന്ന്, എന്നീ തീയതികളിൽ, ബ്രിയാൽ അവന്യുവിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത ദൈവാലയത്തിൽ ഭക്തിപൂർവ്വം ആത്മീയനിറവിൽ നടത്തി. തിരുസഭയുടെ വികസന പുരോഗതിയെ അനുസ്മരിപ്പിക്കുകയും, പാരമ്പര്യമായ വിശ്വാസങ്ങളെ പുതുക്കിപ്പൊലിപ്പിക്കുകയും ചെയ്ത ഈ ആഘോഷം, ആകമാനവിശ്വാസി സമൂഹത്തിനു അവിസ്മരണീയമായ അനുഭവമായി.

ജൂബിലി ആഘോഷത്തിൻറെ ഉദ്ഘാടനം ഒക്ടോബർ മുപ്പത്തിഒന്നാം തീയതി വെള്ളിയാഴ്ച വൈകുന്നേരം അഞ്ചരമണി നേരമായപ്പോൾ, ദൈവജനങ്ങൾ ഒന്നിച്ചു ചേർന്നു. കോർ എപ്പിസ്കോപ്പാ യേശുദാസൻ പാപ്പൻ, ഡോ. സി. കെ. രാജൻ, ചെറിയാൻ മുണ്ടക്കൽ, തോമസ് മാത്യു, മാത്യു തോമസ്, സണ്ണി ജോസഫ്, ബേസിൽ കുര്യൻ മണ്ണാത്തിക്കുളം എന്നീ ഏഴ് പട്ടക്കാർ നയിച്ച സന്ധ്യാ പ്രാർത്ഥനയിലും, ഉയർത്തിയ പ്രാർത്ഥനാഗീതങ്ങളിലും ദിവ്യമായ ആത്മീയചേതന നിറഞ്ഞുനിന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിമാനവും, സത്യവിശ്വാസത്തിൻറെ പ്രകാശമുദ്രയുമായ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ വിശുദ്ധ ജീവിതവും, തപസ്യയും സംബന്ധിച്ച്, ബേസിൽ കുര്യൻ മണ്ണാത്തിക്കുളം അച്ചൻ നൽകിയ ആത്മീയ പ്രഭാഷണം, ജനമനസ്സുകളെ

ദിവ്യഭക്തിയിലേക്ക് നയിച്ചു. നന്മയുടെ പ്രകാശവഴികളിലൂടെ സഞ്ചരിച്ചു, സേവനത്തിൻറെ സ്നേഹമുഖവുമായി ജീവിച്ച പരുമല തിരുമേനിയുടെ അത്ഭുതകരമായ ആത്മീയ ജീവിതം പ്രസ്തുത പ്രഭാഷണത്തിൽ ധ്വനിച്ചു. തുടർന്ന് നൽകപ്പെട്ട, ആസ്വാദ്യകരമായ സൗഹൃദവിരുന്നിൽ എല്ലാവരും സംബന്ധിക്കുകയും, കൂട്ടായ്മയുടെയും സ്നേഹത്തിൻറെയും അനുഗ്രഹങ്ങൾ അനുഭവിക്കുകയും ചെയ്തു.

രണ്ടാം ദിവസം, നവംബർ ഒന്നാംതീയതി, മണിനാദത്തോടെ ആരംഭിച്ച പ്രഭാതനമസ്കാരത്തെ തുടർന്ന്, ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ സക്കറിയ മാർ നിക്കോളോവോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വ ത്തിലും, കോർ എപ്പിസ്കോപ്പ പൗലോസ് ആദായി, ചെറിയാൻ മുണ്ടക്കൽ അച്ചൻ, സണ്ണി ജോസഫ് അച്ചൻ എന്നിവരുടെ സഹകാർമ്മികത്വത്തിലും, ശെമ്മാശന്മാരുടെയും ശുശ്രൂഷകരുടെയും സഹകരണത്തിലും വിശുദ്ധ കുർബാന സമർപ്പിതമായി നടത്തി. അതിലൂടെ ദൈവകൃപയുടെ അനുഭവം വിശ്വാസികൾക്ക് പുതുശക്തിയായി. വിശുദ്ധ കുർബനക്കുശേഷം, ദൈവാലയത്തിൻറെ മുന്നിലുള്ള, ബ്രിയാൽ അവന്യുവിൽ, സഭയുടെ പരമ്പരാഗതമായ ''റാസ'' ആത്മീയതയും സാംസ്ക്കാരിക മൂല്യങ്ങളും പ്രദർശിപ്പിക്കുന്ന രീതിയിൽ നടത്തപ്പെട്ടു. പ്രസ്തുത വർണ്ണശബളമായ റാസയിൽ അനേകം സ്ത്രീകളും പുരുഷന്മാരും കുട്ടികളും പങ്കെടുത്തു.

അനന്തരം, ദൈവാലയത്തിൽ നടത്തപ്പെട്ട പൊതുസമ്മേളനത്തിൽ, മാർ ഗ്രിഗോറിയോസ് ഇടവകയുടെ മാതൃകാപരമായ സേവനങ്ങളെക്കുറിച്ച് ഭദ്രാസന മേതാപ്പോലീത്ത വിശദീകരിച്ചു. ദൈവലയത്തിൻറെ സുവർണ്ണ ജുബിലിയോടനുബന്ധിച്ചുള്ള സ്മരണികയുടെ ആദ്യപ്രതി മെത്രാപ്പൊലീത്ത പ്രകാശനം ചെയ്തു. അതിനുശേഷം, ആശീർവാദ പ്രാർത്ഥനയോടും, അനുഗ്രഹപ്രഖ്യാപനത്തോടും കൂടി ആരാധനാചടങ്ങുകൾ സമാപിച്ചു. തുടർന്നു, ഒരുക്കപ്പെട്ട, വിഭവസമൃദ്ധമായ വിരുന്നിൽ എല്ലാവരും പങ്കുചേർന്നതോടെ സുവർണ്ണ ജൂബിലി ആഘോഷം പൂർണ്ണമായി!

ദൈവാലയത്തിൻറെ ജൂബിലി ആഘോഷം ഇടവക കുടുംബത്തിന് ആത്മീയ ശക്തിയും പ്രചോദനവും നൽകി! ദൈവകൃപയുടെ നിറസാനിദ്ധ്യത്തിൽ, അമ്പതുവർഷം ഭക്താധീനമായ അന്തരീക്ഷത്തിൽ പിന്നിടുന്നതിനും, പുതു തലമുറയിൽ ആത്മീയമായ പ്രത്യാശ പടർത്തുന്നതിനും, ആഘോഷത്തിൻറെ രണ്ട് സുന്ദര ദിനങ്ങൾ ഉപകരിച്ചു എന്നു് അഭിമാനത്തോടെയും ആത്മസംതൃപ്തിയോടെയും വിശ്വസിക്കാം!



# കേരളപ്പിറവി ഉൽസവമാക്കി ഹൂസ്റ്റൺ റാന്നി അസ്സോസിയേഷൻ




ജീമോൻ റാന്നി- ജിൻസ് മാത്യു
റിവർസ്റ്റോൺ ടീം

ഹൂസ്റ്റൺ: അമേരിക്കയിലെ മലയാളി കൂട്ടായ്മകളുടെ പതിവ് ആഘോഷങ്ങൾക്ക് വ്യത്യസ്തമായി നാം ജനിച്ചു വളർന്ന കേരളത്തിന്റെ പിറവിയുടെ 69 മത് വാർഷികത്തെ കേരളത്തിന്റെ തനതായ കലകളെയും രുചി വൈഭവങ്ങളെയും കോർത്തിണക്കി ഹൂസ്റ്റൺ റാന്നി അസ്സോസിയേഷൻ (HRA) അവതരിപ്പിച്ച കേരളപ്പിറവി ആഘോഷം 'കേരളോത്സവം' A Journey Though Tradition' വൈവിധ്യമാർന്ന പരിപാടികൾ കൊണ്ട് ശ്രദ്ധേയവും വർണാഭവുമായി.

2009ൽ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച ഹൂസ്റ്റൺ റാന്നി അസ്സോസിയേഷൻ നാളിതു വരെയുള്ള വ്യസ്ത്യസ്തമായ പ്രവർത്തനങ്ങൾകൊണ്ട് അമേരിക്കയിലെ മലയാളി കൂട്ടായ്മകളിൽ മികവുറ്റതായി മാറിക്കഴിഞ്ഞു.




നവംബർ 2 നു ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് മാഗ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ഈ ചടങ്ങിൽ റാന്നി കുടുംബാംഗങ്ങളും സുഹൃത്തുക്കളും ചേർന്ന ഒരു മനോഹര കേരള മേളയായിരുന്നു അരങ്ങേറിയത്. നാട്യ, നൃത്ത, സംഗീത പ്രദർശനങ്ങളിലൂടെ കേരളത്തനിമ നിറഞ്ഞൊരു നയനമനോഹര കാഴ്ചകളൊരുക്കിയ ഒരു കലാമേളയായി അത് മാറി.

എച്ച്.ആർ.എ പ്രസിഡൻറ്




ബിജു സഖറിയയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതു സമ്മേളനം ഡിഡ്ട്രിക്ട് ജഡ്ജ് സുരേന്ദ്രൻ കെ. പട്ടേൽ ഉത്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി വിനോദ് ചെറിയാൻ സ്വാഗതം അറിയിച്ചു. പോലീസ് ക്യാപ്റ്റൻ മനോജ് പൂപ്പാറയിൽ വിശിഷ്ഠാതിഥിയായിരുന്നു

ജഡ്ജ് ജൂലി മാത്യു, മാഗ് പ്രസിഡൻറ് ജോസ് കെ. ജോൺ എന്നിവർ പ്രസംഗിച്ചു. ഉപരക്ഷാധികാരിയും മാധ്യമ പ്രവർത്തകനുമായ ജീമോൻ റാന്നി കേരളപ്പിറവി ദിന സന്ദേശം നൽകി.

വൈസ് പ്രസിഡൻറ് ജിൻസ് മാത്യു റാന്നി വിശിഷ്ടാതിഥികളെ പരിചയപ്പെടുത്തി നിലവിളക്കു കൊളുത്തി ഉത്ഘാടനം ചെയ്യുവാൻ ക്ഷണിച്ചു. ട്രഷറർ ബിനു സഖറിയ കൃതജ്ഞതാ പ്രസംഗം നടത്തി.

HRA യുടെ സ്വന്തം ചെണ്ടമേളം ടീം (ജേക്കബ് കുരുവിള ആൻഡ് ടീം) ഉത്സവത്തിന് കൊഴുപ്പേകി. ഹൂസ്റ്റണിലെ റാന്നിക്കാരായ പ്രമുഖ ഗായകർ ആലപിച്ച കർണാനന്ദകരമായ മധുര മനോഹര ഗാനങ്ങൾ സദസിന്റെ നിറഞ്ഞ കൈയടി നേടി. മെവിൻ ജോൺ, ബിനോയ് തോമസ്, തുടങ്ങിയവർ ഗാനങ്ങ ആലപിച്ചു. ഗായിക മീര സക്കറിയയുടെ പ്രാർത്ഥനാ ഗാനത്തോടെ കലാപരിപാടികൾ ആരംഭിച്ചു.

നൈനിക ഡാനിയൽ, ദിയ ലിസാൻ തേവേർവലിൽ, ആര്യ സാറാ തെവേർവലിൽ എന്നീ കുട്ടികൾ അവതരിപ്പിച്ച നൃത്തങ്ങൾ, കെസിയ രാജുവിന്റെ ശാസ്ത്രീയ നൃത്തം, ദീന അലക്സ് അവതരിപ്പിച്ച മോഹിനിയാട്ടം, റെജി കളത്തിൽ, ശ്രീദേവി അനിൽകുമാർ, സുസൻ ജേക്കബ് എന്നിവർ ചേർന്ന് അവതരിപ്പിച്ച സെമിക്ലാസിക്കൽ നൃത്തം തുടങ്ങിയവ ആഘോഷങ്ങൾക്ക് മറ്റൊരു മുഖം നൽകി.

ബിജു സാക്, ബിനു സാക് & സംഘം അവതരിപ്പിച്ച പുരുഷന്മാരുടെ 'ഒപ്പന' നൃത്തം വേറിട്ടതും ആഘോഷ രാവിന് മിഴിവും നൽകി.

കേരളമന്നൻ, കേരളമങ്ക മൽസരങ്ങൾ പുതുമയാർന്നതും പരിപാടിക്ക് തിളക്കവുമേകി. അനിൽ ജനാർദ്ദനൻ - ശ്രീദേവി അനിൽ കുമാർ ദമ്പതികൾ കേരള മന്നൻ മങ്ക കിരീടം നേടിയപ്പോൾ ബിനു സഖറിയ, സുജ ബിനു ദമ്പതികൾ രണ്ടാം സ്ഥാനം നേടി.

ലതീഷ് കൃഷ്ണൻ, സുജ കോശി, റീന സജു എന്നിവർ ഈ മൽസരത്തിനു വിധികർത്താക്കളായിരുന്നു.

കലാപ്രതിഭകൾക്കുള്ള അവാർഡ് ദാനത്തിന് ജോയിൻറ് സെക്രട്ടറി ബാബു കലീനാ അതിഥികളെ ക്ഷണിച്ചു.

തനി കേരളീയ വിഭവങ്ങളോടുകൂടിയ അത്താഴ സദ്യയോടെ കേരളോത്സവം സമാപിച്ചു. ഉപരക്ഷാധികാരി ജോയ് മണ്ണിൽ, യൂത്ത് കോർഡിനേറ്റർ ജെഫിൻ നൈനാൻ എന്നിവർ കപ്പ പുഴുക്ക്, നാടൻ ചമ്മന്തി, ചക്ക വേവിച്ചത്. കൊഴുക്കട്ട, ഉഴുന്ന് വട തുടങ്ങിയ നാടൻ ഭക്ഷണ വിഭവങ്ങളുടെ കലവറ നിയന്ത്രിച്ചു.

ജോയിന്റ് ട്രഷറർ സ്റ്റീഫൻ ഏബ്രഹാം, സെന്നി ഹൂസ്റ്റൺ (ഹൂസ്റ്റൺ വോയിസ്), എവെലിൻ മാത്യു , സ്നേഹ തോമസ് തുടങ്ങിവയ്വർ വീഡിയോ ഫോട്ടോഗ്രാഫി ടീമിന് നേതൃത്വം നൽകിയപ്പോൾ ബിജു സഖറിയ, ഡില്ലൻ സഖറിയ എന്നിവർ സൗണ്ട്സ് ആൻഡ് എഫക്ട് നിയന്ത്രിച്ചു. കേരത്തിന്റെ പച്ചപ്പ് പ്രമേയമാക്കി ഒരുക്കിയ 'ഫോട്ടോ ബൂത്ത്' ജന ശ്രദ്ധയാകർഷിച്ചു. മറിയാമ്മ ഏബ്രഹാം (ജെസ്സി), റീന സജി, ജിൻസി ജിനി എന്നിവർ റെജിസ്ട്രേഷൻ കൗണ്ടറിന്റെ ചുമതല നിർവഹിച്ചു.

അനിൽ ജനാർദ്ദനൻ, അനില സന്ദീപ് (പ്രോഗ്രാം കോർഡിനേറ്റർ) എന്നിവർ എംസിമാരായി 3 മണിക്കൂർ നീണ്ടുനിന്ന പരിപാടികൾ നിയന്ത്രിച്ചു.

HRA ഭാരവാഹികളായ ബിജു സക്കറിയ, വിനോദ് ചെറിയാൻ, ബിനു സക്കറിയ, ജിൻസ് മാത്യു, ബാബു കലീന, റീന സജി, ജീമോൻ റാന്നി, ജോയ് മണ്ണിൽ, മാത്യൂസ് ചാണ്ടപ്പിള്ള, എബ്രഹാം ജോസഫ് (ജോസ്), സന്ദീപ് തേവർവെലിൽ, സജി ഇലഞ്ഞിക്കൽവി തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പരിപാടിയുടെ വൻ വിജയത്തിനായി പ്രവർത്തിച്ചു.

സന്ദീപ് തേവർവലിൽ മെഗാ സ്പോൺസർ (പെറി ഹോംസ്), രെഞ്ചു രാജ് (വിൻഡ്സർ മോർട്ട്ഗേജ്), മാത്യൂസ് ചാണ്ടപിള്ള, ജീമോൻ റാന്നി, ജൈജു കുരുവിള (TWFG ഇൻഷുറൻസ് ഗ്രൂപ്പ്), സുബിൻ കുമാരൻ (കിയാൻ ഇന്റർനാഷണൽ LLC & കിയാൻ ലോജിസ്റ്റിക്സ് Ltd), ബിജു സക്കറിയ (സാക്ക് ഓഡിയോ ലൈവ് റെക്കോഡിങ് & മിക്സിംഗ്), ബാലു സക്കറിയ (ബാലു സാക് സൂട്ട്) എന്നിവരുടെ സ്പോൺസർഷിപ്പിന്റെയും മറ്റു വെൽ വിഷേഴ്സിന്റെയും സഹായത്തോടെയാണ് ഈ പരിപാടി സംഘടിപ്പിച്ചത്.






STON RANNI ASSOCIATIO
(HRA)


HRA
Estd: 2009
HOUSTON


HOUSTON RANNI ASSOCIATION
(HRA)






HOUSTON RANNI ASSOCIATION

# ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ കേരളദിനാഘോഷം ഗംഭീരമായി



**സുമോദ് തോമസ് നെല്ലിക്കാല**

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കേരളദിനം ഫിലാഡൽഫിയയിൽ ആഘോഷിച്ചു. കേരളത്തിന്റെ പൈതൃകവും ഐക്യവും അനുസ്മരിപ്പിക്കുന്ന ഈ പരിപാടിയിൽ ട്രൈസ്റ്റേറ്റ് പ്രദേശത്തെ മലയാളി സമൂഹിക സാംസ്കാരിക നേതാക്കൾ പങ്കെടുത്തു. മലയാള സിനിമാ നടൻ, നിർമ്മാതാവ്, എഴുത്തുകാരൻ എന്ന നിലകളിൽ പ്രശസ്തനായ തമ്പി ആന്റണി, മലയാള എഴുത്തുകാരനും സിനിമാ സംവിധായകനുമായ സോഹൻലാൽ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു.

വിശിഷ്ട അതിഥികളും സംഘടനാ പ്രതിനിധികളും ചേർന്ന് നിലവിളക്ക് തെളിച്ച് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചതിനെ തുടർന്ന് ഹാളിൽ ദേശാഭിമാനത്തിന്റെ ആവേശം നിറച്ചുകൊണ്ട് അമേരിക്കൻ ദേശീയഗാനം റിവ റോണി വറുഗീസും ഇന്ത്യൻ ദേശീയഗാനം ജേസൺ വറുഗീസും ആലപിച്ചു.

ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ജോയിന്റ് സെക്രട്ടറി സുമോദ് നെല്ലികാല ട്രഷറർ ജോർജ് ഓലിക്കൽ എന്നിവർ യോഗ നടപടികൾ നിയന്ത്രിച്ചു.

കേരളദിനാഘോഷ കമ്മിറ്റി ചെയർമാൻ രാജൻ സാമുവൽ തന്റെ സ്വാഗത പ്രസംഗത്തിൽ ട്രൈസ്റ്റേറ്റ് കേരള ഫോറം മലയാളികളുടെ ഐക്യം നിലനിർത്താനും കേരളത്തിന്റെ സമ്പന്നമായ സംസ്കാരം വിദേശത്ത് പരിപാലിക്കാനുമുള്ള പ്രവർത്തനങ്ങൾ തുടരുമെന്ന് പറഞ്ഞു.

ട്രൈസ്റ്റേറ്റ് കേരള ഫോറം ചെയർമാൻ ബിനു മാത്യു തന്റെ പ്രസിഡൻഷ്യൽ പ്രസംഗത്തിൽ സമൂഹത്തിലെ എല്ലാ മലയാളികളും ഒരുമിച്ച് കേരളത്തിന്റെ ആത്മാവിനെ നിലനിർത്തുന്നതിൽ അഭിമാനം പ്രകടിപ്പിച്ചു.

തമ്പി ആന്റണി മുഖ്യപ്രഭാഷണത്തിൽ കേരളത്തിന്റെ കലാ-സാംസ്കാരിക പൈതൃകം ലോകമെമ്പാടുമുള്ള മലയാളികൾ അഭിമാനത്തോടെ ഉയർത്തിക്കാട്ടേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി. സോഹൻലാൽ, തന്റെ അഭിവാദ്യ പ്രസംഗത്തിൽ യുവതലമുറ കലയും സാഹിത്യവും വഴി തന്റെ



അടിത്തറ തിരിച്ചറിയാൻ പ്രേരിപ്പിക്കണമെന്ന് അഭിപ്രായപ്പെട്ടു.

ജോർജ് നടവയൽ, അലക്സ് തോമസ്, ജോബി ജോർജ്, സുധ കർത്ത, ഫിലിപ്പോസ് ചെറിയാൻ, തോമസ് പോൾ, ജീമോൻ ജോർജ്, സുരേഷ് നായർ, റോണി വർഗീസ്, എന്നിവർ ആശംസ അർപ്പിച്ചു.

പമ്പ അസോസിയേഷൻ, കോട്ടയം അസോസിയേഷൻ, ഫ്രണ്ട്സ് ഓഫ് തിരുവല്ല, ഫ്രണ്ട്സ് ഓഫ് റാന്നി, എന്നീ മലയാളി സംഘടനകളുടെ പ്രെതിനിധികൾ ആശംസകൾ ആശംസകൾ അർപ്പിക്കാൻ എത്തിയിരുന്നു.

ഓണം ചെയർമാൻ അഭിലാഷ് ജോൺ നന്ദിപ്രകാശനം നടത്തി. പിന്നാലെ കേരളത്തിന്റെ സമ്പന്നമായ കലാസാംസ്കാരിക പൈതൃകത്തെ പ്രതിഫലിപ്പിക്കുന്ന മനോഹരമായ ഗാന സന്ധ്യയോടെ ആഘോഷങ്ങൾ സമാപിച്ചു. ജെയ്സൺ വറുഗീസ്, രാജു ജോൺ, സുമോദ് റ്റി നെല്ലിക്കാല എന്നിവർ ഗാനാലാപനം നടത്തുകയുണ്ടായി. സിജിൻ തിരുവല്ല നിശ്ചല ഛായാഗ്രഹണം നിർവഹിച്ചു.

കേരളീയതയുടെ നിറം പകർന്ന ഈ ദിനം, ഫിലാഡൽഫിയ ട്രൈസ്റ്റേറ്റ് ഏരിയയിലെ മലയാളികളുടെ ഐക്യത്തിന്റെയും പൈതൃകബന്ധത്തിന്റെയും സുന്ദര ഉദാഹരണമായി മാറി.









JOSCO TOURS
& TRAVELS
OCTOBER 26 TO NOVEMBER 4, 2025
Best of
BRAZIL &
ARGENTINA
917 817 4115
TOUR DATE: OCT 26-NOV 4, 2025
INCLUDES
Round-trip airfare from New York
2 flights during tour
Accommodations at 4-star hotels
Meals as per itinerary
All entrance and sightseeing fees as per itinerary
And much more
TOUR COST
$4990
PER PERSON/
DOUBLE OCCUPANCY
JOSECO TOURS & TRAVELS
BOOK NOW
JOSE VARUGHESE
Cell: 917-817-4115
FAITH HOLIDAYS
www.faithholidays.com

# കാലിഫോർണിയ ഓറഞ്ച് സിറ്റി സീറോ മലബാർ പള്ളിയിൽ മാർ ജോയ് ആലപ്പാട്ട് കൺവെൻഷൻ കിക്കോഫ് നടത്തി




**ബീനാ വള്ളിക്കളം**

ചിക്കാഗോ : ഇന്ത്യയ്ക്ക് പുറത്ത് സീറോ മലബാർ രൂപതക്ക് ആദ്യമായി ലഭിച്ച ചിക്കാഗോ രൂപതയുടെ രൂപത 25 വർഷം പൂർത്തിയാക്കുന്ന ഈ വേളയിൽ ജൂബിലി ആഘോഷങ്ങളുടെ പരിസമാപ്തിയിൽ നടത്തപ്പെടുന്ന കൺവെൻഷന്റെ കിക്കോഫ് കാലിഫോർണിയ ഓറഞ്ചിൽ ഉള്ള സെന്റ്. തോമസ് സീറോ മലബാർ കാത്തലിക് ഫൊറോന പള്ളിയിൽ നവംബർ 9ന് രൂപതാ അധ്യക്ഷൻ മാർ ജോയ്ആലപ്പാട്ടിന്റെ നേതൃത്വത്തിൽ നടന്നു. ഇടവകയിൽ എത്തിച്ചേർന്ന പിതാവിനെയും ജൂബിലി ചെയർമാൻ ജോസ് ചാമക്കാലയെയും ഇടവക വികാരി ഫാ: ജേക്കബ് ക്രിസ്റ്റിയുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദ്യമായി സ്വീകരിച്ചു. ഫാ: ബാബു പാനാട്ട്പറമ്പിലും തദവസരത്തിൽ സന്നിഹിതനായിരുന്നു. ബിജു ജോർജ്, ജിമ്മി ജോസഫ്, സോണി ബാസ്റ്റ്യൻ, സോളി ആൻറണി, മാത്യു കൊച്ചുപുരയ്ക്കൽ, റോയ്മോൻ വലിയനാൽ എന്നിവർ മനോഹരമായ കിക്കോഫിന് നേതൃത്വം നൽകി. മാർ ജോയ് ആലപ്പാട്ട് തൻറെ സന്ദേശത്തിൽ ഈ കൺവെൻഷന്റെ ആവശ്യകതയെകുറിച്ചു വിശദീകരിച്ചു. വിശ്വാസവും, അറിവും, സൗഹൃദങ്ങളും പങ്കുവയ്ക്കുവാനുള്ള അനുഗ്രഹീതമായ ഒരു വേദിയായി ഈ കൺവെൻഷനെ കാണണമെന്നും യുവജനങ്ങളെ പ്രത്യേകം ഇതിലേക്ക് കൊണ്ടുവരണമെന്നും പിതാവ് ആഹ്വാനം ചെയ്തു.ജോസ് ചാമക്കാല രജിസ്ട്രേഷൻ , സ്പോൺസർഷിപ്പ് , കൺവെൻഷൻ പരിപാടികൾ എന്നിവ വിശദീകരിച്ചു. രൂപതയുടെ പ്രഥമ ഇടയൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലി കൂടി ഇതോടൊപ്പം ആഘോഷിക്കുകയാണ്.




2026 ജൂലൈ 9 മുതൽ 12 വരെ അതിമനോഹരമായ ചിക്കാഗോ


നഗരത്തിൽ ആഘോഷപൂർവ്വമായി നടക്കുന്ന ഈ കൺവെൻഷന്റെ വേദി നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന അതിപ്രശസ്തമായ മക്കോർമിക് പ്ലേസും അതോട് ചേർന്ന മൂന്ന് ഹോട്ടലുകളും ആണ്. കൺവെൻഷൻ ടീം രൂപതയിലെ ഇടവകകളിൽ സന്ദർശനം നടത്തി രജിസ്ട്രേഷന്റെയും മറ്റു പരിപാടികളുടെയും വിശദമായ രൂപരേഖകൾ അവതരിപ്പിച്ചു വരുന്നു. നേരിട്ടുള്ള ഈ സന്ദർശനങ്ങളും ആശയവിനിമയവും വളരെ സ്വാഗതാർഹമാണെന്ന് ഇടവക വികാരിമാരും കൺവെൻഷൻ പ്രതിനിധികളും പറയുകയുണ്ടായി. വിശ്വാസ സംരക്ഷണത്തിനും, ആശയവിനിമയത്തിനും, സൗഹൃദ കൂട്ടായ്മകൾക്കുംഉതകുന്ന വിധത്തിൽ കൺവെൻഷൻ ക്രമീകരിക്കുവാൻ ഏവരും ഒറ്റക്കെട്ടായി പരിശ്രമിച്ചു വരുന്നു. ദിവസേനയുള്ള ദിവ്യബലി, ആരാധന എന്നിവയോടൊപ്പം, വൈവിധ്യമാർന്ന വിഷയാവതരണങ്ങളും, സംഘടനാ കൂട്ടായ്മകളും, കലാപരിപാടികളും, മത്സരങ്ങളും ഉണ്ടായിരിക്കുന്നതാണ്. യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേക ട്രാക്കുകളിൽ ആയിട്ടാണ് പരിപാടികൾ ഒരുക്കുന്നത്. അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളുടെ അതിബൃഹത്തായ ഈ ആത്മീയ സാംസ്കാരിക സംഗമത്തിൽ പങ്കാളികളാവാൻ ഏവരെയും കൺവെൻഷൻ ടീം ക്ഷണിക്കുന്നു. ഓറഞ്ച് സിറ്റി പള്ളിയിലെ അച്ചന്റെയും , ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. 30–ലേറെ രജിസ്ട്രേഷനുകൾ ഇടവകാംഗങ്ങൾ കൺവെൻഷൻ ടീമിന് കൈമാറി. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroconvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.























the cotillion
Outstanding Chinese cuisine
Our Asian Fusion restaurant is known for its modern classic dishes
Authentic Indian food rich in flavor and taste
Conveniently located on Jericho Turnpike
Excellent service and friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is guaranteed to be a great dine experience
The Cotillion has sophisticated and inviting atmosphere

# സീറോ മലബാർ കൺവെൻഷൻ കിക്കോഫ് സാക്രമെന്റോയിൽ വിജയകരമായി നടന്നു

**ബീനാ വള്ളിക്കളം**

2026 ജൂലൈ 9 മുതൽ 12 വരെ ചിക്കാഗോയിൽ വെച്ച് നടത്തപ്പെടുന്ന സീറോ മലബാർ രജത ജൂബിലി കൺവെൻഷന്റെ കിക്കോഫ് സാക്രമെന്റോയിലെ ഇൻഫന്റ് ജീസസ് സീറോ മലബാർ പള്ളിയിൽ നവംബർ 9ന് ഫാ: ജോൺസൺ കോവൂർ പുത്തൻപുരക്കൽ നിർവഹിച്ചു. കൺവെൻഷന്റെ ഭാഗമായി നടത്തുന്ന ഇടവക സന്ദർശനത്തിനായി എത്തിച്ചേർന്ന ഫാദർ ജോൺസനെയും ജോണി വടക്കുംചേരിയെയും വികാരി ഫാ: ജിബി ജെയിംസ് പൊങ്ങമ്പാറയും ഇടവകയിലെ കൺവെൻഷൻ പ്രതിനിധികളും, ഇടവകാംഗങ്ങളും സ്നേഹപൂർവ്വം സ്വീകരിച്ചു.രൂപതയിലെ എല്ലാ പള്ളികളിലെയും കൺവെൻഷൻ പ്രതിനിധികളോട് ചേർന്ന് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുവാനുള്ള സംവിധാനത്തിന്റെ ഭാഗമായി എല്ലാ ഇടവകകളും സന്ദർശിക്കുവാൻ ശ്രമിക്കുന്നതായി കൺവെൻഷൻ ടീം അറിയിച്ചു. വിവരങ്ങൾ പങ്കുവയ്ക്കുക വഴി കൺവെൻഷൻ രജിസ്ട്രേഷൻ എളുപ്പമാവുകയും കൂടുതൽ വിശ്വാസികളെ ഈ മഹാ കൂട്ടായ്മയിൽ പങ്കു ചേർക്കാൻ കഴിയുകയും ചെയ്യുമെന്ന് ടീം വിശ്വസിക്കുന്നു.രൂപത ചാൻസലർ ഫാ: ജോൺസനും,ഫെസിലിറ്റി ചെയർമാൻജോണിയും രജിസ്ട്രേഷൻ, കൺവെൻഷൻ വേദി, സ്പോൺസർഷിപ്പ് അവസരങ്ങൾ,യുവജനങ്ങൾക്കും മുതിർന്നവർക്കും ആയുള്ള പരിപാടികൾ എന്നിങ്ങനെ കൺവെൻഷന്റെ വിവിധ വശങ്ങളെ കുറിച്ച്






വിശദീകരിച്ചു. ഇടവക വികാരിയുംഇടവകയിലെകൺവെൻഷൻ പ്രതിനിധികളായ സിജിൽ പാലക്കലോടി, ഹോർമിസ് മുരിക്കൻ,റോയ് സേവ്യർ, ജോയിച്ചൻ ചുക്കാനാണിയിൽ, ടോം പഴനിലം എന്നിവർ കിക്കോഫിന് നേതൃത്വം നൽകി.കൺവെൻഷന്റെ വിജയത്തിനായി ഇടവകയുടെ പരിപൂർണ്ണ പിന്തുണ വികാരിയച്ചൻ ഉറപ്പുനൽകി.




2026 ജൂലൈ 9 മുതൽ 12 വരെ ഷിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവെൻഷൻ സെന്ററിലാണ് (ഒര ഇീൃാശരസ ജഹമരല) സിറോ മലബാർ കൺവെൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ ആദ്യ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകജൂബിലിയും കൊണ്ടാടുന്നു. അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളെ ഒന്നിച്ച് ചേർക്കുന്ന ഈ സംഗമം, ഏവർക്കും ഒന്നിച്ചു ചേരാനും, ആശയങ്ങൾ പങ്കുവയ്ക്കുവാനും, തലമുറകൾ തമ്മിലുള്ള അന്തരം കുറയ്ക്കുവാനും, ഭാവിയിലെ സഭയെ സുരക്ഷിതമാക്കുവാനും , ഉള്ള ഒരു അവസരം ആയിരിക്കും. ഈ കൺവെൻഷനിൽ ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വിദഗ്ധർ നയിക്കുന്ന ക്ലാസുകളും, ബിസിനസ് മീറ്റുകളും വിവിധ സംഘടനകളുടെ കൂട്ടായ്മകളും. നാളിതുവരെ ഇടവകയെ നയിച്ചവർക്കുള്ള ആദരവും, വൈവിധ്യമാർന്ന കലാപരിപാടികളും, മത്സരങ്ങളും ഒരുക്കിയിരിക്കുന്നു. യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേക ട്രാക്കുകളിൽ ആയിട്ടാണ് പരിപാടികൾ ഒരുക്കുന്നത്.




ഈ മഹത്തായ ആത്മീയ, സാംസ്കാരിക സംഗമത്തിൽ പങ്കെടുക്കുവാൻ രൂപതാ അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് എല്ലാ വിശ്വാസികളെയും ഈ ക്ഷണിക്കുന്നു.




സാക്രമെന്റോയിലെ ഇടവകാംഗങ്ങളുടെ വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. 20-ൽപരം രജിസ്ട്രേഷനുകൾ ഇടവകാംഗങ്ങൾ കൺവെൻഷൻ ടീമിന് കൈമാറി.

കൺവെൻഷന്റെ കൂടുതൽ വിവരങ്ങൾ അറിയുവാനും, രജിസ്ട്രേഷൻ നടത്തുവാനും www.syroconvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി




**മേരി തോമസ്**

ന്യൂയോർക്ക്: കോട്ടയം ജില്ല കുഴിമറ്റം തെക്കേമട്ടം വീട്ടിൽ മേരി തോമസ് (മേരിക്കുട്ടി, 79) നവംബർ 12-ന് ന്യൂയോർക്കിൽ സ്റ്റാറ്റൻ ഐലൻഡിൽ അന്തരിച്ചു. ഉമ്മൻ പി. തോമസിന്റെ ഭാര്യയാണ് പരേത.മകൻ: ജെയ്സൺ ഉമ്മൻ. മരുമകൾ: ടീന ഉമ്മൻ. കൊച്ചുമക്കൾ: ക്രിസ്റ്റഫർ ഉമ്മൻ, സോഫിയ ഉമ്മൻ.

**ലൂക്കാ വർക്കി**

കുമ്മണ്ണൂർ:എയർ ഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ ഇടക്കര (കലേക്കാട്ടിൽ) ലൂക്കാ വർക്കി (മണി-76) അന്തരിച്ചു. ഭാര്യ: തൃശൂർ എലവത്തിങ്കൽ കൊച്ചുത്രേസ്യ. (റിട്ട. ഹെഡ് നഴ്സ് ജിപ്മർ). മകൻ: ജോർജ് ലൂക്ക പാംഗാർഡൻസ് (കുമ്മണ്ണൂർ). മരുമകൾ: മരിയറ്റ് ജോർജ് കുമരംകോട്ട് (ഭരണങ്ങാനം).



**രാജൻ മേനോൻ**

ന്യൂജേഴ്സി: ന്യൂയോർ ക്ക് സിറ്റിയിൽ കംഫർട്ട് ട്രാവൽസ്, മുഗൾ പാലസ് റെസ്റ്റോറന്റ് എന്നിവ നടത്തിയിരുന്ന രാജൻ മേനോൻ ന്യൂജേഴ്സിയിൽ അന്തരിച്ചു. ഭാര്യ സാറ പി. മേനോൻ മകൾ സിമ്മി, ഭർത്താവ് റോഡ്നി. മകൻ സന്തോഷ്, ഭാര്യ സയ് ജൽ, കൊച്ചുമക്കൾ: ഗാവിൻ, സാജൻ, സനയ.

**മാത്യു ഏബ്രഹാം**

അരീക്കര:കോഴാംപ്ലാക്കിൽ (വെട്ടിക്കൽ) മാത്യു ഏബ്രഹാം (84) അന്തരിച്ചു. ഭാര്യ: മേരി പടിക്കമ്യാലിൽ (മാറിടം). മക്കൾ: റെജിമോൻ മാത്യു, സ്റ്റനിമോൻ മാത്യു, ഷീജ ജോബ്, ഷീന റോയി (മൂവരും ഷിക്കാഗോ). മരുമക്കൾ: എലിസബത്ത്, ആശ മാമ്പുഴക്കൽ പയ്യാവൂർ, ജോബ് മാക്കീൽ, റോയി (നാലുപേരും ഷിക്കാഗോ).



**മേരിക്കുട്ടി ജോസഫ്**

ന്യൂജേഴ്സി: മേരിക്കുട്ടി ജോസഫ് കുന്നത്ത് (89) ന്യൂജേഴ്സിയിൽ അന്തരിച്ചു. സോമർസെറ്റ് സെന്റ് തോമസ് സീറോ മലബാർ ഫൊറോന ചർച്ച് ഇടവകാംഗമായ പരേത ചങ്ങനാശേരി വാഴപ്പള്ളി പുന്നശേരി കുടുംബാംഗമാണ്. മക്കൾ: സിറിയക് കുന്നത്ത് (ന്യൂജേഴ്സി), തോമസ് കുന്നത്ത് (യു.കെ), പരേതനായ ജോസി കുന്നത്ത്, സാന്റോ (ബംഗളൂരു), സജി കുന്നത്ത് (ന്യൂജേഴ്സി), ബോബി കുന്നത്ത് (ന്യൂജേഴ്സി). മരുമക്കൾ: ആലീസ് സിറിയക്, എൽസി തോമസ്, മോളി ജോസി, ലീനാ ആന്റോ, സ്മിതാ സജി, ചുട്ടി ബോബി.

**മറിയാമ്മ ചെറിയാൻ**

പാമ്പാടി : പരേതനായ വി.എം.ചെറിയാന്റെ ഭാര്യ മറിയാമ്മ (89) അന്തരിച്ചു.



**ശോശാമ്മ തോമസ്**

ഡാളസ്/പുല്ലാട് :മാടോളിൽ ശോശാമ്മ തോമസ് ('അമ്മിണി' 90) നവംബർ 7 വെള്ളിയാഴ്ച കേരളത്തി ൽ അന്തരിച്ചു. മാരാമൺ ഇടത്തുമണ്ണിൽ കുടുംബാംഗമാണ്,ഡാളസ് കാരോൾട്ടൻ മാർത്തോമാ ഇടവകാംഗമാണ് ഭർത്താവ് : കെ.ടി. തോമസ്(പാപ്പച്ചായൻ).മക്കൾ : സജി തോമസ്, സ്റ്റെർലിംഗ് തോമസ്. മരുമക്കൾ ജിജി തോമസ്, ലിജി തോമസ്. സഹോദരങ്ങൾ:ഡാളസിലെ ജെയിംസ് മേപ്പുറത്തു,അലക്സ് എം അലക്സാണ്ടർ ഡാ ലസ് മാർത്തോമാ ചർച്ചിൽ വൈസ് പ്രസിഡന്റ്, സേവി കാസംഗം വൈസ് പ്രസിഡന്റ്, മേഖല കൗൺസിൽ അംഗം, അമേരിക്കയിൽ നിന്നുള്ള ആദ്യ വനിതാ മണ്ഡലംഗംഎന്നീ നിലകളിൽ പ്രവർത്തിച്ചു.




**അന്നമ്മ ചാണ്ടി**

ചിക്കാഗോ: ഏറ്റുമാനൂർ കറത്തേടത്ത് പരേതനായ ചാണ്ടിയുടെ (കുട്ടപ്പൻ) ഭാര്യ അന്നമ്മ ചാണ്ടി (79) അന്തരിച്ചു. പരേത താമരക്കാട് മുളയിങ്കൽ കുടുംബാംഗമാണ്. മക്കൾ: അലക്സ് കറത്തേടത്ത്, ബെന്നി കറത്തേടത്ത്, ബിജു കറത്തേടത്ത് (ചിക്കാഗോ), ബിനി കുഞ്ഞമ്മാട്ടിൽ. മരുമക്കൾ: പ്രഭ ഓണശ്ശേരിൽ, ഷിൻസി തൊട്ടിയിൽ, സിമി തോട്ടപ്പുറം, ബെന്നി കുഞ്ഞമ്മാട്ടിൽ.

**മേരി ഔസേപ്പ്**

കുടമാളൂർ:ചക്കാലയിൽ പരേതനായ സി.ജെ.ജോസഫിന്റെ ഭാര്യ മേരി ഔസേപ്പ് (പെണ്ണമ്മ,85) അന്തരിച്ചു. മക്കൾ: അച്ചൻകുഞ്ഞ്, മോളി, മോനച്ചൻ ജോസഫ്, ലീലാമ്മ, സന്തോഷ്. മരുമക്കൾ: ഗ്രേസി, സണ്ണി ,സുമോൾ, ബിജു, സോണിയ.



**ഡോ.ശ്യാമളൻ**

കോഴിക്കോട്: ഹോളിവുഡ് സംവിധായകൻ മനോജ് നൈറ്റ് ശ്യാമളന്റെ പിതാവ് നെല്ലിയാട്ട് കുറുന്താടത്ത് ഡോ.ശ്യാമളൻ (88)യുഎസിൽ അന്തരിച്ചു. ഭാര്യ: ഡോ. ജയലക്ഷ്മി. വീണ ലോഫ്റ്റസ് ആണു മകൾ. സഹോദരങ്ങൾ: വേണുഗോപാൽ, ദയ, പരേതരായ ഗംഗാധരൻ, സദാനന്ദൻ, രവീന്ദ്രൻ. മാഹിയിൽ ജനിച്ചു.ലാബ്രഡൺ കോളേജ് (മെട്രിക്കുലേഷൻ), തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നിവിടങ്ങളിൽ പഠനം. 1962ൽ പോണ്ടിച്ചേരി മെഡിക്കൽ കോളേജിൽ നിന്ന് ബിരുദം നേടി. യു.എസ്.എയിൽ ഉപരി പഠനവും പരിശീലനവും തുടർന്ന് വൈദ്യ ശാസ്ത്രത്തിൽ ഡോക്ടറേറ്റ്.. അമേരിക്കയിലെ വൈദ്യശാസ്ത്ര രംഗത്തെ വിശിഷ്ടസേവനത്തിനു ശേഷം വിരമിച്ചു.



**ഏലിയാമ്മ**

ചിക്കാഗോ: ഞീഴൂർ പുറമറ്റത്തിൽ പരേതനായ ജോസഫിന്റെ ഭാര്യ ഏലിയാമ്മ (78) അന്തരിച്ചു. അരീക്കര തോട്ടിക്കാട്ട് കുടുംബാംഗമാണ്. മക്കൾ: ബെറ്റി & ജോയി പുള്ളോർക്കുന്നേൽ ചിക്കാഗോ, ബീന & സുനിൽ ഇടുക്കുതറയിൽ കൈപ്പുഴ, ടോമി ജോസഫ്. സഹോദരങ്ങൾ: മറിയക്കുട്ടി തേക്കുംകാട്ടിൽ (ബൈസൺവാലി), പരേതനായ ലൂക്കാ തൊട്ടിക്കാട്ട്, പരേതനായ തോമസ്, ഫിലിപ്പ് (പുതുവേലി)സ അച്ചാമ്മ മറ്റത്തിക്കുന്നേൽ (കല്ലറ), ജോസഫ് (തമ്പി) ചിക്കാഗോ.

**കെ.കെ.ഉതുപ്പ്**

കാനം:മംഗലപ്പള്ളിയിലായ കുമ്മൻകുളത്ത് കെ.കെ.ഉതുപ്പ് (കുഞ്ഞ്92) അന്തരിച്ചു. ഭാര്യ: കോത്തല പാടത്തു മാപ്പിള തറക്കുന്നേൽ ശോശാമ്മ. മക്കൾ: ബിജു (സൗദി), റോയ്, സജി.



**നൈത്തി ജോൺ**

ചിക്കാഗോ: ഉഴവൂർ പടിഞ്ഞാറേൽ പി.എം. ജോൺ സാറിന്റെ ഭാര്യ നൈത്തി ജോൺ (90) അന്തരിച്ചു. പരേത ചാമക്കാല ഇടവക മണലേൽ കുടുംബാംഗമാണ്. ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കാത്തലിക് ഇടവകാംഗങ്ങളായ പടിഞ്ഞാറേൽ റെജിയുടേയും, സജിയുടേയും മാതാവാണ്.മക്കൾ: റെജി പടിഞ്ഞാറേൽ (ചിക്കാഗോ), സജി പടിഞ്ഞാറേൽ (ചിക്കാഗോ), ആൽമാസ് കൊച്ചുപറമ്പിൽ, ആനീസ് സാജു (ചിക്കാഗോ). മരുമക്കൾ: ജീനാ റെജി വരാപ്പുഴ, സിനി മാത്തിൽ പറമ്പിൽ, സൈമൺ കൊച്ചുപറമ്പിൽ, സാജു.

**ഓമന രാജു**

തിരുവല്ല:ഇടശ്ശേരിൽ ഓമന രാജു (70) അന്തരിച്ചു. ഭർത്താവ്: രാജു ഇടശ്ശേരിൽ. മകൻ: കെവിൻ മാത്യു. മരുമകൾ: അനു കെവിൻ.




**കുഞ്ഞൂഞ്ഞമ്മ**

കല്ലറ: മഠത്തിപ്പറമ്പിൽ കെ.റ്റി കുഞ്ഞൂഞ്ഞമ്മ (86) അന്തരിച്ചു.മക്കൾ: ആശാ ജോജോ, രേഖാ തോമസ്. മരുമക്കൾ: ജോജോ എബ്രഹാം ചെറുകാട്ട്പറമ്പിൽ, തോമസ് എ മാക്കിൽ. കൊച്ചുമക്കൾ: ഗ്രാസിലാരിയ ജോജോ,എബ്രഹാം പിയോ ജോജോ. ബ്രയാൻ തോമസ് മാക്കിൽ, അന്ന തോമസ് മാക്കിൽ.

**ജോൺ മാത്യു**

ചെങ്ങളം:ആമ്പക്കുഴിയിൽ ജോൺ മാത്യു അന്തരിച്ചു. ഭാര്യ: മേരി മാത്യു വെള്ളൂർ ചിരട്ടേപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ജോൺ, സിസി മാത്യു. മരുമക്കൾ: ജേക്കബ് ജോർജ് പന്തനാലിൽ കങ്ങഴ (റിട്ട. അധ്യാപകൻ എംഡി സെമിനാരി ഹയർ സെക്കൻഡറി സ്കൂൾ കോട്ടയം), ജ്യോതി ജോൺ കൂടത്തുമുറിയിൽ വെണ്ണിക്കുളം.



**കെ.റ്റി ജോസ്**

കുറുമുള്ളൂർ: കുറ്റിക്കാട്ടിൽ കെ.റ്റി ജോസ് (70) അന്തരിച്ചു..ഭാര്യ: മേരി ജോസ് ഉഴവൂർ മുളവനാൽ (കല്യാനിക്കാട്ട്) കുടുംബാംഗമാണ്. മക്കൾ: ജോമി, അനു (സുമി), ജോസ്മി. മരുമക്കൾ: ജോസ് പുളിയംപറമ്പിൽ വെള്ളൂർ, എബി പുല്ലാനപ്പള്ളി എസ് എച്ച് മൗണ്ട്, തോമസ് നെടുവേലിൽ ചേർപ്പുങ്കൽ. കൊച്ചുമക്കൾ: ആൽബിൻ, ആൻസൽ, അഡ്രിയൻ, എഫ്രായിം, നിമാ, ഫിയോണ.

**സൈമൺ ജോസഫ്**

കോട്ടയം:യൂണിയൻക്ലബ് റോഡ് കൊച്ചേട്ട്മതിലകത്ത് സൈമൺ ജോസഫ് അന്തരിച്ചു.ഭാര്യ: പെരുമ്പള്ളിൽ പീച്ചനാട്ട് ഹെലനി സൈമൺ.

**ജോൺ മത്തായി**

നെടുങ്ങാടപ്പള്ളിത്താഴത്തുപറമ്പിൽ ജോൺ മത്തായി അന്തരിച്ചു. ഭാര്യ: പരേതയായ സാറാമ്മ മാത്യു.


THE ONE AND ONLY
daily news
BULLETIN
For North American Malayalees!
pravasi CHANNEL HD
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch
Pravasi Channel
LIVE 24 Hrs
www.pravasichannel.com
or Watch Anytime via 'VOD' Video on Demand
by downloading MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News